# ഗുരുനാഥൻ.

പുസ്തകം 9 | 1105 മിഥുനം | ലക്കം 11

## * വിദ്യാഭ്യാസം അന്നും ഇന്നും.

പ്രൊഫസ്സർ കെ. എസ്സ്. ശ്രീകണ്ഠൻ എം. എ., എഫ്. ആർ. ഇ. എസ്സ്

ഒരു രാജ്യത്തിലെ മൂലധനം കടലാസ്സുകൊണ്ടോ ലോഹം കൊണ്ടോ ഉള്ള അവിടത്തെ നാണയത്തിലല്ല, അവിടെ അധിവസിക്കുന്ന ജനങ്ങളുടെ തലച്ചോറിലും ശരീരത്തിലുമാണ് അടങ്ങിയിരിക്കുന്നത് എന്നാണ് മി. ഫിഷർ അഭിപ്രായപ്പെട്ടിട്ടുള്ളത്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത എത്രയും മഹത്തായിരിക്കുന്നതുകൊണ്ട് അതിന്റെ തത്വത്തിലും പ്രയോഗത്തിലും അല്പം വർദ്ധനയുണ്ടാകാത്ത ദിവസം കഴിഞ്ഞുപോകാറുണ്ടെന്നു തോന്നുന്നില്ല. ഒരു മനുഷ്യന് ആത്മാവ് എന്നപോലെ സമുദായത്തിന് വിദ്യാഭ്യാസവും അത്ര പ്രധാനമായിട്ടുള്ളതാണ്. എന്നാൽ ഇൻഡ്യയിലെപ്പോലെ ലോകത്തിൽ വേറെയെങ്ങും ഈ വിഷയം ഉടനടി പ്രാധാന്യമർഹിക്കുന്ന ഒന്നായിത്തീർന്നിട്ടില്ല. അവളുടെ സാമ്പത്തികനിലയെ ചക്കും യന്ത്രവും പിന്നോട്ടും മുന്നോട്ടും കൊണ്ടുപോകുന്ന ഒരു കാലത്ത്–ൻഡ്യയുടെ രാഷ്ട്രീയമായ ഭാവി എത്രയും അപകടസ്ഥിതിയിലിരിക്കുന്ന ഒരു കാലത്ത്–അവളുടെ സാമുദായികസംഘടനയുടെ അസ്ഥിവാരം വളരെ ക്ഷോഭിച്ചിരിക്കുന്ന ഒരു കാലത്ത്–വിദ്യാഭ്യാസത്തിന്റെ പ്രാധാന്യതയെപ്പറ്റി പറയേണ്ട ആവശ്യമില്ലല്ലോ. ഇൻഡ്യ രാഷ്ട്രീയമായ അവളുടെ പ്രാപ്യസ്ഥാനത്ത് എത്തിക്കഴിഞ്ഞിട്ടില്ലെങ്കിൽ അതിനു കാരണം വിദ്യാഭ്യാസാഭിവൃദ്ധി രാഷ്ട്രീയാദർശങ്ങളോടൊപ്പം എത്തിയിട്ടില്ലെന്നുള്ളതാണ്. ശ്രേഷ്ഠമായ ആദർശങ്ങൾ ഉണ്ടായിരുന്നാൽ മാത്രം പോര, ഒരു പ്രവർത്തനപദ്ധതിയും ആവശ്യമാകുന്നു.

മഹാപണ്ഡിതന്മാരുടേയും സമുദായപ്രവർത്തകന്മാരുടേയും പരിശ്രമഫലമായി കഴിഞ്ഞ അര ശതാബ്ദത്തിനിടയിൽ ഇൻഡ്യയിൽ വളരെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ ഉണ്ടാ

* ഇൻഡ്യൻ എഡ്യൂക്കേറ്റർ എന്ന മാസികയിൽനിന്നും എടുത്തത്.

യിട്ടും, വിദ്യാഭ്യാസപ്രചരണത്തിനായുള്ള വാദപ്രതിവാദങ്ങൾ നടത്തീട്ടും വിദ്യാഭ്യാസവിഷയം ഒരു വലിയ വിഷയമായിട്ടുതന്നെ തുടൎന്നുകൊണ്ടുപോകുന്നു എന്നുള്ളതു് വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ആകെയുള്ള ജനസംഖ്യയിൽ ഒരു ന്യൂനഭാഗം മാത്രമെ വിദ്യാഭ്യാസം ലഭിച്ചവരായിട്ടുള്ളൂ. ഇൻഡ്യയിലെ വിദ്യാഭ്യാസാഭിവൃദ്ധിയെ ഇതരരാജ്യങ്ങളിലേതുമായി താരതമ്യപ്പെടുത്തുമ്പോഴാണ് അതു് ഏററവും ശോചനീയമാണെന്നു കാണുന്നതു്. അതു് നമ്മുടെ വിദ്യാഭ്യാസനയത്തെപ്പററിയുള്ള ഒരു അനഭിലഷണീയമായ വിമൎശനമാണ്. ഇന്നു് നമുക്കു ലഭിക്കുന്ന വിദ്യാഭ്യാസംതന്നെ നമുക്കു വേണ്ടതല്ല. നാം നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഫലമായി ധാരാളം ബിരുദധാരികളെ കാണുന്നു. ഇന്നു് വിദ്യാഭ്യാസം വെറും വാണിജ്യപരമായിത്തീൎന്നിരിക്കുന്നു. വ്യവസായശാലകളിലെ ഉല്പന്നങ്ങൾക്കു് ഐകരൂപ്യമുള്ളതുപോലെ നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒരേ പതിപ്പിലെ പുസ്തകങ്ങൾപോലെയുള്ള ബിരുദധാരികളെ സൃഷ്ടിക്കുന്നു. നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസനയത്തിന്റെ പരിണാമമായി നാം കണ്ടതും കാണുന്നതുമായ ഏകഫലം തൊഴിലില്ലായ്മയാണ്. വിദ്യാഭ്യാസം ലഭിച്ച തൊഴിലില്ലാത്തവരുടെ ദയനീയാവസ്ഥ എല്ലാ പിതാക്കൾക്കും അറിയാവുന്നതാണല്ലൊ. ഇതെല്ലാം നമുക്കു് സുപരിചിതമായിരിക്കുന്നു എങ്കിലും പിന്നെയും വല്ല ഗുണവും ലഭിക്കുമെന്നുള്ള ഹൃദയപൂൎവ്വമായ വിശ്വാസത്തോടുകൂടി കുട്ടികളെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അയച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഒരു പേർഷ്യാക്കാരൻ തന്റെ വിദ്യാഭ്യാസം വാക്കുകൾകൊണ്ടു ആരംഭിച്ചു എന്നും, വാക്കുകൾകൊണ്ടു് അവസാനിച്ചു എന്നും, തന്റെ നാട്ടിൽ തിരിച്ചെത്തിയപ്പോൾ ജനങ്ങൾക്കു നൾകുവാനായി കൈവശം ഒന്നുമുണ്ടായിരുന്നില്ലെന്നും ഹെൻറിഫോർഡിനോടു് പറയുകയുണ്ടായി. നമ്മുടെ വിദ്യാൎത്ഥികളുടെ സ്ഥിതിയും ഇതുതന്നെയാണ്. ഈ ബിരുദധാരികൾ ഒരു ലേഖനശബ്ദനിയന്ത്രത്തിനു ചെയ്വാൻ പാടില്ലാത്ത ഒന്നും ചെയ്യുന്നില്ലെന്നും ഒരു ശബ്ദലേഖനിയന്ത്രത്തേക്കാൾ അവരുടെ ചിലവിനു് കൂടുതൽ ധനം വേണ്ടിവരുന്നു എന്നും ഹെൻറിഫോർഡ് പറയുന്നു. ഹെൻറിഫോർഡിന്റെ ഈ പരീക്ഷണഫലങ്ങൾ ഇൻഡ്യയിലെ ഇന്നത്തെ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം യഥാൎത്ഥമായിരിക്കുന്നു.

ഇൻഡ്യയുടെ ചരിത്രം മററുരാജ്യചരിത്രങ്ങളെപ്പോലെ അഭിവൃദ്ധിയുടെ ചരിത്രമല്ല, അധഃപതനചരിത്രമാണ്. അവളുടെ രാഷ്ട്രീയചരിത്രം, നല്ല നിയമനം സിദ്ധിച്ചിരുന്ന വൎഗ്ഗീയജനാധിപത്യഭരണസമ്പ്രദായങ്ങളിൽ നിന്നും സുസംഘടിതമായ ഉദ്യോഗസ്ഥഭരണമേധാവിത്വത്തിലേക്കുള്ള ഒരു പരിവൎത്തനചരിത്രമാകുന്നു. അവളുടെ സാമ്പത്തികചരിത്രം പരിപൂൎണ്ണമായ സാമ്പത്തികസ്വാതന്ത്ര്യത്തിൽനിന്നും സാമ്പത്തികദാസ്യനി

ലയിലേക്കുള്ള പരിവർത്തനചരിത്രമാകുന്നു. അവളുടെ സമുദായം ഐകമത്യമുണ്ടായിരുന്ന ഒരു ഘട്ടത്തിൽനിന്നും ഭിന്നിപ്പുള്ള ഒരു ദശയിലേക്കു മാറിയിരിക്കുന്നു. വിദ്യാഭ്യാസചരിത്രവും ഇപ്രകാരം തന്നെ. നളന്ദ, വിക്രമശില മുതലായ ഗുരുകുലസർവ്വകലാശാലകളിൽനിന്നു്, കൂടുതൽ ബിരുദധാരികളെ സൃഷ്ടിക്കുന്ന വിഷയത്തിൽ മത്സരിക്കുന്ന വ്യവസായസമ്പ്രദായത്തിലുള്ള സർവ്വകലാശാലകളിലേക്ക് ഒരു മാററം ഇന്നു കാണുന്നു. വിദ്യാഭ്യാസം വെളിച്ചം നൽകുന്നുഎന്ന് പലപ്പോഴും പറയാറുണ്ട്. എന്നാൽ വിദ്യാഭ്യാസത്തിനുശേഷം വെളിച്ചത്തിനുപകരം കൂടുതൽ അന്ധകാരമാണ് നമുക്കു അനുഭവപ്പെടുന്നതു്.

നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം ഇങ്ങനെയുള്ള ആക്ഷേപത്തിനു പാത്രീഭവിച്ചതെന്തുകൊണ്ട്?. നമ്മുടെ വിദ്യാഭ്യാസോദ്ദേശങ്ങളും, വിദ്യാഭ്യാസരീതികളുമാണെന്നാണ് അതിനുള്ള ഉത്തരം. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരിൽ തന്നെ ഇൻഡ്യയിൽ വളരെ കുറച്ചുപേർക്കുപോലും അതു് എന്തെന്ന് അറിഞ്ഞുകൂട. അതു് അത്ഭുതാവഹമാണെങ്കിലും പരമാർത്ഥം തന്നെ. നമ്മുടെ പത്രപംക്തികളിലും പ്രസംഗമണ്ഡപങ്ങളിലും പണ്ഡിതന്മാർ അക്ഷരജ്ഞാനം, സംസ്കാരം, വിദ്യാഭ്യാസം എന്നീ പദങ്ങൾ ഒരുപോലെ ഉപയോഗിക്കുന്നതു് പലപ്പോഴും കാണാറുണ്ട്. ഇൻഡ്യയിലെ വിദ്യാഭ്യാസം സിദ്ധിച്ചവരുടെ സംഖ്യ നിർണ്ണയിക്കുന്നതിൽ ഒപ്പിടുവാൻ അറിയാത്തവരെ കൂടി ഉൾപ്പെടുത്താറുണ്ട്. ചിലർ വിദ്യാഭ്യാസം ഉപദേശമാണെന്നു ധരിച്ചിട്ടുണ്ട്. വാസ്തവത്തിൽ ഉപദേശം അക്ഷരജ്ഞാനത്തിലേക്കും, അക്ഷരജ്ഞാനം വിദ്യാഭ്യാസത്തിലേക്കും, വിദ്യാഭ്യാസം സംസ്കാരത്തിലേക്കും നയിക്കുന്നു. ഒട്ടുവളരെപ്പേർ വിദ്യാഭ്യാസം എന്നു പറയുന്നതു് പുസ്തകപഠനം മാത്രമായിട്ടും വിചാരിക്കാറുണ്ട്. കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുപകരം പുസ്തകങ്ങൾക്കു പ്രാബല്യം നൽകുന്നതുകൊണ്ടു മാത്രം അവരുടെ സർഗ്ഗബുദ്ധിയെ നശിപ്പിച്ചു മനസ്സിനെ ദുർബ്ബലപ്പെടുത്തുന്നു. പുസ്തകങ്ങളും അദ്ധ്യാപകന്മാരും എല്ലാആശയങ്ങളേയും കുട്ടികളിൽ ബലാൽക്കാരേണ കടത്തുവാൻ ശ്രമിക്കുന്നു. തന്നിമിത്തം കുട്ടികൾ എന്തെങ്കിലും ദ്രാവകം ഒഴിക്കാവുന്ന ഒഴിഞ്ഞ കുപ്പികളായിത്തീരുന്നു. തുണിക്കഷണങ്ങൾ എത്രതന്നെ ഉണ്ടായിരുന്നാലും അവ നമ്മുടെ വസ്ത്രധാരണം നിർവ്വഹിക്കാത്തതുപോലെ പുസ്തകങ്ങൾ വായിച്ചതുകൊണ്ടു മാത്രം, അവ എത്ര വലുതായിരുന്നാലും, വിദ്യാഭ്യാസം സിദ്ധിക്കുന്നതല്ല.

ഇന്നു വിദ്യാഭ്യാസത്തിൻെറ ഉദ്ദേശം ഉദ്യോഗസമ്പാദനമാണ്. വിദ്യാഭ്യാസം ലഭിച്ചവർ സമുദായത്തിൽ ക്രമവിരുദ്ധമായ സ്ഥാനം വഹിക്കുന്നു. അവർ ധനതത്വശാസ്ത്രത്തിലെ അർത്ഥത്തിൽ പറയുമ്പോൾ ഉല്പാദകന്മാരല്ല. അവരിൽ മിക്കവരും മററുള്ളവരെ ആശ്രയിക്കുന്നവരാണ്.

അതുകൊണ്ട് അവർ ന്യായമായ വ്യയശീലരും അല്ല. അവർ സമുദായത്തിലെ ഇത്തിക്കണ്ണികളായിത്തീരുന്നു. ജോലിക്കുള്ള ആശ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനംവരെ നശിപ്പിക്കുകയാണു ചെയ്യുന്നത്.

നമ്മുടെ സ്ഥാപനങ്ങൾ എല്ലാം കൂട്ടമായിട്ടുള്ള ഉല്പാദനതത്വത്തിന്മേലാണല്ലൊ പ്രവർത്തിക്കുന്നത്. കലാശാലകളും പാഠശാലകളും വ്യവസായശാലകളേപ്പോലെ തന്നെ യാന്ത്രികമായിരിക്കുന്നു. ഒഴിവുദിവസത്തിനുള്ള ആഗ്രഹം അദ്ധ്യയനത്തിനുള്ള ആഗ്രഹത്തേക്കാൾ വലുതാണ്. ഇതു് സ്കൂൾജോലി സന്തോഷമല്ലെന്ന് സ്പഷ്ടമായി കാണിക്കുന്നു. സന്തോഷത്തിനായി അയാൾക്ക് ഒരു അനദ്ധ്യായദിവസം ആവശ്യപ്പെടുന്നു. വിദ്യാഭ്യാസം യഥാർത്ഥത്തിൽ സംസ്കാരപ്രതിപത്തിയെ വളർത്തുന്നു എങ്കിൽ, ജോലിയുള്ള ദിവസങ്ങളേക്കാൾ ജോലിയില്ലാത്ത ദിവസങ്ങൾ കുട്ടികൾക്കു സുഖപ്രദമെന്നു തോന്നുവാനുള്ള കാരണമെന്ത്?. താഴ്ന്ന ക്ലാസ്സുമുതൽ ഉയർന്ന ക്ലാസ്സുവരെ ഒഴിവുദിവസത്തിനുള്ള ആഗ്രഹം ഒരുപോലെതന്നെയാണ്. ചിലപ്പോൾ അപ്രതീക്ഷിതമായ ഒരു ഒഴിവുദിവസം അനുവദിച്ചില്ലെങ്കിൽ വിദ്യാർത്ഥിക്കു വലിയ നിരാശയായി. ഇതിന്റെ എല്ലാം രഹസ്യം വിദ്യാർത്ഥി കലാശാലയിൽ ചേരുന്നതു പഠനത്തിലുള്ള പ്രതിപത്തികൊണ്ടല്ല, ഒരു ജോലിയിൽ പ്രവേശിക്കുവാനുള്ള ആഗ്രഹം കൊണ്ടാണ് എന്നുള്ളതാണ്. ബിരുദ് അതിനുള്ള പാസ്പോർട്ട് നൽകുന്നു എന്ന് അയാൾ വിശ്വസിക്കുന്നു. വ്യവസായശാലകളെപ്പോലെ കലാശാലകളും കൂടുതൽ അപേക്ഷകന്മാരെ ലഭിക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുവാൻ ശ്രമിക്കുന്നു.

നാം ക്രമവിരുദ്ധമായ ഒരു വളർച്ചാപദ്ധതിയാണു കാണുന്നത്. മുസൽമാന്മാരും മുഗളരും ഇൻഡ്യ ഭരിക്കുന്നതിൽ പരാജിതരായതു് മുകളിൽനിന്നും താഴോട്ടുള്ള പ്രകൃതിവിരുദ്ധമായ പദ്ധതിയുണ്ടായിരുന്നതുകൊണ്ടാണെന്നു പലപ്പോഴും പറയാറുണ്ട്. നമ്മുടെ വിദ്യാഭ്യാസപദ്ധതിയും ഇതിൽനിന്നും അധികം വ്യത്യസ്ഥമല്ല. ഈയിടെയായി നമ്മുടെ ശ്രദ്ധ മുഴുവനും കേന്ദ്രീകരിച്ചിട്ടുള്ളതു് സർവ്വകലാശാലവിദ്യാഭ്യാസത്തിലാണ്, പ്രാഥമികവിദ്യാഭ്യാസത്തിലല്ല. ഇന്നു നമുക്കു ലഭിക്കുന്ന അല്പമായ പ്രാഥമികവിദ്യാഭ്യാസവും വലിയ ആക്ഷേപങ്ങൾക്കു പാത്രീഭവിച്ചിരിക്കയാണ്. ഇന്നും വിദ്യാലയങ്ങളില്ലാത്ത അനവധി ഗ്രാമങ്ങളുണ്ട്. മിയ്ക്ക പ്രാഥമികപാഠശാലകളിലും ഒരു അദ്ധ്യാപകനെയുള്ളു. അയാൾക്ക് അൻപതു വയസ്സിനപ്പുറം പ്രായം കാണും. ശമ്പളം തുച്ഛമായതുകൊണ്ട് അർദ്ധപട്ടിണിയും അർദ്ധനഗ്നതയും വന്നുകൂടുന്നു. പഴയ കുപ്പായത്തോടും അതുപോലെ പഴയ ആശയങ്ങളോടും കൂടിയ ഈ മനുഷ്യനാണ് കുട്ടികളുടെ മുമ്പിൽ ഗൗരവമേറിയ ആ ഘട്ടത്തിൽ പ്രത്യക്ഷപ്പെടുന്നത്. തനിക്കിഷ്ടംപോ

ലെ രൂപീകരിക്കാവുന്ന ചെളിയാണ് ഈ കുട്ടികൾ എന്നു അയാൾ വിചാരിക്കുന്നു. സ്പഷ്ടമായിപ്പറയുകയാണെങ്കിൽ ഓരോ പ്രാഥമികാധ്യാപകനും അയാളിലുള്ള ബാല്യത്വം നഷ്ടപ്പെട്ടിരിക്കയാണ്. അതുകൊണ്ട് ദേശത്തിന്റെ ഭാവിനിർമ്മാതാക്കളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് അവർ അയോഗ്യരാണ്. കുട്ടികൾ കുട്ടികളാണെന്നു വിചാരിക്കുവാൻ നമ്മുടെ വിദ്യാഭ്യാസപദ്ധതി വിസമ്മതിക്കുന്നു. അവർ പ്രായമായവരേപ്പോലെ പെരുമാറുന്നതിൽ പരാജിതരാകുന്നതുകൊണ്ടും, കുട്ടികളെപ്പോലെ പെരുമാറുന്നതിനുള്ള ഊർജ്ജസ്വലതയുള്ളതുകൊണ്ടും അവരെ ശിക്ഷിക്കുന്നു. വൃദ്ധന്മാരുടെ പഴയ ആശയങ്ങൾ ചെറിയ കുട്ടികളുടെ ഇളയ തലച്ചോറിൽ കുത്തിക്കയററുന്നു. ഫലം നിശ്ചയവുമാണല്ലൊ. ഇളയ തലച്ചോറിനെ പരിശീലനം ലഭിക്കാത്ത വൃദ്ധന്മാരായ അദ്ധ്യാപകന്മാരുടെ കാരുണ്യത്തിനു ബലികഴിക്കുന്നതുപോലെയുള്ള ഒരു മഹാപാതകം വേറെയില്ല. മനുഷ്യർ പക്ഷിമൃഗാദികളെപ്പോലെ ഉണർച്ച്യുള്ള മനസ്സോടുകൂടിയാണ് ജനിക്കുന്നതെന്നും, അതുകൊണ്ട് പുറമെനിന്നും അതിനെതടഞ്ഞുകൂടെന്നും നാം മനസ്സിലാക്കുമ്പോൾ മാത്രമെ പ്രാഥമികവിദ്യാഭ്യാസം വിജയകരമായിപ്പരിണമിക്കയുള്ളു.

സർവ്വകലാശാലകളിൽ വിദ്യാർത്ഥികളുടേയും പ്രാസംഗികന്മാരുടേയും ഇടയിൽ അറിയാതെതന്നെ ഒരു പ്രയത്നവിഭജനം ഉണ്ടായിട്ടുള്ളതുപോലെ തോന്നുന്നു. പരീക്ഷകൊണ്ട് പരിശോധിക്കുന്നതു വിദ്യാർത്ഥികളുടെ ചിന്താസാമർത്ഥ്യത്തെയല്ല, വായനാസാമർത്ഥ്യത്തെയാണ്. ക്ലാസ്സുമുറി ഒരു യഥാർത്ഥകാരാഗൃഹമാണ്. മണിയടിക്കുന്ന ശബ്ദം കേൾക്കുവാനുള്ള കുട്ടികളുടെ ഉൽക്കണ്ഠ അവരും അതു അറിയുന്നുണ്ടെന്നു കാണിക്കുന്നുണ്ട്. ഇന്നത്തെ സർവ്വകലാശാലാവിദ്യാഭ്യാസത്തിന്റെ മിക്ക ആക്ഷേപങ്ങളും പരീക്ഷയിൽനിന്നും ഉണ്ടായിട്ടുള്ളതാണ്. ഓരോ കൊല്ലത്തിന്റെ അവസാനത്തിലും ഭയങ്കരമായ വിചാരണ ഉണ്ടാകുന്നു. അപ്പോൾ അനീതി നടക്കുന്നു. എന്തുകൊണ്ടെന്നാൽ കഠിനമായി ജോലിചെയ്യുന്ന കുട്ടികൾക്ക് അവിചാരിതസംഭവത്താലൊ രോഗംകൊണ്ടൊ സമ്മാനം ലഭിക്കാതെ പോകുന്നു. ഇന്ന് പരീക്ഷ ബുദ്ധിജന്യമായ ഒരു ഡ്രില്ലായിത്തീർന്നിട്ടുണ്ട്. അതു അസാന്മാർഗ്ഗികമായിത്തീരുന്നു. അധ്യാപകനും അധ്യേതാവും തമ്മിലുള്ള ബന്ധം മാർക്ക് ആണ്, സ്നേഹമല്ല. അതു തെററായ ഒരു വിധിയുണ്ടാക്കുന്നു. പരീക്ഷയിൽ ജയിക്കുന്ന ആളെ തോററവനേക്കാൾ കേമനായി വിചാരിക്കുന്നു. കുട്ടിയുടെ യഥാർത്ഥമായ ബുദ്ധിശക്തിയെ പരിഗണിക്കുന്നില്ല. ഈ പരീക്ഷകളുടെ ഫലമായി ഒരു കുട്ടി കുറച്ചെ വായിക്കുന്നുള്ളു എന്നു പറഞ്ഞാൽ അതു വാസ്തവവിരുദ്ധമായി തോന്നിയേക്കാം. കുട്ടികളുടെ വായന കുറക്കുന്ന പ്രാസംഗികനെ നല്ലവനായി വിചാ

രിക്കുന്നു. പുസ്തകങ്ങൾ വായിക്കുവാൻ പറയാതെ തന്റെ നോട്ടു വായിച്ചാൽ മതി എന്നുപറയുന്ന പ്രാസംഗികനെ, കുട്ടികൾ കൂട്ടത്തിൽ വായിക്കണമെന്ന് ഇച്ഛിക്കുന്ന പ്രാസംഗികനെക്കാൾ സ്നേഹിക്കുന്നു. "പ്രധാനഭാഗം" ഇന്ന് നമുക്ക് എല്ലാവർക്കും സുപരിചിതമാണല്ലൊ. എല്ലാ പ്രാസംഗികന്മാരും ഈ ആശയം കുട്ടികളിൽ കടത്തിവിടുന്നു. ഈ പ്രധാഭാഗം പുസ്തകത്തിന്റെ ആറിലൊന്നൊ എട്ടിലൊന്നൊ മാത്രമെ ആയിത്തീരുകയുള്ളൂ. പലപ്പോഴും പുസ്തകത്തിൽ കുട്ടികൾ വായിക്കേണ്ട വശവും ഖണ്ഡികയും പ്രാസംഗികന്മാർ ചൂണ്ടിക്കാണിക്കാറുണ്ട്. അങ്ങനെയാണെങ്കിൽ കുട്ടികൾ എന്തിനാണ് പുസ്തകം മുഴുവനും വായിക്കുന്നതു്?. സർവ്വകലാശാലാവിദ്യാഭ്യാസംകൊണ്ടു ലഭിക്കുന്ന സ്വഭാവവളർച്ചയിലും നമുക്ക് അഭിമാനിക്കാനൊന്നുമില്ല. അതു് ഒരു അഹങ്കാരത്തെ ഉണ്ടാക്കുന്നു. വയസ്സായ മാതാപിതാക്കന്മാർക്ക്, വിദ്യാഭ്യാസം ലഭിച്ച തൊഴിലില്ലാത്ത പുത്രന്മാരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ എന്തു പ്രയാസമുണ്ടെന്നറിയാമല്ലൊ.

ഇത്തരത്തിലുള്ള ഇന്നത്തെ വിദ്യാഭ്യാസപദ്ധതിയിൽ നിന്നും നമുക്ക് ആശ്വാസത്തോടുകൂടി പുരാതനഭാരതത്തിലെ വിദ്യാഭ്യാസസമ്പ്രദായത്തിലേയ്ക്കു തിരിക്കാം. ഹാരപ്പയിലേയും മോഹൻജെദാറൊയിലേയും ഈയിടെ നടന്ന ഭൂഗർഭപരിശോധനകൾ ഇൻഡ്യയിലെ പരിഷ്കാരത്തെ കലിയുഗത്തിനു അനേകായിരം വർഷങ്ങൾ മുമ്പോട്ടു കൊണ്ടുപോകുന്നു. പണ്ട്, ബാബിലോണിയ, സിറിയ, ഇൻഡ്യ, ചൈന എന്നീ രാജ്യങ്ങൾ പരിഷ്കാരത്തിന്റെ ഉത്തരംഗങ്ങളായിരുന്നു. എന്നാൽ ഇവയിൽ ഇൻഡ്യയിലെപരിഷ്കാരമൊഴിച്ച് ബാക്കിയെല്ലാം ചരിത്രവിഷയം മാത്രമാകുന്നു. രാഷ്ട്രീയമായ അപകടങ്ങളേയും സൈനീകാക്രമണങ്ങളേയും ജയിച്ച് ഇന്നും സജീവമായിരിക്കുവാനിടയായതു് ഭാരതീയപരിഷ്കാരത്തിന്റെ ഭാഗ്യമാണ്. ഇവിടെ നടപ്പിലിരുന്ന വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ശ്രേഷ്ഠതകൊണ്ടാണ് ഇന്നും ഭാരതീയപരിഷ്കാരം നശിക്കാതിരിക്കുന്നതു്. പുരാതനഭാരതത്തിൽ വിദ്യാഭ്യാസം മനുഷ്യന്റെ ജീവിതത്തിലെ ഒരു ഭാഗമായിരുന്നില്ല; അതു് അയാളുടെ മുഴുവൻജീവിതമായിരുന്നു. അതു് കുട്ടി ഗർഭപാത്രത്തിൽ സ്ഥിതിചെയ്തിരുന്ന കാലത്തുതന്നെ ആരംഭിക്കുകയും ചെയ്തിരുന്നു. മാതാവ് ഗർഭിണിയായിരിക്കുന്ന മാസങ്ങളിൽ ചീത്തഭക്ഷണം കഴിക്കരുതെന്ന് പറയുന്നു. എന്തുകൊണ്ടെന്നാൽ അതു് ജനിക്കുന്ന കുട്ടിയുടെ സ്വഭാവത്തെ ബാധിക്കുന്നതാണ്. കുട്ടി ജനിച്ചുകഴിഞ്ഞ ഉടനെ വളർത്തമ്മയെ ഏൾപ്പിക്കാറില്ല. കുട്ടി കുടിക്കുന്ന മുലപ്പാലോടുകൂടി അമ്മയുടെ ജ്ഞാനത്തേയും സ്വഭാവത്തേയും കരസ്ഥമാക്കുന്നു. അഞ്ചുവയസ്സു തികയുന്നതുവരെ മാതാപിതാക്കന്മാരുടെ കീഴിൽ ഗൃഹവിദ്യാഭ്യാസം കുട്ടിക്കു സിദ്ധിക്കുന്നു. അതി

നുശേഷം പള്ളിക്കൂടത്തിൽ അയക്കുന്നു.

ഇന്നത്തെ സ്ഥാപനങ്ങളെപ്പോലെയുള്ള വിദ്യാലയങ്ങൾ പുരാതനഭാരതത്തിൽ ഉണ്ടായിരുന്നില്ല. ഓരോ ബ്രാഹ്മണന്റെയും ഗൃഹം ഒരു വിദ്യാലയമായിരുന്നു. ഓരോ ആശ്രമവും ഒരു കലാശാലയായിരുന്നു. ഈ ആശ്രമങ്ങളുടെ ബാഹ്യാവസ്ഥകൾ ആധുനികന്മാൎക്ക് ദാരിദ്ര്യത്തെയാണ് ദ്യോതിപ്പിക്കുന്നത്. നേരെമറിച്ചുള്ളതായിരുന്നു പൌരാണികഭാരതീയ വിദ്യാഭ്യാസാദൎശം. ആധുനികവിദ്യാഭ്യാസസ്ഥാപനത്തിൽ ചിലവാക്കുന്നതുപോലെ പണം ചിലവാക്കിയിരുന്നില്ല. ലഘുജീവിതം ഒരു പ്രധാനകാൎയ്യമായി പരിഗണിച്ചിരുന്നു. കുട്ടികൾ ഗുരുക്കന്മാരുടെ ഗൃഹങ്ങളിലാണ് താമസിച്ചിരുന്നത്. ഈ ഗുരുക്കന്മാരിൽ പലവിധക്കാരുണ്ടായിരുന്നു. പലപ്പോഴും ഗുരുനാഥന്മാർ കുട്ടികൾക്കുവേണ്ടി സൌജന്യമായിട്ടാണ് ജോലി ചെയ്തിരുന്നത്. ഗുരുക്കന്മാർ എന്തെങ്കിലും പ്രതിഫലം ഇച്ഛിച്ചിരുന്നെങ്കിൽ അതു സേവനവും അനുസരണവുമായിരുന്നു. ഗുരുക്കന്മാരുടെ കീഴിൽ വിദ്യാഭ്യാസം കഴിഞ്ഞു് കുട്ടികൾ സൎവ്വകലാശാലയിൽ പ്രവേശിക്കും. അന്നു് അനവധി സൎവ്വകലാശാലകൾ ഉണ്ടായിരുന്നു. അവയിൽ ഏററവും പ്രധാനപ്പെട്ടവ നളന്ദ, തക്ഷശില, വിക്രമശില, കാശി, ഉജ്ജയിനി ഇവ ആയിരുന്നു. ഓരോ സൎവ്വകലാശാലക്കും പ്രത്യേകസംസ്കാരമുണ്ടായിരുന്നു. ഒന്നു് മറെറാന്നിന്റെ അനുകരണമായിരുന്നില്ല. എല്ലാവൎക്കും സൎവ്വകലാശാലയിൽ പ്രവേശനവും ലഭിച്ചിരുന്നില്ല. പ്രവേശനം ആവശ്യപ്പെടുന്നവൎക്കു് പ്രവേശനാനൽകാൻ അധികാരമുള്ള പണ്ഡിതന്റെ ചോദ്യങ്ങൾക്കു തൃപ്തികരമായ ഉത്തരം നൽകേണ്ടിയിരുന്നു. എന്നാൽ സൎവ്വകലാശാലകളുടെ ഗോപുരകവാടങ്ങൾ കുബേരന്മാൎക്കു കനകത്താക്കോലുകൊണ്ടു തുറക്കപ്പെടാവുന്നവയായിരുന്നില്ല. ഇന്നു് സൎവ്വകലാശാലാവിദ്യാഭ്യാസത്തിനു ധനത്തിന്റെ ആവശ്യം പ്രതിബന്ധമായിരിക്കുന്നതുപോലെ, പൌരാണികഭാരതത്തിൽ യോഗ്യതക്കുറവാണ് കുട്ടിയെ സൎവ്വകലാശാലയിൽ പ്രവേശിപ്പിക്കുവാൻ തടസ്സപ്പെടുത്തിയിരുന്നതു്. വിദ്യാഭ്യാസം പൂൎത്തിയാക്കിയതിനു ശേഷം പണ്ഡിതന്മാർ സംസ്കാരത്തെ പ്രചരിപ്പിച്ചുകൊണ്ടു നടന്നു. ഇപ്രകാരം ജനങ്ങളുടെ ഇടയിൽ വിദ്യാലയങ്ങളും സൎവ്വകലാശാലകളും മുഖാന്തിരം മാത്രമല്ല വിദ്യാഭ്യാസം പ്രചരിച്ചിരുന്നതു്. ശ്രമണന്മാർ, പരിവ്രാജകന്മാർ, സന്യാസിമാർ മുതലായ സഞ്ചാരികൾ നിമിത്തവും പ്രചരിച്ചിരുന്നു.

പുരാതനഭാരതത്തിലെ സ്ത്രീകളുടെ നിലയേയും, അവരുടെ വിദ്യാഭ്യാസത്തേയും പററിയും ഒരു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. ഇന്നു് ഇൻഡ്യയുടെ നില അസമാധാനപരമായ ഒന്നാകുന്നു. സ്ത്രീകളുടെ അസമാധാനത്തിനുള്ള യഥാൎത്ഥകാരണം അവൎക്കു് അവരുടെ തൊഴിൽ നഷ്ടമാകുന്നതാണ്. സ്ത്രീയുടെ സ്ഥാനം ഗൃഹമാണെന്നു പറയുന്നതു് വാസ്ത

വംതന്നെ; എന്നാൽ ഗൃഹങ്ങൾ അപ്രത്യക്ഷപ്പെടുകയാണ് ചെയ്യുന്നതു്. ഭർത്താവു് കൂടുതൽ ജോലിക്കാരനായിരിക്കുന്നു. ഭാര്യക്കു് ധാരാളം സമയം വ്യയംചെയ്യുവാൻ ലഭിക്കുന്നു. അതുകൊണ്ടാണ് ഇന്നു സ്ത്രീകൾ ലഹള ക്കൊരുങ്ങിയിരിക്കുന്നതു്. പുരാതനഭാരതത്തിൽ ഇങ്ങനെയായിരുന്നില്ല. സമുദായത്തിൽ സ്ത്രീക്കു് ബഹുമാന്യമായ ഒരു സ്ഥാനമുണ്ടായിരുന്നു. അവരുടെ ചമതല ഗൃഹത്തിലാണു്. അവരുടെ ജോലി ഭർത്താവിന്റെ ജോലിയെ പൂർണ്ണമാക്കുകയായിരിക്കും. മത്സരിക്കുകയായിരുന്നില്ല. അവക്കു് ഗാർഹസ്ഥ്യശാസ്ത്രപരിശീലനം സിദ്ധിച്ചിരുന്നു. അവരുടെ സമയം പ്രിയപ്പെട്ട കുഞ്ഞുങ്ങളുമായി കഴിച്ചിരുന്നു. അവർ ഗൃഹത്തിലെ സൌഹാർദ്ദത്തേയും ഐകമത്യത്തേയും സംരക്ഷിച്ചിരുന്നു. ഒരിക്കലും പുരുഷാവകാശങ്ങളെ സംഭരിച്ചിട്ടുള്ള കോട്ട കള്ളപ്പീരങ്കികൊണ്ടു തകർക്കുവാൻ ശ്രമിച്ചിരുന്നില്ല. അവരുടെ സാമർത്ഥ്യവും ആവശ്യങ്ങളും അനുസരിച്ചുള്ള വിദ്യാഭ്യാസമാണു് അവക്കു ലഭിച്ചിരുന്നതു്.

ഇതായിരുന്നു പുരാതനഭാരതത്തിലെ വിദ്യാഭ്യാസസമ്പ്രദായം. ഇൻഡ്യയുടെ രക്ഷ സ്ഥിതിചെയ്യുന്നതു്, ഭൂതകാലത്തിൽനിന്നും മാറിപ്പോകുന്നതിലല്ല, ഭൂതകാലത്തിലേക്കു തന്നെ മടങ്ങിപ്പോകുന്നതിലാണു്.

## കൈരളീവിലാപം. *

(കിളിപ്പാട്ട്)

(വിദ്വാൻ എ. ഡി. ഹരിശർമ്മാ.)

"അമ്മയെമറക്കായ്വിൻ, നമ്മയെമറക്കായ്വിൻ
പൊന്നുമക്കളേ! നിങ്ങളമ്മയെമറക്കായ്വിൻ"
കേൾക്കവേ, ക്കെക്കൊമ്പിൽ ദുസ്സഹദുഃഖം വന്നു
ഹീക്കുമാറേററം ദയനീയമാം സ്വരത്തോടെ
കാതരനേത്രങ്ങളാൽ നമ്മളെ നോക്കിക്കൊണ്ടു
സോദരന്മാരേ! കേൾപ്പിൻ, കൈരളി വിലപിപ്പൂ.
"എന്തുഞാൻചെയ്തിട്ടുണ്ടു? സന്തതംഹൃത്തിൽതിങ്ങും
സന്താപമാരോട്ടഞാനിത്തവ്വിലുണർത്തണ്ടു?
എന്നുടെ ശ്രേയസ്സിനായ് ശ്രമിക്കാൻകടപ്പെട്ട

* തിരുവനന്തപുരം സാഹിത്യപരിഷത്തിൽ വായിച്ചതു്

പൊന്നുമക്കളേ! നിങ്ങളീവിധമൗദാസീന്യം
കൈക്കൊണ്ടുവാണീടുകിൽ കഷ്ടമെ! യിവൎക്കെന്തൊ-
രുൽഗതി? മററുള്ളവരിവളെ മാനിക്കുമോ?

ഓമനത്താരാട്ടുകൾ പാടിയും ഭംഗിതിങ്ങും
കോമളപദങ്ങളാലാടിയും കൊണ്ടാടിയും
സാരവത്താകും പച്ചഗാഥകൾ ഗാനം ചെയ്തും
ഭൂരിമോദമായ് പ്രേമസന്ദേശം പരത്തിയും
നെഞ്ചകം കുളൃപ്പാക്കുമഞ്ചിതമാകും കിളി-
ക്കൊഞ്ചലിൽ മാധുൎയ്യത്തെസ്സശ്രദ്ധമാസ്വാദിച്ചും
മുളച്ചോരാനന്ദത്താൽ പുളച്ചുതുള്ളിക്കൊണ്ടും
കളിച്ചും ചിരിച്ചും ഞാൻ കഴിച്ചേൻ പലകാലം
ഖിന്നന്മുടിചൂടും മന്നന്മിവളെയ-
ന്നന്നതസ്നേഹത്തോടുലാളിച്ചാർ ദിവാനിശം.
കലത്തിൽ കഞ്ഞിവെച്ചു കഴിക്കുമെൻ മക്കളും
തലച്ചോർ നിരന്തരമിളക്കിബ് ഭക്തിപൂൎവ്വം
എനിക്കായ് ക്കാഴ്ചവെയ്പാൻ പണിപ്പെട്ടുണ്ടാക്കുന്ന
തനിത്തുമരന്ദത്തെപ്പൊഴിക്കും സ്തോത്രങ്ങളെ
ചന്തമോടന്നു പാടും തമ്പുരാൻ; അതുകേട്ടു
ഹന്ത! ഞാൻ പലപ്പോഴും കോൾമയിർക്കൊണ്ടേനല്ലോ,
അന്നു ഞാൻ കേരളത്തിലാളുന്ന മഹാറാണി,
മന്നരുമെൻദൗത്യത്തെ വഹിപ്പാൻ സന്നദ്ധന്മാർ,
എന്നുടെ പഴഞ്ചൊല്ലു മക്കൾക്കു വേദവാക്യം,
എന്നും മദാരാധനമവൎക്കു സ്തുത്യം കൃത്യം.
എങ്ങിനെ ലഭിപ്പു ഞാനങ്ങിനെയുള്ള മോദം?
ഇങ്ങിനി വരാതമട്ടക്കാലം പൊയ്പ്പോയല്ലോ.
തിങ്ങുമുൾത്താപത്താൽ ഞാനിന്നെന്തു പറഞ്ഞുപോയ്
"ഇങ്ങിനി വരാതമട്ടെ"ന്നോഹാ ശാന്തം പാപം!!
കേരളത്തിലെന്നല്ലദ്ദൂരെയും പ്രസിദ്ധമാം
പേരുററധീര, രെന്നിൽ ക്കൂറെഴും "കുമാര"ന്മാർ
ശുദ്ധ "ചണ്ഡാലഭിക്ഷു" തന്നിലും മെത്തും ഭാവ-
ശുദ്ധിയെക്കാണിക്കുന്ന സാധുവാം ചിത്തത്തോടെ
"വീണ"തെന്നാലും നല്ലവാസനയുള്ള "പൂവി"ൻ
ശ്രേണിയാൽ സ"കരുണ"മിവളെയൎപ്പിച്ചതും;
"കൎമ്മഭൂമിതൻപിഞ്ചുകാ"ലിനെത്തലോടുന്ന

നിർമ്മലപ്രഭപൂണ്ടകമ്രമാം കരങ്ങളാൽ
സാനന്ദം പൂർവ്വമനാസ്വാദിതമാധുര്യമാം
തേനാലും നവ്യമഞ്ജു "മഞ്ജരീ"കങ്ങളെ
പൂതഭാവത്തോടെന്റെ മൗലിയിൽ ചാർത്തി നിത്യം
"മാതാ"വാമെന്നെ പിന്നും സാദരം "വന്ദി"പ്പതും;
തള്ളിക്കേറുന്ന മാതൃഭക്തിതൻ കല്ലോലത്തിൽ
തുള്ളുന്ന ഹൃദയത്തിൻ മധുര "സംഗീത"ത്താൽ
മോഹനമാകും പല "ഗാഥ"കൾ പാടിക്കൊണ്ടും
മിഹപോലെൻ നന്മയ്ക്കായ് "നേർച്ച" കൾ നേർന്നുകൊണ്ടും
ദീപ്രമാം തേജസ്സുള്ള "കിരണാവലി"കളെ
സ്സപ്രേമം തൂവീടുന്ന തരുണകരങ്ങളാൽ
"പ്രാർത്ഥനാഞ്ജലി"കളെപ്പൊത്തുമർപ്പിച്ചുകൊണ്ടും
മാതൃശ്രദ്ധയോടെന്നെ നിത്യവും പൂജിച്ചതും;
തെററുപററാതെയെന്നെപ്പോററുവാൻ ചിലരൊക്കെ
ചുററുമുത്സാഹിപ്പതും മററും ഞാൻ സ്മരിക്കുന്നേൻ
എങ്കിലും ദയനീയമാകുമെൻ നിലയോർത്തു
സങ്കടം സഹിയാഞ്ഞു പറഞ്ഞുപോകയാണിവൾ.
കേട്ടാലുമെന്റെ ദുരവസ്ഥക, ളൊട്ടുമെല്ലാം
ചുററുമെൻ പ്രിയപ്പെട്ട മക്കളോടായിട്ടിപ്പോൾ
ഉണ്ടെനിക്കൊരു ജ്യേഷ്ഠസോദരി, തമിഴ് ക്കാരി
രണ്ടാളുമൊരമ്മ പെററുണ്ടായ മക്കൾ ഞങ്ങൾ
എങ്കിലുമിന്നു ഞങ്ങൾ തമ്മിലുള്ളന്തരത്തെ
ക്കാങ്കിലെന്തത്യത്ഭുതം! സ്വാന്തം മേ തകരുന്നു!!
ധന്യയാമെൻ സോദരിക്കെന്തെല്ലാമൈശ്വര്യങ്ങ-
ളിന്നു കൈവന്നിരിപ്പൂ മക്കൾ തന്നുത്സാഹത്താൽ:-
ഭാഗിയായ് പാരിലെങ്ങും പൂങ്കതിർ വീശീടുന്ന
തുംഗമാം തേജസ്സന്തും മംഗളരത്നങ്ങളും,
കമ്രമാം കാന്തികൊണ്ടു കാണ്മാരെ മയക്കുന്നോ-
രമ്മഹാർഹങ്ങളാകും നന്മുക്താഫലങ്ങളും,
മററുള്ള നാനാവിധഭൂഷണജാലങ്ങളു
മററമററുൾക്കൊള്ളുന്ന തദീയഭണ്ഡാഗാരം
ഭംഗമെന്നിയെ മിന്നിത്തിളങ്ങും വിഭൂഷക-
ളംഗങ്ങൾ തോറുമാത്തകൗതുകമണിഞ്ഞെന്നും
അച്ഛന്നമധുരാം ഭാവത്തോടത്യുജ്ജ്വല-

സ്വച്ഛന്ദവേഷത്തെപ്പൂണ്ടും പാട്ടുകൾ പാടിക്കൊണ്ടും
സോല്ലാസം സഞ്ചരിക്കുമമ്മധുമൊഴിയാളെ-
കല്യയാമെൻസോദരിതന്നെ— ആർകൊതിക്കാത്തു?
മാന്യരാം വിദ്വാന്മാരുമവളെമാനിക്കുന്നു;
മന്നാളും വെള്ളക്കാരും തൽപദം കൊണ്ടാടുന്നു.
പൊല്ലപ്പൊള്ളും തദീയമാം താദൃശസൗഭാഗ്യം ക-
ണ്ടുൾക്കാമ്പിൽ-പെണ്ണല്ലേഞാൻ?-അസൂയതോന്നുന്നു.
എന്നുടെനിലയോർക്കിൽ ഹാ കഷ്ടമെത്രതുച്ഛം!
ഇന്നുമെൻ "കോശ" സ്ഥിതി പാർക്കിൽ മഹാമോശം!
അങ്ങിങ്ങു ചിലപ്പൊട്ടും പൊടിയുമെൻ ദേഹത്തിൽ
തങ്ങുന്നു ഭൂഷണങ്ങൾ ചാർത്തേണ്ടും സ്ഥാനങ്ങളിൽ.
മററുള്ള സഹോദരിമാരുടേതുമായ് പാർക്കിൽ
മുററുമെൻ വേഷഭൂഷാപേടകം വെറും ശൂന്യം
മക്കളേ! മുഷിയായ്ക; ഞാനൊരു പെണ്ണെ,ന്നിക്കു
പാർക്കിലുണ്ടാകുമോ ശ്രേയസ്സിലലംഭാവം?
വസ്ത്രങ്ങൾ വേണ്ടുവോളമെനിക്കുകിട്ടുന്നീല;
ശാസ്ത്രങ്ങളില്ലെനിക്കു വിജ്ഞാനം വർദ്ധിപ്പിപ്പാൻ;
പലരും കൂട്ടുംദിക്കിൽ പ്രവേശമെനിക്കില്ല;
നിലവിട്ടു,ഥവാ ഞാൻ പോവുകിൽ മാനമില്ല.
ഇന്നും— ഈ പരിഷ്കൃതകാലത്തും— വീട്ടിൽതന്നെ
ദൈന്യത്തോടൊത്തു കഷ്ടം! നയിപ്പൂ കാലത്തെ ഞാൻ
വെക്കമിക്കുറവുകളൊക്കയും നീക്കിയെന്നെ-
സ്സൽക്കൃതയാക്കീടുവാൻ മക്കൾക്കാണധികാരം
അവർക്കില്ലല്ലോ ഹന്ത! വേണ്ടപോലെന്നിൽ സ്നേഹം
പലർക്കും ചിലർക്കതിൽക്കഷ്ടമെൻ പേരുപോലും!
ഭക്തിയോടെന്നെച്ചിലരുയർത്താൻ ശ്രമിക്കുമ്പോൾ
ശക്തിയോടന്യരെന്നെച്ചവിട്ടിത്താഴ്ത്തീടുന്നു
ഊക്കുകൂട്ടുന്ന ചിലമക്കൾതൻ കൈപിടിച്ചു
ചിക്കെന്നുപൊങ്ങാനിവളാക്കമോടുത്സാഹിക്കേ,
നിഷ്കൃപമക്കൈതട്ടിക്കളഞ്ഞീയബലയെ-
യക്രമം! അവർ വല്ലകുണ്ടിലും വീഴ്ത്തീടുന്നു.
മക്കളേ! നിങ്ങൾ നിത്യമച്ഛനെക്കാളും മേലായ്
അമ്മയെപ്പൂജിക്കുന്ന "മലയാളി"കളല്ലോ
പിന്നെയെന്തേവം ഹന്ത തോന്നുവാൻ നിങ്ങൾക്കെന്റെ

സ്തന്യത്തിൻരസമിത്രവേഗത്തിൽമറന്നുവോ?
അമ്മയെക്കൊന്നഭൃഗുരാമന്റെഭൂവിൽപ്പെററ
മെന്മയോ കാണിക്കുന്നു? കഷ്ടമെന്തവിവേകം!
കണ്ണടച്ചെല്ലാകാര്യങ്ങളിലും പാശ്ചാത്യരെ
പ്പൂർണ്ണമായനുകരിക്കുന്നോരല്ലൊനിങ്ങൾ.
എന്തുകൊണ്ടവരുടെ മാതൃദേശാഭിമാന-
ചിന്തകൾമാത്രം ഹന്ത! മക്കളേകൈക്കൊള്ളാത്തു?
പോകുന്നദിക്കിലെല്ലാമമ്മയെക്കൂടക്കൊണ്ടു-
പോകുന്നു, കാണ്ക, മാതൃഭക്തരാംപാശ്ചാത്യന്മാർ.
അമ്മയെനിന്ദിക്കുവോരല്ലവ,രമ്മക്കായി-
ത്തമ്മുടെപ്രാണനേയും പുല്ലുപോലുപേക്ഷിപ്പോർ
ആഹന്ത! എൻമക്കളൊരുവെള്ളക്കാരിയെക്കണ്ടു-
മോഹിച്ചുമാതാവിനെക്കൂടിയുംമറക്കുന്നു.
മാനിയാംജനത്തെയുംമയക്കും പകിട്ടുള്ളോ-
രാനിറക്കാരി പാക്കിലെന്തൊരു സൂത്രക്കാരി!
പുറമെയൊന്നുകാട്ടും; മറെറാന്നുപറഞ്ഞിടും;
തിറമോടതിൻപൊരുൾവേറൊന്നായ് ധരിപ്പിക്കും;
ദൂരത്തുവച്ചുകാണും "വർണ്ണ"ങ്ങളൊന്നുംതന്നെ
ചാരത്തുചെന്നാൽകാണാ; തരംപോലെല്ലാംമാററും
ഇമ്മട്ടിൽപലപലവിദ്യകളറിയുന്നോ-
രമ്മോഹനാംഗിതന്റെ പകിട്ടിൽപെട്ടു, കഷ്ടം!
എൻമക്കൾ—പാവങ്ങൾ—ഹാ! നിത്യവും കുഴങ്ങുന്നു
നന്മതിന്മകളവർ ലേശവും ചിന്തിപ്പീല.
പ്രേയസിയായിപ്പുത്തൻപകിട്ടുള്ളോരാവെള്ള-
ക്കാരിയെക്കിട്ടിയപ്പോളമ്മ—ഞാൻ—മോശക്കാരി.
ജീവിതസർവ്വസ്വമായവളെപ്രതിഷ്ഠിച്ചു;
കേവലമടുക്കളക്കാരിയായെന്നെത്തള്ളി,
ഇവൾതന്നുപദേശംമക്കൾക്കുപഴങ്കഥ;
അവൾതൻവെറുംവാക്കിന്നവർക്കുവേദവാക്യം;
തൻതലതന്നിൽകേററിപ്രിയയെക്കൊണ്ടാടുന്നോ-
ക്കമ്മയെക്കൂടെക്കൊണ്ടുപോകുന്നതപമാനം!
എൻമക്കൾവാചാലന്മാർപ്രിയയെപ്പുകഴ്ത്തുവാൻ;
അമ്മയോടുരിയാടാൻവാക്കുകളവർക്കില്ല;
"കോർട്ടി"ലും "കൗൺസിൽ"കൂടുംദിക്കിലും "മീററിങ്ങി"ലും

കോട്ടമററഗ്രപീഠംസർവ്വദാപ്രിയയ്ക്കല്ലോ
കൗതുകമുണ്ടെങ്കിലും, മാതാവെന്നിരിക്കിലു-
മേതുമേയിവർക്കില്ലിന്നങ്ങെങ്ങും പ്രവേശനം
തള്ളയിൽക്രൂരക്രൂട്ടം വല്ലപിള്ളയുമെന്നെ
മെല്ലെയട്ടിക്കിൽകൊണ്ടുചെല്ലുവാൻശ്രമിക്കുകിൽ,
പ്രേയസീപദങ്ങളെപ്പൂജിക്കും പുത്രർ പെട്ടെ-
ന്നായത്തോടെന്നെയാട്ടിപ്പുറത്താക്കുന്നു കഷ്ടം!
ചിലരോടവർക്കില്ല വേണ്ടമട്ടിണക്കം; ആ
നിലയെച്ചിന്തിക്കാതെ ചാരത്തുചെന്നീടുകിൽ
പെട്ടെന്നുമട്ടുമാറി മുഖത്തു പദംകൊണ്ടു
തട്ടുന്നു ശങ്കവിട്ടു, ഹാകഷ്ടം! മൽപുത്രരെ.
എന്നിട്ടുമവർ—ഹന്ത! എന്തൊരുനാണക്കേട് -
ഖിന്നരായടുക്കുന്നു തൽ പദംതേടിത്തന്നെ.
തരംപോൽവണ്ണം മാററും തൽപദം തലോടുവാൻ
തരംകിട്ടുകിൽധന്യരെന്നോർപ്പൂ മൽപുത്രന്മാർ.
തൽപദം, ശുദ്ധിയററതെങ്കിലും, കൊതിപൂണ്ടു
സപ്രേമംചുംബിക്കാത്ത മുഖമിന്നൊന്നെങ്കിലും
മൽപുത്രർക്കിടയിൽക്കണ്ടെത്തുവാൻ പ്രയാസം,മാ
ചെപ്പടിക്കാരിക്കെന്തൊരത്ഭുതവശ്യശക്തി!
നിർല്ലജ്ജംകാത്തുകെട്ടിപ്പലനാൾ കിടക്കിലും
കല്യമാം സല്ലാപത്തിൽ തക്കംകിട്ടാത്തചിലർ
വെള്ളക്കാരിതൻപദം നക്കിയ നാക്കുകൊണ്ടീ
ച്ചൊല്ലെഴും മാതൃസ്തന്യം നുകരാനാശിക്കുന്നു.
"പാവ,മെൻമക്കളല്ലേ?" യെന്നോർത്തിട്ടവരെഞാൻ
സാവധാനത്തിൽ രസിപ്പിക്കുവാൻ ശ്രമിക്കുന്നു;
എങ്കിലുംവെള്ളക്കാരി തന്നുടെ വൃത്തികെട്ടു
തങ്ങുന്ന പദത്തിലെപ്പൊടികൾ പേർത്തുംതട്ടി
മരവിച്ചൊരാനാക്കാൽ മൽസ്തന്യമാധുര്യത്തെ-
പ്പരിപൂർണ്ണമായാസ്വാദിക്കുവാനവർക്കാമോ?.

അയ്യയ്യോ! കഷ്ടമെന്തുഘോരമാമവിവേകം
ഇയ്യിവളോടുഹന്ത! കാണിപ്പൂ മമ മക്കൾ?
പുറത്തുസഞ്ചരിക്കും നേരത്തുപ്രിയയെത്തൻ-
പുറത്തുകേററിക്കൊണ്ടുയഥേഷ്ടം നടന്നോട്ടെ.
ഇവർക്കില്ലതിൽ ഖേദം; മക്കളോടക്കാര്യത്തിൽ

മുഷിച്ചിൽവിചാരിപ്പാനില്ലല്ലോ വകയൊന്നും;
എന്നാൽ, ഹാ! ദുർഭാഗ്യംമേ, മടങ്ങുംനേരത്തവർ
മന്ദിരേക്കൂട്ടിക്കൊണ്ടു പോരുന്നു പ്രിയയേയും!
കർമ്മദമകർമ്മം—അപ്പോഴെങ്കിലും നല്ലവാക്കി-
യമ്മയോടുരിയാടാനവർക്കുതോന്നുന്നില്ല.
പെരുത്തോരധികാരം ചെലുത്തുമവൾമൂല-
മിരിക്കപ്പൊറുതിയില്ലെനിക്കു വീട്ടിൽപോലും!
ചിലപ്പോളടുക്കളക്കകത്തും കേറിവന്നു
നിലവിട്ടാ"ശ്ശീമ"യെൻ മുഖത്തു ചവിട്ടുന്നു.
ചെയ്യുന്നതെന്തിവൾ? ഹന്ത! ചൊൽവതെ,ന്താരോ,ടവൾ
ചെയ്യുന്നതൊക്കെയുമെന്റെ മക്കൾക്കു പ്രിയമല്ലോ.
ഹാ, ഹന്ത, കഷ്ടം! കാണ്കകാലത്തിൻശക്തി! എന്റെ
യോമനപ്പെൺമക്കളുമമ്മയെ വെറുക്കുന്നു!
തള്ളയെപ്പോലും തള്ളിക്കളയും വിധത്തിലാ
വെള്ളക്കാരിതൻപേരിലവർക്കും ഭ്രമം പോലും!
ആണുങ്ങൾ പെണ്ണുങ്ങളെ കണ്ടിട്ടുഭ്രമിപ്പതിൽ
ന്യൂനത വിചാരിപ്പാനില്ല,തു സ്വാഭാവികം
പെണ്ണുങ്ങൾ പെണ്ണുങ്ങളെക്കണ്ടു മോഹിക്കെന്നതു
പൊണ്ണത്തം—നിരർത്ഥകം—കേവലം പരിഹാസ്യം.
മക്കളേ! പരിഭവംതോന്നായ്ക; ഹൃത്തിൽതിങ്ങു-
മുൽകടദുഃഖംകൊണ്ടു ഞാനേവം പറഞ്ഞുപോയ്
അമ്മതൻകെട്ടതികൾ തീർക്കുവാൻ മക്കളല്ലാ-
തിമ്മഹീതലത്തിങ്കൽ മററാരുമുതിരുന്നു?
തുംഗമായിവൾക്കുള്ളിൽ തങ്ങുന്ന സങ്കടങ്ങൾ
നിങ്ങളോടല്ലാതെഞാനാരോടു പറയുന്നു?
എന്നുടെകെട്ടതികൾ നിശ്ശേഷം നശിപ്പിച്ചെൻ
ഖിന്നതപോക്കാൻമാത്രം ശക്തന്മാരല്ലോ നിങ്ങൾ
"ശ്രീരാമ! നാരായണ! പരമേശ്വര! കൃഷ്ണ!
ധീരതയെൻമക്കൾക്കു നിത്യവും നല്കിയാലും"
എന്നുഞാൻ ദിവാനിശംനിങ്ങൾക്കായ് പ്രാർത്ഥിച്ചീടാം
മന്ദതനിഖിലവും നിങ്ങൾക്കു നീങ്ങീടട്ടെ
സ്വന്തമാം പ്രിയമാരെസ്സപ്രേമം ലാളിപ്പതിൽ
സ്വാന്തത്തിൽ നിങ്ങളോടില്ലെനിക്കു ദ്വേഷമൊട്ടും;
എന്നാൽ ഞാനൊന്നുമാത്രം നിങ്ങളോടപേക്ഷിപ്പൂ;

ധന്യ്യഞാൻ, അതുനിങ്ങൾസാദരം ശ്രദ്ധിക്കുവിൻ.
"പ്രിയതൻചൊല്ലുകേട്ടിട്ടമ്മയെ നിന്ദിക്കായ്യിൻ
ദയയോടെന്നെക്കൂടി വേണ്ടപോൽമാനിക്കുവിൻ
അമ്മയെമറക്കായ്യിൻ! അമ്മയെമറക്കായ്യിൻ!!
പൊന്നുമക്കളേ! നിങ്ങളമ്മയെ മറക്കായ്യിൻ!!!"

## റഷ്യൻവിദ്യാഭ്യാസം.

(എം. രാമവമ്മതമ്പാൻ ബി. എ, എൽ. ടി.)

### വേലക്കാരുടെ ഏകീകൃതവിദ്യാലയം

മുൻലേഖനത്തിൽ വിവരിച്ച പ്രിപ്പാററിവിദ്യാലയം ഏഴുവയസ്സു വരെയുള്ള കുട്ടികൾക്കാണ്. അതുകഴിഞ്ഞുള്ള വിദ്യാഭ്യാസം ഗൃഹത്തിൽ വച്ചല്ല വിദ്യാലയങ്ങളിൽതന്നെ വച്ചാണു നൽകിവരുന്നത്. ഈ വിദ്യാഭ്യാസം നിർബന്ധിതമാണ്. ഇത് സാറിൻെറ കാലത്തെക്കാൾ വളരെ അഭിവൃദ്ധിയിലാണിരിക്കുന്നത്. അതു സൌജന്യവുമാകുന്നു. ഇതു സകല മുതലാളിരാജ്യങ്ങളേക്കാളും അഭിവൃദ്ധികരമാണ്. ആ രാജ്യങ്ങളിലൊക്കെ പ്രാഥമികവിദ്യാഭ്യാസം മാത്രമെ സൌജന്യവും നിർബന്ധിതവുമായിട്ടുള്ളു. ഈ വിദ്യാഭ്യാസം സകലക്കും തുല്യമായി കിട്ടുന്നതാകുന്നു. പ്രത്യേകവർഗ്ഗക്കാക്കുണ്ടായിരുന്ന വിദ്യാഭ്യാസസംസ്കാരവിശേഷാവകാശങ്ങൾ തീരെ ഇല്ലായ്മചെയ്യപ്പെട്ടുപോയി. സാർവ്വത്രികവും, തുല്യവും, നിർബന്ധിതവും, സൌജന്യവുമായ വിദ്യാഭ്യാസം ഏഴുമുതൽ പതിനേഴുവരെ വയസ്സുള്ള സകല കുട്ടികൾക്കും ലഭിക്കുന്നതാകുന്നു.

വിദ്യാലയം ഏകീകൃതമാകണം. എന്നുവച്ചാൽ ആദ്യംതന്നെ ബാലികാബാലന്മാക്കു പ്രത്യേകവിദ്യാലയങ്ങൾ എന്നുള്ള ഏപ്പാട് തീരെ പൊയ്പ്പോയിരിക്കുന്നു എന്നാണ് ചുരുക്കം. അവർ ഇരുക്കൂട്ടരും ഒരേ സ്കൂളിൽ പഠിക്കണം. ഏകീകൃതം എന്നുവച്ചാൽ വിദ്യാലയങ്ങളുടെ തരംതിരിക്കൽ പാടില്ലെന്നും കൂടി ഒരത്ഥമുണ്ട്. അതായത് എലിമെൻററി, മിഡിൽ, ഹൈസ്കൂൾ എന്നീ വ്യത്യാസങ്ങൾ പാടില്ല. മററുരാജ്യങ്ങളിൽ ഈ മൂന്നുതരം വിദ്യാലയങ്ങളും അന്യോന്യബന്ധമില്ലാതാണല്ലൊ കഴിഞ്ഞുകൂടുന്നത്. സോവിയററിൽ അതു പാടില്ല. സാമാന്യവിദ്യാലയങ്ങൾ,

സാങ്കേതികവിദ്യാലയങ്ങൾ, സാധാരണന്മാൎക്കുള്ള വിദ്യാലയങ്ങൾ, പ്രത്യേക ചിലവൎഗ്ഗക്കാൎക്കുള്ള വിദ്യാലയങ്ങൾ എന്നീവക യാതൊരു വ്യത്യാസങ്ങളും ഈ ഏകീകൃതസ്കൂളുകളിൽ പാടില്ല. ഏകീകൃതവിദ്യാലയങ്ങളിൽ ഒരുമാതിരി ക്രമീകരിച്ച ഒരു പാഠപദ്ധതിയുണ്ട്. അതുപ്രകാരം എല്ലാ കുട്ടികളും പഠിക്കണം. ബാലികാബാലന്മാർ ശൈശവാരാമപാഠങ്ങൾ കൊണ്ടു തുടങ്ങും. എല്ലാവരും ചെന്നു വിദ്യാലയത്തിലെ മുകളിലെ ക്ലാസ്സുവരെ പഠിക്കണം. ഇതിൽ സാമാന്യ നിൎബന്ധിതവിദ്യാഭ്യാസവും സാങ്കേതിക നിൎബന്ധിതവിദ്യാഭ്യാസവും ഉൾപ്പെടുന്നതാണ്.

ഏകീകൃതവിദ്യാലയങ്ങൾ വിദ്യാഭ്യാസവിഷയത്തിൽ മുന്നണിയിൽ നില്ക്കുന്ന ചിലരുടെ ആദൎശം മാത്രമല്ല. അവസ്ഥാഭേദമില്ലാത്തതൊ ഇല്ലാതാക്കാൻ ശ്രമിക്കുന്നതൊ ആയ സമുദായത്തിൽ ഇത്തരം വിദ്യാലയമെ പ്രായോഗികമാകയുള്ളു. ഏകീകൃതവിദ്യാലയാദൎശം സാമ്യവാദപ്രസ്ഥാനത്തിനു മാത്രമെ സാദ്ധ്യമാകു. ചില മുതലാളവിദ്യാഭ്യാസവാദികളും ഇതുപോലെ ഒരു വിദ്യാലയത്തിനു മോഹിച്ചിട്ടുണ്ട്.

സാമുദായികജനഭരണത്തിലെ വിദ്യാലയങ്ങൾ വേലക്കാരുടെ വിദ്യാലയമായിരിക്കണമല്ലൊ. ഇതിന്റെ സാരം വിദ്യാഭ്യാസവും സംസ്കാരവും വേലയോടു ഘടിപ്പിച്ചിരിക്കണം എന്നത്രെ. അതു് വേലയെ ആശ്രയിച്ചിരിക്കണം. പല കാരണങ്ങളാലും ഇതു് ഏററവും പ്രധാനമായ കാൎയ്യമാണ്. ഒന്നാമതായി അതിന്റെ പ്രാധാന്യം വിജയകരമായ വിദ്യാഭ്യാസം പ്രവൃത്തിയെ ആശ്രയിച്ചിരിക്കുന്നതാണെന്നുള്ളതാണ്. ഒരു കുട്ടി അധികം എളുപ്പമായും അധികം രസമായും കഴിയുന്നത്ര പൂൎണ്ണമായും പഠിക്കുന്നതു് പുസ്തകങ്ങളിൽനിന്നല്ല, അദ്ധ്യാപകന്മാരുടെ വാക്കുകളിൽനിന്നല്ല, പിന്നെയൊ അവനവന്റെ കൈകൊണ്ടു ചെയ്തുണ്ടാകുന്ന പരിചയത്തിൽ നിന്നും അനുഭവത്തിൽനിന്നുമാകുന്നു. നമ്മുടെ പരിസരങ്ങളെപ്പററി നാം നല്ലപോലെ പഠിക്കുന്നതു് അവയെ ഒന്നു ഭേദപ്പെടുത്താൻ നാം ശ്രമിച്ചു നോക്കുമ്പോഴുള്ള അനുഭവത്തിൽനിന്നുമാണ്. വിദ്യാഭ്യാസത്തെ പ്രവൃത്തിയോടുകൂടി യോജിപ്പിക്കുക എന്നതു ചില മുതലാളവിദ്യാലയങ്ങളിലും നടപ്പുണ്ട്. എന്നാൽ അവയിൽ അതു പരിപൂൎണ്ണമായ വിധത്തിൽ കൊണ്ടു ചെല്ലാൻ ആവക വിദ്യാലയങ്ങൾക്കു് സാദ്ധ്യമല്ല. എന്തെന്നാൽ അവയിൽ ആശ്രയബുദ്ധി മനഃപൂൎവ്വം വളൎത്തുന്നു. ശരീരപ്രവൃത്തിയും ഒരിക്കലും യോജിക്കവഹിയാത്തവണ്ണം വേൎതിരിച്ചാണ് സങ്കല്പിച്ചിരിക്കുന്നതു്.

ശരീരപ്രയത്നം കുട്ടികളുടെ ആരോഗ്യപ്രദമായ കായികപോഷണത്തിനു മാത്രമല്ല, അവരുടെ സകല മാനസികശക്തികളുടെ വളൎച്ചക്കും അത്യാവശ്യമാണ്. കുട്ടികൾ വിദ്യാലയങ്ങളിൽ പ്രായോഗികജോലി ചെയ്യുന്നസമയം അവരുടെ അഭിവൃദ്ധിയെ തടയുന്നില്ല എന്നു മാത്രമല്ല മാന

സികജ്ഞാനവിഷയത്തിലും അതു വളരെ പ്രയോജനമുള്ളതാണെന്ന് അനുഭവംകൊണ്ടു ബോദ്ധ്യപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ പറയുകയാണെങ്കിൽ സാമ്യവാദികൾക്ക് വേലക്കാരുടെ വിദ്യാലയം ഒഴിച്ചുകൂടാൻ വഹിയാത്ത ഒന്നാണ്. സാമ്യവാദഭരണത്തിൻകീഴിലിരിക്കുന്ന ഏതു പൗരനും തൊഴിലുകളുടെ ഒരു പ്രാഥമികജ്ഞാനം അത്യാവശ്യമാകുന്നു. ഒരു സാമ്യവാദിസമുദായത്തിൽ പ്രത്യേകസംഘങ്ങളൊ, നിർബന്ധിതമായ സമിതികളൊ വിദഗ്ദ്ധരുടെ കൂട്ടങ്ങളൊ ഉണ്ടായിരിക്കയില്ല. അതികേമനായ ശാസ്ത്രജ്ഞൻ ഒരു നല്ല വേലക്കാരനുംകൂടി ആയിരിക്കണം. ഈ വിദ്യാലയം വിടുന്ന ഒരു വിദ്യാർത്ഥിയോടു സാമ്യവാദിസമുദായം പറയുന്നത് "നിങ്ങൾ ഒരു പ്രൊഫസ്സർ ആകാനുംമതി ആകാതിരിക്കാനുംമതി. ഏതായാലും നിങ്ങൾ വിലയുള്ള ചില സാധനം ഉണ്ടാക്കിയെ തീരൂ" എന്നാണ്. ഒരു കുട്ടിയുടെ ആദ്യത്തെ പ്രവൃത്തികൾ ഈ രൂപത്തിലാണ്. കളി, ക്രമേണ അറിയാതെ, വേലയായി പരിണമിക്കണം. എന്തെന്നാൽ കുട്ടികൾക്കു വേല ഒരു അസുഖപ്രദമായ ആവശ്യമൊ ശിക്ഷയൊ ആയി തോന്നരുത്, തന്റെ ബുദ്ധിയുടെ സ്വാഭാവികവും സ്വച്ഛന്ദവുമായ ഒരു വ്യായാമമായിട്ടു തോന്നാവൂ. ഭക്ഷണവും പാനീയവുംപോലെ പ്രയത്നം ഒരാവശ്യമാകുന്നു. ഈ ആവശ്യം സാമ്യവാദവിദ്യാലയങ്ങളിലെ കുട്ടികളിൽ അങ്കുരിപ്പിച്ചു വളർത്തണം.

സാമ്യവാദസമുദായത്തിൽ അതിന്റെ ശക്തിമത്തായ സാങ്കേതികജ്ഞാനാഭിവൃദ്ധിമൂലം പ്രയത്നശക്തി ഒരു വകുപ്പിൽനിന്നും മറെറാരു വകുപ്പിലേക്കു ചിലപ്പോൾ മാറേറണ്ടതായ ആവശ്യമുണ്ടാകും. ഉദാഹരണമായി നൂല്ക്കുകയൊ നെയ്യുകയൊ ചെയ്യുന്ന വകുപ്പിൽ ഒരു നൂതനയന്ത്രം കണ്ടുപിടിച്ചാൽ അനവധി ആളുകൾക്ക് ആ വകുപ്പിൽ പണിയില്ലാതാകും. ഇവയിൽ ഒന്നൊ പഞ്ഞികൃഷിയൊ ചെയ്യാനുള്ള ആളുകളുടെ സംഖ്യ കൂട്ടേണ്ടതായും വരും. ഈ വക സംഗതികളിൽ തൊഴിൽക്കാരെ ഒരു വകുപ്പിൽനിന്നും മറെറാരു വകുപ്പിലേക്കൊ തൊഴിലിലേക്കൊ മാറേറണ്ടതു് ആവശ്യമാകും. ഇതു സാധിക്കണമെങ്കിൽ ഓരോ വേലക്കാരനും ഒന്നിലധികം തൊഴിൽ പഠിച്ചിരിക്കണം. മുതലാളസമുദായത്തിൽ ഈ ആവശ്യം നിർവഹിക്കുന്ന സമ്പ്രദായം ഒന്നു വേറെയാണ്. ഓരോ തൊഴിലും ശീലിച്ചിരിക്കുന്നവരിൽ ജോലിയില്ലാതെ എപ്പോഴും വളരെ ആളുകളുണ്ടാകും. അവരെ തരംപോലെ ഉപയോഗിക്കാം. സാമ്യവാദസമുദായത്തിൽ തൊഴിലില്ലാതെ ആരും ഒരിക്കലും ഉണ്ടായിരിക്കയില്ല. ഇങ്ങിനെ ആവശ്യംപോലെ ഏതെങ്കിലും ഒരു സൃഷ്ടിപരമായ തൊഴിലിൽ കൂടുതൽ ആളുകൾ ആവശ്യപ്പെട്ടാൽ ആ തൊഴിൽജ്ഞാനംകൂടിയുള്ളവരായി ആവശ്യം കുറഞ്ഞ തൊഴിലിൽ ഉള്ള ആളുകളെ മാററി ഉപയോഗിക്കയെ തരമുള്ളൂ. സാമ്യവാദ

സമുദായത്തിന് ആവശ്യമായ വിവിധതരം വേലചെയ്യാൻ ആളുകളെ കിട്ടുന്നതിന് പല തൊഴിലും പരിശീലിപ്പിക്കുന്ന ഈ ഏകീകൃതവിദ്യാലയംമൂലമെ സാധിക്കൂ

## പ്രത്യേകവിദ്യാഭ്യാസം.

പതിനേഴവയസ്സുവരെ എല്ലാ ചെറുപ്പക്കാരും ഏകീകൃതവിദ്യാലയങ്ങളിൽ പഠിക്കണം. അവിടെ സമുദായത്തിനാവശ്യമായ പല തൊഴിലുകളുടേയും ജ്ഞാനവും പ്രയോഗപരിചയവും സമ്പാദിക്കണം. എന്നാൽ അതുകൊണ്ട് വിദ്യാഭ്യാസം അവസാനിക്കയില്ല. സാമാന്യജ്ഞാനത്തിനു പുറമെ പ്രത്യേകജ്ഞാനം അല്ലെങ്കിൽ വിദഗ്ദ്ധജ്ഞാനംകൂടി അവക്കു സമ്പാദിക്കേണ്ടതുണ്ട്. ഇന്നത്തെ ശാസ്ത്രങ്ങളുടെ വൈപുല്യം വിചാരിച്ചാൽ ഒരാൾക്കു ജ്ഞാനം മുഴുവൻ സമ്പാദിക്കാൻ ആയുസ്സ പോരാ. ഏകീകൃതവിദ്യാലയങ്ങളിലെ ഏകീകരണം പ്രത്യേകജ്ഞാനം ഒഴിച്ചുവെക്കാൻ ഉദ്ദേശിച്ചായിരിക്കുന്നതല്ല. ഒരാൾക്ക് അത്യാവശ്യമായ സാമാന്യജ്ഞാനം ഉണ്ടായിട്ടുവേണം പ്രത്യേകജ്ഞാനം നൽകാൻ എന്നുവച്ച് നീട്ടിവച്ചിരിക്കുകമാത്രമാണ്. ഏകീകൃതവിദ്യാലയങ്ങളിൽതന്നെ പതിന്നാലുവയസ്സുമുതൽ പതിനേഴ വയസ്സുവരെയുള്ള കാലങ്ങളിൽ കുട്ടികളുടെ പ്രത്യേകവാസന കുറേശ്ശെ പ്രത്യക്ഷമായി കണ്ടുതുടങ്ങും. ചില ശാസ്ത്രങ്ങളോട് ഇങ്ങിനെ കാണിക്കുന്ന പ്രത്യേകവാസന, അതു പഠിക്കാനുള്ള കൂടുതൽ മോഹം, ഇതിന് ഒരു വഴിവച്ചുകൊടുക്കേണ്ടതു് ആശാസ്യമെന്നു മാത്രമല്ല ആവശ്യംകൂടിയാകുന്നു. എന്നാൽ ഇതു് ഏകീകൃതവിദ്യാലയങ്ങളിൽ നൽകുന്ന സാമാന്യവിദ്യാഭ്യാസത്തിനു ഹാനിവരത്തക്കവണ്ണം ഈ പ്രത്യേകശാസ്ത്രോപദേശത്തിനു ഉദ്യമിക്കരുതു്.

പതിനേഴ വയസ്സിനു മുമ്പിൽ യഥാർത്ഥമായ വിദഗ്ദ്ധപരിശീലനം തുടങ്ങരുതു്. ഈ വയസ്സു നിർണ്ണയിച്ചിരിക്കുന്നതു് പല കാരണവശാലാണ്. പതിനേഴവയസ്സുവരെ ഏകീകൃതസ്കൂളിൽ വിദ്യാർത്ഥികൾ ജ്ഞാനം പ്രയോഗിച്ചുനോക്കുന്നതിലധികം ജ്ഞാനം സമ്പാദിക്കയാണ് ചെയ്യുന്നതു്. ഈ വിദ്യാലയങ്ങളുടെ പ്രധാനമായ ഉന്നം തന്നെ പരിപൂർണ്ണജ്ഞാനമുള്ള വേലക്കാരെ, അതായതു് ഉടനെ സമ്പാദ്യം ഉണ്ടാക്കത്തക്ക വേലക്കാരെ ഉണ്ടാക്കുന്നതിലധികം അവരെ വേല പഠിപ്പിക്കണമെന്നാണ്. ഈ വയസ്സിനു ശേഷം കുട്ടികൾക്കു പ്രവൃത്തിയാണധികം വേണ്ടതു്. അവരുടെ വേലയുടെ ഓഹരി അവർ ചെയ്യണം. മനുഷ്യസമുദായത്തിനാവശ്യമായ സാമാനം ഉണ്ടാക്കാനുള്ള അവരുടെ ധർമ്മവും അവർ നിറവേററണം. സമുദായത്തിനോടു അവക്കുള്ള പ്രധാന ധർമ്മം നിറവേററിയതിനുശേഷം പ്രത്യ

കജ്ഞാനം സമ്പാദിക്കാം. ഇക്കാരണത്താൽ പ്രത്യേകജ്ഞാനം നൽകുന്നതു് വേലകഴിഞ്ഞുള്ള സമയത്തെ സാധിക്കൂ. വസ്തുനിൎമ്മാണത്തിൽ യന്ത്രശക്തി വൎദ്ധിക്കുന്നതോടുകൂടി ഓരോ ദിവസവും പണിയെടുക്കേണ്ട സമയം എട്ടുമണിക്കൂറിൽ കുറയുന്നുണ്ടു്. ഈ വഴിക്കു് സാമ്യവാദസമുദായത്തിലെ ഓരോ അംഗത്തിനും പ്രത്യേകജ്ഞാനസമ്പാദനത്തിനു ധാരാളം സമയം കിട്ടുന്നതാണു്.

ചിലരുടെ കാൎയ്യത്തിൽ അസാധാരണബുദ്ധിശക്തിയുള്ളവൎക്കു് ഏതാനും വൎഷങ്ങളിലേക്കു് വേല ചെയ്യാതെതന്നെ പൎയ്യവേക്ഷണം നടത്താൻ അനുവദിക്കേണ്ടിവരും. ഇവൎക്കു് വേല തീരെ വേണ്ടെന്നു വെക്കാൻ സമുദായാവശ്യം അനുവദിക്കാത്തപക്ഷം വേല ചെയ്യുന്ന സമയമെങ്കിലും കുറെ കുറച്ചുകൊടുക്കേണ്ടിവരും.

## സൎവ്വകലാശാല

ഉപരിവിദ്യാഭ്യാസം ചെയ്യുന്ന വിദ്യാലയങ്ങളുടെ സ്വഭാവം എങ്ങിനെയിരിക്കുന്നമെന്നു് ഏറെക്കുറെ ഊഹിക്കാം. പ്രത്യേകജ്ഞാനവിതരണമാണു് അവയുടെ ഉന്നം. അവ പലതരത്തിലായിരിക്കാനാണിട. ചില വിദ്യാലയങ്ങളിൽ സ്വല്പകാലത്തേക്കേ അഭ്യാസം വേണ്ടൂ, ചിലതിൽ സാങ്കേതികജ്ഞാനം സമ്പാദിക്കയും ലാബറട്ടറിജോലി നടത്തുകയും ചെയ്യുന്നതോടുകൂടി പൎയ്യവേക്ഷണജോലി നടത്തേണ്ടിവരും. ഇതിൽ പഠിക്കുന്നവരും പഠിപ്പിക്കുന്നവരും എന്ന വ്യത്യാസംതന്നെ ഇല്ലാതാകും. ഇപ്പോൾതന്നെയും പ്രൊഫസറന്മാരും വിദ്യാൎത്ഥികളും പ്രത്യേകമായും ഒരുകൂട്ടർ പഠിപ്പിക്കയും മറ്റൊരുകൂട്ടർ പഠിക്കയും ഇങ്ങിനെയുള്ള കലാശാല ആവശ്യമില്ലാതായിട്ടുണ്ടു്. ഈ പ്രൊഫസർമാർ മുതലാളസ്കൂളിൽ മിഡിൽസ്കൂളുകളിൽ പഠിപ്പിച്ചതു കുറെക്കൂടി അധികം പഠിപ്പിക്ക മാത്രമെ ചെയ്യുന്നുള്ളൂ. തല്ക്കാലത്തേക്കു് ഈ പ്രൊഫസറന്മാരെ ഒന്നു പരിഷ്കരിക്കണം. അവരോടുകൂടി പണിയെടുക്കാൻ ചിലരെക്കൂടി ചേൎക്കുക. മുതലാളരാജ്യങ്ങളിലെപ്പോലെ അതിവിദഗ്ദ്ധന്മാരുണ്ടായില്ലെങ്കിലും അഭ്യസനരീതിയിൽ പഴയ സമ്പ്രദായം വിട്ടു പുതിയ സമ്പ്രദായം കൊണ്ടുവരാനും തന്മൂലം മുതലാളസംസ്കാരത്തിന്റെ അവശിഷ്ടം തീരെ ഇല്ലാതാക്കാനും ഇതു പൎയ്യാപ്തമാകും. ഇതിനുപുറമെ വിദ്യാൎത്ഥികളുടെ സ്വഭാവവും മാറും. അധികംപേരും വേലക്കാരായിരിക്കും. ഈ രീതിയിൽ വിദഗ്ദ്ധജ്ഞാനം, സാങ്കേതികശാസ്ത്രം ഇവ വേലക്കാരുടെ ഇടയിൽ പരക്കും. എന്നാൽ വേലക്കാർ കലാശാലയിൽ പഠിക്കുന്ന കാലത്തെ ചിലവൊക്കെ ഗവൎമ്മെ

ണ്ടിൽ നിന്നുതന്നെ വഹിക്കേണ്ടിവരും. ഈ സംഗതികളെല്ലാം വിദ്യാഭ്യാസവകുപ്പിൻെറ പ്രത്യേകാലോചനകൾ വിഷയീഭവിക്കുന്നുണ്ട്.

# * പ്രധാനവും അപ്രധാനവും

(തുടൎച്ച)

ഒരു കിൻറർഗാർട്ടൻ വിദ്യാലയത്തിലെ പരിശോധനാഫലങ്ങൾ.

ഒരു സംഭാഷണം

അദ്ധ്യാപകൻ:— നിങ്ങൾ എന്തിനാണ് അയാളെ പ്രധാനവാസനാമാൎഗ്ഗത്തിൽ കൂടി കൊണ്ടുപോകുന്നത്.

സാരോഡ്:— അതു് യഥാൎത്ഥത്തിൽ കൌതുകകരവും സന്ദൎഭോചിതവുമായ ഒരു ചോദ്യമാണ്. നിങ്ങളുടെ ജീവിതത്തിലെ ഏററവും വലിയ ആഗ്രഹമെന്തെന്ന് എന്നോടു പറഞ്ഞാലും.

അ:— എൻെറ ഏററവും വലിയ ആഗ്രഹം, രാജ്യത്തെ സേവിക്കുന്നതിനും, സത്യത്തെ അന്വേഷിക്കുന്നതിനുമാണ്.

സാ:— ശരി, ഏതായാലും നിങ്ങൾക്ക് ഒരു ഉദ്ദേശമുണ്ട്. എന്നാൽ നിങ്ങൾ രാജ്യത്തെ എങ്ങിനെയാണ് സേവിക്കുവാനുദ്ദേശിക്കുന്നത്?.

അ:— എത്രയും ഉത്തമമായ വിധത്തിൽ.

സാ:— എത്രയും ഉത്തമമായ വിധത്തിലോ?. ശരി, അതാണ് നിങ്ങൾ ആഗ്രഹിക്കുന്നത്. ഏതാണ് എത്രയും ഉത്തമമായ മാൎഗ്ഗം?. ഒരു കൂലിക്കാരൻ മണ്ണു കുഴിച്ചെടുത്തോ, മണ്ണും കല്ലൊടിയും ചുമന്നോ റോഡു നന്നാക്കുന്നതു പോലെ, നിങ്ങൾക്കും റോഡുനന്നാക്കുന്നതിനു സഹായിച്ച് രാജ്യത്തെ സേവിക്കാം. അതു് ഒരു യഥാൎത്ഥസേവനമായിരിക്കുന്നതുകൊണ്ട്, നിങ്ങളും രാജ്യത്തെ യഥാർത്ഥമായി സേവിക്കുകയായിരിക്കും. നിങ്ങൾക്ക് ഉത്തമമായി ചെയ്യാവുന്നതു ചെയ്യുവാൻ നിങ്ങൾ ആഗ്രഹിക്കുക. രാജ്യത്തിനു എത്രത്തോളം കൂടുതൽ ഗുണമുണ്ടാകുമൊ അത്രത്തോളം ചെയ്യുവാൻ നിങ്ങൾ ആഗ്രഹിക്കുക. ലോകത്തിൻെറ സുഖവും സന്തോഷവും വ

* മി. എസ്സ്. സി. എൻ. റാവുസാരോഡ് (ലക്നൌ) എഡ്യൂക്കേഷനൽറവ്യൂയിൽ എഴുതിയത്.

ദ്ധിക്കയും വേണം. അതിനാൽ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കുന്നതിനും അവരെ സമർത്ഥന്മാരായ വേലക്കാരൊ, ഭരണകർത്താക്കളൊ, നിസ്വാർത്ഥരായ പൌരന്മാരൊയോഗ്യരായ ജനങ്ങളൊ ആകുവാൻ പരിശീലിപ്പിക്കുന്നതിനും ആയിരിക്കും നിങ്ങൾ ഇഷ്ടപ്പെടുന്നത്. അവർ സ്വസഹോദരങ്ങളുടേയും ദേശത്തിൻേറയും ക്ഷേമത്തെ ലാക്കാക്കി പ്രവർത്തിക്കും. ഇത്രയും സാധിച്ചില്ലെങ്കിൽ അവരുടെ കുടുംബത്തിനെങ്കിലും ഗുണകാരികളായിത്തീരുവാനും സമാധാനത്തിനൊ രക്ഷയ്ക്കോ പ്രതിബന്ധിതരായിത്തീരാതിരിക്കുവാനും പരിശീലിപ്പിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടായിരിക്കുമല്ലൊ. കൂടാതെ ജീവിതം അതിൻെറ ഉൽകൃഷ്ടനിലകളിൽക്കൂടി പ്രകാശിപ്പിക്കണമെന്നും നിങ്ങൾ ആശിക്കുന്നുണ്ടായിരിക്കുമല്ലൊ. നമുക്ക് അതിബുദ്ധിയുള്ളവർ വേണം. രാമണീയകതത്വവും വേണം. അതുകൊണ്ട് ഓരോരുത്തരുടെ വാസനയനുസരിച്ച് ശോഭിക്കുന്ന ജനങ്ങളുണ്ടായാൽ നമുക്ക് കൂടുതൽ സാമർത്ഥ്യമുള്ളവരെ ലഭിക്കും. ഉൽകൃഷ്ടമായ ജീവിതരീതിയും സ്വഭാവവും ഉണ്ടാകും. ജനങ്ങളെ ഉൽകൃഷ്ടരാക്കേണ്ട ഈ വിഷയം വാദപ്രതിവാദത്തിനുള്ളതല്ല; സങ്കല്പശക്തിക്കു വിഷയീഭവിപ്പിക്കേണ്ട ഒന്നാണ്. നിങ്ങളുടെ പരിശ്രമത്തിൽനിന്നും ഉൽകൃഷ്ടഫലം ലഭിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നതുപോലെയും, നിങ്ങളുടെ സമയം ധനം മുതലായവയിൽനിന്നും ഉത്തമമായതു സിദ്ധിക്കുവാൻ ആശിക്കുന്നതുപോലെയും, വ്യക്തിജീവിതത്തിൽനിന്നും ഉത്തമമായതു ലഭിക്കുവാൻ നാം ആഗ്രഹിക്കണം. നിസ്സ്വാർത്ഥരായ ബുദ്ധിമാന്മാരുടേയും തൊഴിലാളികളുടേയും സംഖ്യ വർദ്ധിക്കുന്നതനുസരിച്ച് ജീവിതം ഉൽകൃഷ്ടവും സുന്ദരവുമായിത്തീരും. അതുകൊണ്ട് നാം കഴിവുള്ളിടത്തോളം ഉത്തമജനങ്ങളെ ഉത്തമജീവിതത്തിനായി പരിശീലിപ്പിക്കണം. നിങ്ങൾക്കു ഉത്തമമെന്നു തോന്നുന്ന ജോലി അധികം ശ്രമംകൂടാതെ ചെയ്യുവാൻ ആഗ്രഹിക്കുന്നതുപോലെ, കുട്ടികളെ ഉത്തമമായ സേവനത്തിനു സമർത്ഥരാക്കുവാൻ നാം ശ്രമിക്കണം. അത് അവരുടെ പ്രധാനമായ വാസനകളെ ആസ്പദമാക്കിയെ സാധിക്കയുള്ളു.

അ:— അത് നിങ്ങൾ എങ്ങിനെ കണ്ടുപിടിക്കും? പ്രധാനവാസന കണ്ടുപിടിച്ചതിനുശേഷം നിങ്ങൾ എന്തുചെയ്യും?

സാ:— ഞാൻ എന്തു പ്രവർത്തിക്കുമെന്നു പറയാം. എന്നാൽ ആദ്യമായി പ്രധാനവാസന കണ്ടുപിടിക്കുന്നത് എങ്ങിനെ എന്നു മനസ്സിലാക്കാം. ഏതെങ്കിലും ഒരു പ്രത്യേകജോലിയിൽ കുട്ടികളുടെ വാസനകളേയും ഏതുവാസനകളാണ് കൂടുതലായിരിക്കുന്നതെന്നും കണ്ടുപിടിക്കുവാൻ നിങ്ങൾക്കു കഴിയുമൊ? ഡ്രായിങ്ങിൽ താല്പര്യമുള്ള ഒരു കുട്ടിക്ക് ബോർഡിൽ നിങ്ങൾ വരച്ചിട്ടുള്ള ചിത്രം അതുപോലെ പകർത്തിയെടുക്കുവാൻ സാധിച്ചില്ലെന്നു വന്നേക്കാം. അപ്പോൾ അയാളെ നിങ്ങൾ എങ്ങിനെ സഹായി

ക്കും? അനന്തരകാലത്തു് ഏതെങ്കിലും ഒരു ജീവിതമാൎഗ്ഗത്തിൽ അയാളെ സഹായിക്കണമെന്നു വരികിൽ ആ മാൎഗ്ഗത്തിൽ വിദഗ്ദ്ധനായ ഒരാളുടെകീഴിലാക്കി സൂക്ഷ്മമായി ഗ്രഹിക്കുന്നതിനും, പഠിക്കുന്നതിനും ആ പരിസരത്തിൽ വളരുന്നതിനും അയാളെ വിട്ടാൽ മതി. അയാളുടെ മുഴുവൻ സമയവും അവിടെ ചിലവാക്കണമെന്നല്ല ഞാൻ പറയുന്നതു്. അതു വിഡ്ഢിത്തമാണു്. എന്നാൽ പഠിത്തസമയത്തിൽ അധികംഭാഗവും അവിടെ ചിലവാക്കേണ്ടിവരും. അയാൾക്കു എഴുതുവാനും വായിക്കുവാനും അതുപോലെ മററു പല വിഷയങ്ങളിലും അല്പാല്പം ശ്രദ്ധിക്കുവാനും ഉണ്ടായിരിക്കുമല്ലൊ. എന്നാൽ ഏതെങ്കിലും ഒരു ജോലിയിൽ അയാളെ പരിശോധിച്ചു അയാളുടെ സ്വഭാവം, പ്രധാനവാസനകൾ മുതലായവ നിങ്ങൾ എങ്ങിനെ മനസ്സിലാക്കും? പിന്നീടു ഉപയോഗമുള്ളതും, പിന്നീടു വരുന്ന അദ്ധ്യാപകന്മാൎക്കു സഹായമായിരിക്കുന്നതുമായ ഏതെല്ലാം കാൎയ്യങ്ങൾ നിങ്ങൾ പരിശോധിച്ചു രേഖപ്പെടുത്തും?

അ:— ഓ! ഞാൻ മുമ്പു പറഞ്ഞതുപോലെ അയാൾ എന്തു ജോലിയാണു് തിരഞ്ഞെടുക്കുന്നതെന്നു നോക്കും. ഒന്നു തിരഞ്ഞെടുത്താൽ അയാൾ അതിൽ യഥാൎത്ഥമായ അഭിവൃദ്ധി പ്രാപിക്കുന്നുണ്ടോ എന്നു ഞാൻ പരിശോധിക്കും.

സാ:— അതു വിഷമമുള്ളതാണു്. കുട്ടിയെ സംബന്ധിച്ച ഈ ലഘുവായ പഠനത്തിനു ഇതുവരെ വസ്തുക്കൾ നിങ്ങൾക്കു ആവശ്യമായിരിക്കുന്നു. നമുക്കെല്ലാവൎക്കും, വേണ്ട വസ്തുക്കളും സമയവും നൽകാൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ അതിലും കൂടുതൽ ആവശ്യമായിട്ടുള്ളതു നമ്മുടെ സൂക്ഷ്മവീക്ഷണവും, അതിസൂക്ഷ്മപരിശോധനയും, ശരിയായ മിതവ്യയശീലവുമാകുന്നു. അതായതു നമുക്കുള്ള പരിമിതമായ വസ്തുക്കൾകൊണ്ടുതന്നെ പഠിക്കുന്നതിനു സാമൎത്ഥ്യമുണ്ടാക്കുക.

അ:— എനിക്കു് അതൊക്കെ പ്രയാസമാണു്. എനിക്കു അതിനുള്ള സാമൎത്ഥ്യമുണ്ടെങ്കിൽ അയാളെ അങ്ങനെയുള്ള ഒരു പരിസരത്തിൽ പരിശീലിപ്പിക്കാം. ഒരു ആശാരിയുടെ പുത്രൻ എപ്പോഴും ആ ജോലി ഇഷ്ടപ്പെടും. അതുകൊണ്ടു് പിതാവിന്റെ തൊഴിലും എന്താണെന്നു എനിക്കു നിശ്ചയിക്കാം. അതുപോലെതന്നെ സംഗീതവിദഗ്ദ്ധന്റെ പുത്രന്റെ കാൎയ്യവും. ഇങ്ങനെയായാൽ വിഷമമൊന്നുമുണ്ടാകയില്ല.

സാ:— എന്റെ സ്നേഹിത! ഞാൻ ഒരു കച്ചവടക്കാരന്റെ പുത്രനാണെന്നു വിചാരിക്കുക. എന്റെ മനസ്സു ആ വഴിക്കു പോകുന്നില്ല. ഞാൻ സംഗീതം പഠിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നു. പക്ഷെ അതിൽ ശ്രദ്ധിച്ചിരുന്നില്ല. ഞാൻ അതിൽതന്നെ പരിശ്രമിച്ചു അതിനനുസാരണമായ ഒരു പരിസരത്തെ ഉണ്ടാക്കിയിരുന്നെങ്കിൽ ഞാൻ ഒരു പക്ഷെ അതു പഠിക്കുമാ

യിരുന്നേനെ. അതു എൻെറ യഥാർത്ഥമായ ആഗ്രഹത്തേയും ജീവിതോദ്ദേശത്തേയും ആണ് അവലംബിക്കുന്നത്. ആഗ്രഹം എന്തെന്നറിഞ്ഞു് പ്രാപ്യസ്ഥാനത്തെ നിശ്ചയിക്കുകയാണെങ്കിൽ ആ വഴിക്കുതന്നെ പോകുവാൻ നിർബ്ബന്ധിക്കുന്നതിൽ അബദ്ധമില്ല. അധികസമയവും, ജീവശക്തിയും പണവും ചിലവാക്കേണ്ടിവരുമായിരിക്കാം. മാതാപിതാക്കന്മാരും കുട്ടിയും, സമുദായവും അതു ചെയ്യുവാൻ പ്രാപ്തരാണെങ്കിൽ അതു അഭിനന്ദനാൎഹംതന്നെയാണ്. പക്ഷെ അഭിവൃദ്ധി വളരെ സാവധാനത്തിലാണ്. എന്നാൽ ആഗ്രഹം നിങ്ങളുടേതുപോലെ ഒരു കല പഠിച്ചു ഉപയോഗകരമായിത്തീരുവാനാണെങ്കിൽ പ്രധാനവാസന കണ്ടുപിടിച്ചു ജോലി സന്തോഷകരമാക്കേണ്ടതു ആവശ്യമാണ്. എന്നെ സംഗീതം പഠിപ്പിക്കുന്ന അദ്ധ്യാപകൻ എനിക്കു ഡ്രായിങ്ങിലൊ കണക്കിലൊ വാസനയുണ്ടെന്നറിയുകയാണെങ്കിൽ അതും പ്രയോജനകരമാംവണ്ണം അദ്ദേഹത്തിനു ഉപയോഗിക്കയും ഞാൻ തിരഞ്ഞെടുത്തിട്ടുള്ള വിഷയത്തിൽ എനിക്കുള്ള അതിസാമർത്ഥ്യത്തെ ഉന്നത്തുകയും ചെയ്യാം.

ഞാൻ പരിസരം കൊണ്ടാണ് ഈ കല പഠിച്ചതെന്നു നിങ്ങൾ പറയുമായിരിക്കാം. പാരമ്പര്യം, വാസന എന്നിവപോലെ പരിസരവും വിദ്യാഭ്യാസത്തിൽ ഒരു പ്രധാനസ്ഥാനം അൎഹിക്കുന്നുണ്ടെന്നുള്ളതിനു സംശയമില്ല. ഒരു തട്ടാൻെറ പുത്രൻ ഗൃഹത്തിൽ ആ ജോലി ചെയ്യുന്നതു് കൂടക്കൂടെ കാണുന്നതുകൊണ്ടു് അതു വേഗം പഠിക്കുകയും സമൎത്ഥനായ ഒരു തട്ടാനായിത്തീരുകയും ചെയ്യുമെന്നാണ് നിങ്ങളുടേയും എൻേറയും അഭിപ്രായം. എന്നാൽ വാസ്തവത്തിൽ ഇങ്ങനെ സംഭവിക്കുന്നുണ്ടോ എന്നു നോക്കാം. മിക്ക സമയവും കളിയിൽ വിനിയോഗിക്കയും പിതാവിൻെറ ജോലി കാണുന്നതിനു ഒരിക്കൽപോലും അവസരം ലഭിക്കാതിരിക്കയും ചെയ്യുന്ന ഒരു കുട്ടിക്കു എന്തു സംഭവിക്കുന്നു? പലപ്പോഴും വേലക്കാൎക്കു് ഉപദ്രവമുണ്ടാകാതിരിക്കുവാൻ കുട്ടികളെ ദൂരെ ഓടിക്കുകയാണ് പതിവു്. അതുകൊണ്ടു പരിസരം മാറുന്നു. ഒരു ഗവൎമ്മെൻറുദ്യോഗസ്ഥൻെറ പുത്രന് പിതാവിൻെറ വാസനകൾ അനുസരിച്ചു വളരുന്നതിനുള്ള പരിസരം ഉണ്ടാകുന്നതല്ല. അതു ലഭിക്കുകയാണെങ്കിൽതന്നെ പ്രായമായി വേലചെയ്യാറാകുമ്പോഴാണ്. ഒരു ആശാരിയുടെ പുത്രൻ സംഗീതം ഉള്ള ഒരു സ്ഥലത്തുപോയി ആ വാസന സമ്പാദിച്ചു എന്നൊ അതു പഠിച്ചു എന്നൊ, അല്ലെങ്കിൽ ഒരു തുന്നക്കാരൻേറയൊ, ഒരു കോടാങ്കിയുടേയൊ, മററൊ തൊഴിൽ പഠിക്കയാണെന്നൊ വിചാരിക്കുക. വളരെ കുട്ടികൾ പല തരത്തിലുള്ള ജോലികൾ സൂക്ഷിച്ചുനോക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്. ഞാനും അങ്ങനെ ചെയ്തിട്ടുണ്ടു്. കുട്ടികളെ കാണാതിരിക്കയൊ, വല്ലവരും തട്ടിക്കൊണ്ടുപോയിരിക്കയൊ, വല്ല ആപത്തും സംഭവിച്ചിരിക്കയൊ ചെയ്തു എന്നു തോ

ന്നുന്ന സമയത്തെല്ലാം മാതാപിതാക്കന്മാർ വേണ്ട സ്ഥലമൊഴിച്ച് കിനറ്, കുളം മുതലായ സ്ഥലങ്ങളിൽ യാതൊരു ഫലവും ഇല്ലാതെ അന്വേഷിക്കുന്നതു കാണാം. എന്തുകൊണ്ടെന്നാൽ കുട്ടികളുടെ താല്പര്യങ്ങളും വാസനകളുമായി അവക്ക് അല്പപരിചയമേയുള്ളു. ബാല്യകാലത്തേപ്പററി അവർ അജ്ഞരാണ്. മാതാപിതാക്കന്മാർ കുട്ടികളെ ഇനി കണ്ടുപിടിക്കവാൻ പ്രയാസമെന്നു കരുതി അന്വേഷണം നിറുത്തുമ്പോഠം—പ്രത്യേകിച്ചു സായാഹ്നവേളയിൽ—കുട്ടികഠം ഒരു പാട്ടുകച്ചേരി നടത്തുന്ന സ്ഥലത്തോ, ഹരികഥാകാലക്ഷേപം നടത്തുന്ന സ്ഥലത്തോ ഇരിക്കുന്നതായി കാണപ്പെട്ടിട്ടുണ്ട്. അതിയായ വിശപ്പുണ്ടെങ്കിൽപോലും ഭക്ഷണവും വീടും മാതാപിതാക്കന്മാരും എല്ലാം ഉപേക്ഷിച്ചു അവർ അവയിൽ ലയിച്ച് ഇരുന്നുപോകുന്നു. അവരെല്ലാവരും അതീതബുദ്ധിമാന്മാരായിത്തീർന്നിട്ടില്ല. എന്നാൽ അവർ ആ കലയെപ്പററി അധികം പഠിച്ചിട്ടുണ്ട്. മിക്കവരും ബാല്യകാലത്തു നടത്തുന്നതായി കണ്ട ആ കലകളിൽ വിദഗ്ദ്ധന്മാരാണ്. നിസ്സഹായന്മാരായ പല കുട്ടികളും, അവർ നിർദ്ധനരും, ശരിയായ ഭക്ഷണമില്ലാത്തവരും വസ്ത്രധാരണമില്ലാത്തവരും ആയതുകൊണ്ട് വിദ്യാലയങ്ങളിൽ പോയി പഠിക്കുന്നതിനു നിവൃത്തിയില്ലെങ്കിലും അവരിലുള്ള വാസനകളെ നല്ലപോലെ വികസിപ്പിച്ചിട്ടുള്ളതായി കാണാം. ഓരോ ജോലിക്കായി കുട്ടികളെ തിരഞ്ഞെടുക്കുവാൻ എന്നോടാവശ്യപ്പെടുകയാണെങ്കിൽ എനിക്കു നിശ്ചയമായിട്ടും തെരുവുകളിൽ നടക്കുന്ന കുട്ടികളിൽനിന്നും ഉത്തമന്മാരെ തിരഞ്ഞെടുക്കുവാൻ കഴിയും. പ്രത്യേകിച്ച് ഒരു ദേശത്തിനു യോജിച്ചനേതാക്കന്മാരെ തിരഞ്ഞെടുക്കും. അവർ അധഃപതിച്ചു പോകുന്നത് അവരിലുള്ള മാഹാത്മ്യദീപം കത്തിക്കുന്നതിനു വേണ്ട എണ്ണ കിട്ടായ്കയാലാണ്. അവസാനം ആവശ്യംനിമിത്തമൊ സമുദായത്തിൻെറ കോപം ഹേതുവാലൊ അവർ തെമ്മാടികളായിത്തീരുന്നു. അവരിൽനിന്നും അതിസമർത്ഥന്മാരായ ആളുകളെ ലഭിക്കുമെന്ന് ഞാൻ ധൈര്യസമേതം പറയുന്നു. മഹാന്മാരുടേയും സമർത്ഥന്മാരുടേയും ജീവചരിത്രങ്ങഠം ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു. ചരിത്രം ഇതു നമ്മെ പഠിപ്പിക്കുന്നു. ഇതു നമ്മുടെ നിത്യജീവിതത്തിലും സ്പഷ്ടമായി കാണാം. എന്നിട്ടും സമുദായം ഈ കുട്ടികളിൽ ശ്രദ്ധിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അവർ മുറവിളികൂട്ടുന്നതു രാജ്യത്തിനു വേണ്ട യഥാർത്ഥവിദ്യാഭ്യാസത്തിനല്ല. അധികാരങ്ങളേയും അവകാശങ്ങളേയും സംരക്ഷിക്കുന്നതിനും, വല്ല പ്രകാരത്തിലും പരീക്ഷ ജയിക്കുന്നതിനും, വലിയ ഉദ്യോഗങ്ങഠം ലഭിക്കുന്നതിനും മററുമാണ്. യാതൊരുവിദ്യാഭ്യാസവുമില്ലാത്ത ഗ്രാമീണരേക്കാഠം ഒരുതരത്തിലും ഉത്തമരല്ലാത്ത ധാരാളം ബിരുദധാരികളെ നാം കാണുന്നുണ്ട്. ചിലപ്പോഠം ഈ ബിരുദകഠം ഉണ്ടായിട്ടും അപരിഷ്കൃതരായും കാണുന്നുണ്ട്. ഓരോ പ്രവിശ്യയിലും ശ

തമാനത്തിനു വ്യത്യാസമുണ്ട്. പാരമ്പര്യവാസനകൾ വികസിക്കുന്നതിന് ഈ കുട്ടികൾക്കു സൌകര്യം ലഭിക്കുന്നില്ല എങ്കിലും പ്രകൃതി അവരെ ശരിയായ ഒരു പരിസരത്തിലാക്കി വാസനകളെ പോഷിപ്പിക്കുന്നതിനു സഹായിക്കുന്നുണ്ട്. മനുഷ്യവർഗ്ഗത്തിൻെറ ഗുണത്തിനുപയോഗിക്കുന്നതിനു പര്യാപ്തമായവിധത്തിൽ പോഷിപ്പിക്കുന്നതിനു സാധിക്കുന്നില്ലായിരിക്കാം. "അതീതബുദ്ധിമാന്മാർ ദരിദ്രന്മാരായിട്ടാണു ജനിച്ചിട്ടുള്ളതു്. എങ്കിലും ധനവാന്മാർ എല്ലാ അവസരങ്ങളേയും ഉപേക്ഷിക്കുന്നു."

നമുക്കു പരിസരത്തെപ്പററിതന്നെ സംസാരിക്കാം. പരിസരം കൊണ്ടു വളരുന്ന വാസനയും പാരമ്പര്യസിദ്ധമായ വാസനയും തമ്മിൽ വളരെ വ്യത്യാസമുണ്ട്. "സങ്കല്പശക്തിയെ പലപ്പോഴും ഉദ്വേഗിപ്പിക്കുന്നതും ആഗ്രഹമുള്ള വസ്തുക്കളെപ്പററി ചിന്തിക്കുന്നതിനു മനസ്സിനെ പ്രേരിപ്പിക്കുന്നതുമായ ഒരു അവികസിതമായ വാസന കുട്ടികളിൽ ഒരു നൂതനവാസനയെ സൃഷ്ടിക്കുന്നു." കണ്ണ്, ചെവി, മുതലായ ഇന്ദ്രിയങ്ങളെ ആകർഷിക്കുന്ന വസ്തുക്കളും, സിരകളേയും തലച്ചോറിനേയും ഉണർത്തുന്ന വസ്തുക്കളും കുട്ടിയെ അതു ആഗ്രഹിക്കുന്നതിനും ആതരം ജോലിയെ ഇഷ്ടപ്പെടുന്നതിനും പ്രേരിപ്പിക്കുന്നു. ആഗ്രഹം, പാരമ്പര്യം, പരിസരം ഇവയിൽനിന്നും വിഭിന്നമായ വേറൊരു വാസനയുണ്ട്. ഇതെല്ലാം എൻെറ പരിശോധനകൾകൊണ്ട് അനുഭവപ്പെട്ടിട്ടുള്ളതാണ്.

ആശാരിപ്പണിയോ നെയിത്തോ ഉള്ള ഒരു പരിസരത്തിൽ വളരുന്നവനും വിനോദവസ്തുക്കളും മററും ഇഷ്ടപ്പെടുന്നവനും ചിത്രങ്ങളും മററും വരക്കുവാൻ ആശയുള്ളവനും ആയ ഒരു കണക്കുശാസ്ത്രജ്ഞൻെറ പുത്രനു വേറൊരു തരത്തിലുള്ള വാസനക്രുടി ഉണ്ടാകാറുണ്ട്. അതു പ്രയോഗംകൊണ്ടേ സ്പഷ്ടമാകയുള്ളു. ഈ വാസന ആവശ്യംനിമിത്തമോ ഭയം ഹേതുവാലൊ ഉണ്ടായിട്ടുള്ളതല്ല. അതിൻെറ പ്രയോഗംകൊണ്ടുമാത്രം. അയാൾക്കു സംഗീതത്തിൽ അതിയായ വാസനയുണ്ടെന്നു കാണപ്പെട്ടു. അതുപോലെയുള്ള വേറൊരു കുട്ടി ആജ്ഞാപിക്കുന്നതിലും സംഘടനയിലും സാമത്ഥ്യം കാണിച്ചു. വേറൊരു കുട്ടിക്കു ജനങ്ങളിലാണ് താല്പര്യം ജനിച്ചതു്. ഒരു ഉദ്യോഗസ്ഥനേപ്പോലെ അവരുമായി പെരുമാറുവാൻ അയാൾക്കു ത്രാണിയുണ്ടായിരുന്നു. മറെറാരുത്തൻ സൈന്യനേതാവിനേയും രാജാവിനേയും പോലെ കുട്ടികളുടെ നായകനായിരുന്നു. മറെറാരാൾ ഒരു നല്ല തൊഴിലാളിയായിരുന്നു. വേറൊരാൾ നൃത്തംചെയ്യുന്നതിലും കുതിര, പശു മുതലായവയെ അനുകരിച്ച് അഭിനയിക്കുന്നതിലും സമത്ഥനായിരുന്നു.

അ:— നിങ്ങൾ ഈ വാസനകളെല്ലാം കണ്ടുപിടിച്ച് അവയിൽ പ്രധാനമായതു് ഏതെല്ലാമെന്നു എങ്ങിനെ പറയും? കണ്ടുപിടിച്ചതിനുശേഷം

ഓരോ വാസനക്കും എന്തു സ്ഥാനം നൽകും? എന്തു പരിസരം സൃഷ്ടിക്കും?
സാ:— നിങ്ങൾ കുറെ ഗൃഹനിർമ്മാണവസ്തുക്കൾ നൽകി അവർക്കിഷ്ടമുള്ള എന്തെങ്കിലും സാധനം ഉണ്ടാക്കുവാൻ പറയുന്നു എന്നു വിചാരിക്കുക. അങ്ങനെയുള്ള ഒരു സന്ദർഭത്തെ അവരെപ്പററി പഠിക്കുന്നതിനും അവരുടെ വാസനകൾ മനസ്സിലാക്കുന്നതിനുംവേണ്ടി നിങ്ങൾ എങ്ങനെ വിനിയോഗിക്കും?

നിർമ്മാണവസ്തുക്കൾ എത്ര അപരിഷ്കൃതമായിരുന്നാലും, അവർ എത്ര അതൃപ്തികരമായി സാധനങ്ങൾ നിർമ്മിച്ചാലും ഞാൻ ആദ്യമായി പരിശോധിക്കുന്നത് അവിടെ പ്രത്യക്ഷപ്പെടുന്ന സാമാന്യമനസ്ഥിതിയെയാണ്. അതു അവരുടെ ശ്രമങ്ങൾകൊണ്ടുതന്നെ പ്രത്യക്ഷപ്പെടുത്തുന്നതായിരിക്കും. അവക്ക് എങ്ങനെയെങ്കിലും സാധനങ്ങൾ ഉണ്ടാക്കണമെന്നുള്ളതുകൊണ്ടു പല്ല തവണയും അവർ ശ്രമിച്ചുനോക്കും. കുട്ടിയുടെ വളച്ച്യെ ദീർഘകാലം പരിശോധിച്ചുനോക്കേണ്ടതു് ആവശ്യമാണ്. ഈ കുട്ടികൾ ഹൈസ്കൂളുകളിലേയൊ കലാശാലകളിലേയൊ കുട്ടികളല്ലാത്തതുകൊണ്ട് ഈ വിഷയങ്ങളിൽ പ്രത്യേകവൈദഗ്ദ്ധ്യം സമ്പാദിക്കേണ്ടതായിട്ടില്ല. അവരുടെ ജീവിതത്തിൽ കടലാസുമറിക്കലൊ, ചെളികൊണ്ടു മാതൃകകൾ നിർമ്മിക്കുന്നതൊ ഒരു തൊഴിലായിസ്വീകരിക്കുന്നുമില്ലായിരിക്കാം. അതുകൊണ്ടു അതിൻെറ വിദ്യാഭ്യാസവശമാണ് നാം നോക്കേണ്ടതു്. അതായതു് അന്തർലീനങ്ങളായ ശക്തികളെ വികസിപ്പിക്കുക. നിങ്ങൾ കുട്ടികളിൽ ചില ശക്തികളെ ഉണത്തുന്നു. അവ ലോകത്തിനും കുട്ടിക്കും ഗുണകരമായിത്തീരുന്നു. സാമുദായികജീവിതത്തിൽ ഇവയെ ഗുണങ്ങൾ എന്നും ബുദ്ധിജന്യങ്ങളായ വസ്തുക്കളെ സംബന്ധിച്ചിടത്തോളം വാസനകൾ എന്നും പറയുന്നു. ഇവിടെ നിങ്ങൾക്കു കുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കേണ്ടിയിരിക്കുന്നു. അതിന് ആദ്യമായി നിങ്ങൾ അവരെ അറിയണം; അവരിൽ ശ്രദ്ധിച്ചു നിങ്ങളുടെ പരിശോധനാഫലങ്ങൾ രേഖപ്പെടുത്തണം. നിങ്ങൾ സൃഷ്ടിക്കുന്ന പരിസരത്തേയും സ്ഥിതിഗതികളേയും പററിയും രേഖപ്പെടുത്തി വയ്ക്കണം. അപ്പോൾ നിങ്ങൾക്ക് അവക്കിഷ്ടമുള്ള മാർഗ്ഗത്തിൽക്കൂടി അഭിവൃദ്ധി പ്രാപിക്കുന്നതിന് സഹായിക്കാവുന്നതാണ്. അനന്തരകാലത്തു് ആ മാർഗ്ഗത്തിൽ പ്രശോഭിക്കുവാനും, സർവ്വകലാശാലാഭ്യസനകാലത്തു് പ്രത്യേകവൈദഗ്ദ്ധ്യം സമ്പാദിക്കുവാനും അവക്കു സാധിക്കുന്നതാണ്.

(തുടരും)

# ഉണ്ണായിവര്യരും നളചരിതം. ആട്ടക്കഥയും.

[ആർ. ഈശ്വരപിള്ള ബി. എ.]

കഥകളി കേരളീയൎക്കു പ്രത്യേകമെന്നു വിചാരിക്കാവുന്ന ഒരു വിനോദമാണ്. അതു് ഒരുകാലത്തു് അവരുടെ ഹൃദയത്തെ അസാമാന്യമായി ആകൎഷിച്ചും ഇരുന്നു. ഇതരദേശങ്ങളിൽ നാടകങ്ങൾ മുതലായ അഭിനയകലകൾ വളരെ മുമ്പുതന്നെ ഉത്ഭവിച്ചിരുന്നു. എന്നാൽ കേരളത്തിൽ അതിന്റെ പരിതസ്ഥിതികളുടെ പ്രത്യേകതയും ഭാഷയുടെ ശുഷ്കതയും നിമിത്തം ഇവ അല്പം താമസിച്ചാണ് ഉണ്ടായതു്. അതുതന്നെ ഏറെക്കുറെ അപരിഷ്കൃതരീതിയിലും വേഷത്തിലുമായിരുന്നു. കേരളീയൎക്കു സാഹിത്യാഭിരുചി അല്പമെങ്കിലും ജനിച്ചതു് തുഞ്ചത്തു ഗുരുനാഥന്റെ കാലം മുതല്ക്കാണ്. അദ്ദേഹത്തിന്റെ അനന്യസദൃശങ്ങളായ കൃതികൾമൂലം ദൈവാ അക്ഷരജ്ഞാനവും പുരാണപാരായണസൗകൎയ്യവും ലഭിച്ചതോടുകൂടി കേരളീയൎക്കു പുരാണകഥകളോടും അവയിലെ കഥാപുരുഷന്മാരോടും പരിചയം സിദ്ധിക്കയും അവർ തങ്ങളുടെ സ്നേഹത്തിനൊ ദ്വേഷത്തിനൊ ഏറെക്കുറെ പാത്രീഭവിക്കയും ചെയ്തു. മനുഷ്യസ്വഭാവമനുസരിച്ചു് ഈ കഥാപുരുഷന്മാരുടെ ക്രിയകളും വിക്രിയകളും കേൾക്കുന്നതിലെന്നപോലെ കാണുന്നതിലും ജനങ്ങൾ ഉത്സുകന്മാരായി ഭവിച്ചു. സൎവ്വസാധാരണമായ ഈ ഔത്സുക്യത്തെ തൃപ്തിപ്പെടുത്തുന്നതു് അത്യാവശ്യമായിട്ടും വന്നു. ഈ ഘട്ടത്തിലാണു് ഒരു അഭിനയകലയെന്നു പറയാവുന്ന "കഥകളി" കേരളത്തിൽ ഉത്ഭവിച്ചതു്. അത്യാവശ്യം നേരിടുമ്പോൾ അവയ്ക്കു നിവൃത്തിയും ഉണ്ടാകാതെ കഴികയില്ലല്ലൊ. ഇതു രൂപത്തിലും സ്വഭാവത്തിലും ഇന്നു് ഒട്ടുമുക്കാലും ഉത്ഭവിച്ച കാലത്തെ നിലയിൽതന്നെയാണിരിക്കുന്നതു്. അനുകരിക്കയല്ലാതെ പരിഷ്കരിക്കയെന്നുള്ളതു് ഉണ്ടായിട്ടുണ്ടൊ എന്നു സംശയമാണ്. ഇനി നാം അതിനെ ഉദ്ധരിക്കാത്തപക്ഷം അതു നാമാവശേഷമായി തീരുവാനും ഇടയുണ്ടു്. ഒരു വിനോദം എന്ന നിലയിൽ കഥകളിക്കു ഇന്നു പ്രചാരം വളരെ കുറവാണ്. എങ്കിലും അതിൽ ഭ്രമമുള്ളവർ അവിടവിടെ തീരെ ഇല്ലാതില്ല. രംഗോപജീവികളും കോണിലും, മൂലയിലും ചുരുക്കമായി ഉണ്ടായിരിക്കാം. ഉപജീവനമാൎഗ്ഗം എന്ന നിലയിലും അതു് ഇന്നു സുസ്ഥിരവും ആദായകരവുമാണെന്നു പറവാൻ തരമില്ല. ഇതെല്ലാംകൊണ്ടും "കഥകളി" അസ്തമോന്മുഖമായിട്ടാണു് ഇപ്പോൾ ഇരിക്കുന്ന

ത്തു്. ജനങ്ങളിൽ വന്നുകൂടീട്ടുള്ള രുചിഭേദമാണു് ഇതിനു പ്രധാന കാരണം.

കഥകളിക്കു വേണ്ടതായ സാഹിത്യത്തെ നിർമ്മിക്കുകയും നേപത്ഥ്യ വിധാനങ്ങളേയും മററും നിർദ്ദേശിക്കുകയും ആദ്യമായി ചെയ്തതു കൊട്ടാരക്കര കേരളവർമ്മരാജാവാണു്. ഇദ്ദേഹം എട്ടു ആട്ടക്കഥകൾ എഴുതീട്ടുണ്ടു്. ഇദ്ദേഹത്തിനെ തുടൎന്നു കോട്ടയത്തു രാജാവു മുതലായി മററു പലരും ആട്ടക്കഥകൾ ഏറക്കുറെ ഗുണാഗുണവ്യത്യാസത്തോടുകൂടി നിർമ്മിച്ചിട്ടുണ്ടു്. ഇവയെല്ലാററിലുംവെച്ചു് ഉണ്ണായിവാരിയരുടെ "നളചരിത"മാണു് പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു്. വാരിയർ കൊച്ചിയിൽ ഇരിഞ്ഞാലക്കുട സ്വദേശിയായിരുന്നു. ഇദ്ദേഹം വിദ്യാഭ്യാസംകഴിഞ്ഞു് തിരുവനന്തപുരത്തെത്തി കാർത്തികതിരുനാൾ മഹാരാജാവിനെ സേവിച്ചു വളരെനാൾ താമസിച്ചതായി പറയപ്പെട്ടിരിക്കുന്നു. പ്രസിദ്ധനായ കുഞ്ചൻനമ്പ്യാരും അക്കാലത്തു് അവിടെ താമസിച്ചിരുന്നു. ഇവർ ഇരുവരും തമ്മിൽ വലിയ കൂട്ടുകെട്ടും ആയിരുന്നു. രണ്ടുപേരും സരസന്മാരും വിദ്വാന്മാരും ആയിരുന്നുവല്ലൊ. ഇക്കാലത്തു വാരിയർ തൻെറ ദാരിദ്ര്യാവസ്ഥയെ സൂചിപ്പിച്ചു താഴെക്കാണുന്ന ദയാൎത്ഥത്തിലുള്ള ശ്ലോകം തിരുമനസ്സിലേക്കു സമർപ്പിച്ചതായി പറഞ്ഞുകേട്ടിട്ടുണ്ടു്.

"പ്രഥുകാർത്തസ്വരപാത്രം
ഭൂഷിതനിശ്ശേഷപരിജനം
വിലസൽകുരേണുഗഹനം
സമ്പ്രതിസമമാവയോഃസദനം."

വാരിയർ തിരുവനന്തപുരത്തെ താമസത്തിനിടയിൽ കഥകളിയെ അതിൻെറ പൂർണ്ണചടങ്ങുകളോടും വിശിഷ്ടരൂപത്തിലും കാണുന്നതിനു ധാരാളം അവസരം ലഭിച്ചു. ആട്ടക്കഥകൾ മിയ്ക്കവയും വായിക്കുന്നതിനും അവയിലുള്ള ന്യൂനതകളെ മനസ്സിലാക്കുന്നതിനും അദ്ദേഹത്തിനു നല്ല സൗകൎയ്യമുണ്ടായിരുന്നു. കൊട്ടാരംവക ഒരു കഥകളിസ്സംഘം ഉണ്ടായിരുന്നതിലേക്കു വിദഗ്ദ്ധന്മാരായ നടന്മാരേയും പാട്ടുകാരേയും മേളക്കാരേയും തിരഞ്ഞെടുത്തിരുന്നു. അതിനാൽ കഥകളി എത്രത്തോളം നന്നാക്കാമൊ അത്രത്തോളം നന്നാക്കിയിരുന്നു. വാരിയർ കഥകളിയെ ആപാദചൂഡം ഒന്നു പരിഷ്കരിച്ചാൽ കൊള്ളാമെന്നു താല്പൎയ്യമുണ്ടായിരുന്നു എങ്കിലും അതു അന്നത്തെ രൂപത്തിൽ സാമാന്യജനങ്ങളുടെ വിനോദവിഷയങ്ങളിൽ പ്രധാനമായ ഒന്നായിരുന്നതിനാൽ ആ മാതൃകയെ തീരെ ത്യജിക്കാതെ ആഭ്യന്തരമായ ചില മാററങ്ങൾ വരുത്താനാണു് അദ്ദേഹം ശ്രമിച്ചതു്. സാധാരണ കഥകളികളിൽ വാസ്തവത്തിൽ രസാവഹമായ അഭിനയം വളരെ കുറവും ജനസാമാന്യത്തിനു രസിക്കുന്നതായ ആട്ടവും ചാട്ടവും വേഷവിശേഷങ്ങളും അധികവുമായിട്ടാണിരിക്കുന്നതു്. ഇതു നാടകം മുതലായ ദൃശ്യകലകളുടെ

ഉൽകൃഷ്ടോദ്ദേശ്യങ്ങൾക്കു യോജിച്ചതായി വിചാരിക്കാൻ തരമില്ല. അതിനാൽ വാരിയർ അല്പം ഭിന്നമായ ഒരു രീതിയെ അവലംബിച്ചാണ് നളചരിതം ആട്ടക്കഥ രചിച്ചിട്ടുള്ളതു്. ഒന്നാമതായി നളചരിതം കഥകളിക്കു മററുള്ളവയിൽനിന്നുമുള്ള വ്യത്യാസം അതു നാലു ഭാഗങ്ങളായി വിഭജിച്ചിട്ടുണ്ടെന്നുള്ളതാണ്. ഇതു നാടകങ്ങളിലെ അങ്കവിഭാഗരീതിയെ അനുസരിച്ചാണെന്നു പക്ഷേ പറയാം. കഥയിലുള്ള പ്രധാന സംഗതികളിലേക്കു നമ്മുടെ ശ്രദ്ധയെ പ്രത്യേകം ആകർഷിക്കുന്നതിന് ഇതു ഒരു നല്ല ഉപായമാണ്. കഥയുടെ പരിണാമത്തിലേക്കു ക്രമേണയുള്ള ഗതിയെക്കാണിക്കുന്നതിനും ഇതു പര്യാപ്തമായിട്ടുള്ളതാണ്. മററു കഥകളികളിൽ ഇപ്രകാരമുള്ള സീമാന്തരേഖകൾ ഒന്നുംതന്നെ ഇല്ലാത്തതിനാൽ കഥയുടെ സ്വഭാവത്തെപ്പററി ഒരു സുവ്യക്തജ്ഞാനം നമുക്കു ലഭിക്കുന്നില്ല. ഇതുകൂടാതെ, വാരിയരുടെ കഥകളിയിൽ മററു കഥകളിൽ പ്രധാനസ്ഥാനം വഹിക്കുന്ന "യുദ്ധ"മോ "വധ"മോ ഒന്നുംതന്നെയില്ല. കഥാപാത്രങ്ങളെക്കുറിച്ച് നോക്കുന്നതായാൽ കുസൃതികളായ കലി, ദ്വാപരൻ എന്നിവരെ ഒഴിച്ചാൽ മററെല്ലാവരും ശാന്തമനസ്കന്മാരും സ്വഭാവനൈർമ്മല്യമുള്ളവരുമാണെന്ന് കാണാവുന്നതാണ്. നമ്മുടെ കവിയുടെ ദിവ്യതൂലിക ഇവരുടെ എല്ലാവരുടെയും സ്വഭാവത്തെ വിശദമായി ചിത്രീകരിച്ചിട്ടുമുണ്ട്. നായികാനായകന്മാരായ ദമയന്തിക്കും നളനും മഹത്തായ വിപത്തുകൾ സംഭവിച്ചിട്ടും അവരുടെ സ്വഭാവത്തിനു യാതൊരു കളങ്കവും വരാതെ സുരക്ഷിതമായിത്തന്നെയിരിക്കുന്നു. "ആപത്തിലും നിൻബുദ്ധിയധർമ്മവിമുഖിയാകും" എന്നുള്ളയമന്റെ അനുഗ്രഹം രണ്ടുപേർക്കും പററിയതായിത്തന്നെ വേണം വിചാരിക്കാൻ. ദുഃഖമാർഗ്ഗത്തിൽക്കൂടിയല്ലാതെ, സുഖത്തെ പ്രാപിക്കാൻ സാധിക്കയില്ലെന്നുള്ള വിലയേറിയ പാഠമാണ് നളചരിതത്തിൽനിന്നു നമുക്കു പഠിക്കാനുള്ളതു്. ഈ തത്വത്തെ വിശദമാക്കുന്നതിന് വാരിയർ തന്റെ ബുദ്ധിസാമർത്ഥ്യം മുഴുവനും പ്രയോഗിച്ചിട്ടുണ്ട്. നാടകം മുതലായ ദൃശ്യകലകളുടെ പരമോദ്ദേശവും ഇതുതന്നെയാണ്. മററുള്ള ആട്ടക്കഥകൾക്ക് ഇപ്രകാരമുള്ള ഉൽകൃഷ്ടലക്ഷ്യം വല്ലതും ഉണ്ടോ എന്നുള്ള കാര്യം സംശയഗ്രസ്തമാണ്. അവ മിക്കവാറും മനുഷ്യരിൽ ഉൽകൃഷ്ടമായ പ്രേരണാശക്തിയെ ജനിപ്പിക്കുന്നതിന് മതിയാകാത്തതായ "വധം" അല്ലെങ്കിൽ "സ്വയംവരം" എന്നീ വിഷയങ്ങളെ ആസ്പദമാക്കി എഴുതീട്ടുള്ളവയാണ്. അവ തൽകാലം വല്ല രസവും ദ്രഷ്ടാക്കളിൽ ജനിപ്പിച്ചേക്കാമെന്നു മാത്രമേ വിചാരിക്കാൻ തരമുള്ളു. ഇതു കൂടാതെയും മററ് ആട്ടക്കഥകളിൽ സാധാരണ കാണാത്തതായ ലോകതത്വവിമർശനപരമായ "ഏകാന്തഭാഷണം" നളചരിതത്തിൽ ഒന്നുരണ്ടിടിക്കിൽ വാരിയർ ഉചിതമായി സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനും പുറമേ, അനേകം സാരങ്ങളായ നീതിവാക്യങ്ങളും പാത്രങ്ങളുടെ

സംഭാഷണങ്ങളിൽ സുവണ്ണത്തിൽ രത്നങ്ങൾപോലെ ഖചിതങ്ങളായി ശോഭിക്കുന്നുണ്ട്. അതുകൊണ്ട് നളചരിതം അഭിനയിച്ചു കാണുന്നവക്കു മാത്രമല്ല, അതു വായിക്കുന്നവക്കും ഉൽകൃഷ്ടമായ ഒരു ചിത്തവൃത്തി ഉണ്ടാകാതിരിക്കാൻ തരമില്ല. നീതിവാക്യങ്ങൾക്കു ചില ഉദാഹരണങ്ങൾ മാത്രം ഇവിടെ ചേക്കാം.

1 "നല്ലതു നല്ലതിനോടേ ചേരേണം"
2 "യൗവനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം"
3 "അണ്ണവം തന്നിലല്ലോ നിമ്നഗ ചേന്നുതായം
അന്യഥാ വരുത്തുവാൻ കുന്നു മുതിന്നീടുമോ?"
4 "പതിദേവതകൾ തുടന്നീടുകിലോ ഗതിയാരവനിതലേ"
5 "ഭക്തജനചിത്തമുണ്ടോ തപ്തമാക്കുമാറീശന്മാർ"
6 "പാഥസാം നിചയം വാന്നൊഴിഞ്ഞളവു
സേതുബന്ധനോദ്യോഗമെന്തെടോ?"
7 "പാതിയും പുമാനു പതിയെന്നു വേദശാസ്ത്രാദി-
ബോധമുള്ളവർകൾ ചൊല്ലീടുന്നു"
8 "പ്രാണരക്ഷണത്തിനൊന്നില്ലാ പ്രത്യുപകാരം
9 "അനത്ഥമെല്ലാവക്കുമുണ്ടാമേകദാ"
10 "സത്തുക്കൾക്കുന്യാധിസംഹാരം സ്വാധികാരം"
11 തന്നുടെ വസ്തു നന്നുനൽകിലെന്നല്ലോ കേൾപ്പു"
12 "ചാരുതപമെഴും നിയമനിഷ്ഠയും
ചാരിത്രമെന്നുള്ളൊരു ചട്ടയും
പാതിവ്രത്യ പരമകാഷ്ഠയും
കുലപാലികമാക്കിതത്രേ നല്ല കോട്ടയും"

ഇതുപോലെ ഇനിയും ഒട്ടുവളരെ നീതിവാക്യങ്ങൾ നളചരിതത്തിലുണ്ട്. വിസ്തരഭയംകൊണ്ട് അവയെ ഇവിടെ ഉദ്ധരിക്കുന്നില്ല.

നളചരിതത്തിലെ "പാത്രങ്ങളു"ടെ വിഷയത്തിലും വാര്യർ വേണ്ടവിധം ശ്രദ്ധിക്കാതിരുന്നിട്ടില്ല. അവരുടെ സ്വഭാവങ്ങളും മററും സ്വയം വണ്ണിക്കയല്ല. നാടകരീതി അനുസരിച്ചു പാത്രങ്ങളുടെ സംഭാഷണങ്ങളും ചേഷ്ടകളും വഴിക്ക് വാര്യർ പ്രകാശിപ്പിക്കുകയാണു ചെയ്തിട്ടുള്ളത്. ഉദാഹരണങ്ങൾ എടുത്തു കാണിക്കാമെന്നു വിചാരിക്കുന്നു.

"പരപീഡനമെനിക്കു വ്രതമെന്നറിക
പരിചെഴുമധമ്മമെൻമതമേ"

എന്നുള്ള വാക്കുകളിൽ കലിതന്നെ തന്റെ ദുസ്സ്വഭാവത്തെ സ്പഷ്ടമാക്കിയിരിക്കുന്നു. പോരെങ്കിൽ "കുമതിഭവാൻ" എന്നു ഇന്ദ്രനും കലിക്ക് നാമകര

ണനം ചെയ്തിട്ടുണ്ട്.

"ബാഹുജനെന്നുള്ളതെ നമുക്കുള്ളു മറവും" എന്ന "നിഷധപുഷ്കര ധൂമകേതു"വായ പുഷ്കരൻതന്നെ തൻെറ നിസ്സാരതയെ സ്പഷ്ടമായി വെളിപ്പെടുത്തുന്നു.

"അതിമൂഢനിവനോടെന്തനുസരിച്ചുരപ്പൂ
അതുകേട്ടിട്ടിവനുണ്ടോ അടങ്ങിഃപ്പായരിപ്പൂ" എന്ന് കാട്ടാളൻെറ ചപലസ്വഭാവത്തെ അപഗ്രഥനംചെയ്ത് ദമയന്തി അതിൻെറ സാരഭാഗമെടുത്ത് കാണിച്ചിരിക്കുന്നു.

"ധൂർത്തനല്ലദൃഢമാർത്തബന്ധുവത്രെ
മൂർത്തിയും മൊഴിയുമൊരുപോലെ" എന്നാണ് സാർത്ഥവാഹകൻെറ സൽസ്വഭാവത്തെ ദമയന്തി രേഖപ്പെടുത്തിയിരിക്കുന്നത്. നളൻെറ "പ്രപന്നനങ്ങളിൽ ഭക്തിമാൻ" എന്നും ദമയന്തിയെ "പാതിവ്രത്യത്തിൻെറ പരമകാഷ്ഠ"യെന്നും ഋതുപർണ്ണനെ "ബാഹുബലജലരാശി"യെന്നും രാജഹംസത്തെ "മധുരാകൃതെ ഗുണവാരിധെ" എന്നും സംക്ഷിപ്തമായി വാര്യർ തൻെറ നിസ്തുല്യമായ തൂലികാരേഖകൊണ്ട് ചിത്രീകരിച്ചിട്ടുണ്ട്. നളൻെറ സ്ത്രീവിഷയമായ ചാപല്യത്തെയും കവി മറച്ചിട്ടില്ല.

"വിധുമുഖിയുടെ രൂപമധുരതകേട്ടു മമ
വിധുരതവന്നു കൃത്യചതുരതപോയി" എന്ന് നളൻതന്നെ തൻെറ ചപലതയെപ്പററി വിലപിക്കുന്നു.

"ഉരഗക്കറുംമഹീവരരിൽ കാർക്കോടകാഖ്യനഹം
ഓർക്കേണമൊരുമുനിയെ മാഴ്കുംവതിച്ചിതഹം" എന്ന് കാർക്കോടകൻതന്നെ തൻെറ ഗുണാഗുണങ്ങളെ സൂചിപ്പിച്ചിരിക്കുന്നു. ഇങ്ങിനെ ഇനിയും പലതുമുണ്ട്. ചുരുക്കത്തിൽ കഥാപാത്രങ്ങളെ ഒക്കെയും വാര്യർ അവരുടെ സ്വഭാവസ്ഥിതിക്കനുരൂപമായ വിധത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടെന്നുവേണം പറവാൻ.

ഇനി ഭാഷയെക്കുറിച്ചു നോക്കാം. വാര്യരുടെ ഭാഷാരീതിതന്നെ ഒന്നു വേറെയാണ്. സംസ്കൃതപദങ്ങൾ ധാരാളമുപയോഗിച്ചിട്ടുണ്ടെങ്കിലും അവ അവയുടെ കാഠിന്യത്തിനുവേണ്ടിയല്ല. മാധുര്യത്തിനും ലാളിത്യത്തിനും വേണ്ടി തിരഞ്ഞെടുക്കപ്പെട്ടവയാണ്. ഭാഷാശബ്ദങ്ങൾ ഉപയോഗിക്കുന്നത് ഗൌരവത്തിനു പോരാ എന്നു മററു ചിലർക്കുള്ളതുപോലെയുള്ള അഭിപ്രായം വാര്യർക്കില്ലെന്ന് സ്പഷ്ടമായി കാണാവുന്നതാണ്. ഈ രണ്ടുതരം പദങ്ങളേയും ഗൌരവഹാനികൂടാതെ സരസമാംവണ്ണം സംഘടിപ്പിക്കാമെന്നും വാര്യർ തെളിയിച്ചിട്ടുണ്ട്. മററു ആട്ടക്കഥകളിൽ ശ്ലോകങ്ങൾ മിക്കവയും അഥവാ എല്ലാംതന്നെയും സംസ്കൃതത്തിലാണ്. എന്നുതന്നെ

യുമല്ല, കഠിനങ്ങളായ പദങ്ങൾ കിട്ടുന്നിടത്തോളം ഉപയോഗിക്കണമെന്നു നിർബന്ധമുള്ളതുപോലെ തോന്നും. എന്നാൽ വാര്യർക്ക് അങ്ങനെ ഒരു നിർബന്ധവും ഉള്ളതായി കാണുന്നില്ല. നളചരിതത്തിൽ അനേകം സംസ്കൃതശ്ലോകങ്ങളും ഒട്ടേറെ മണിപ്രവാളശ്ലോകങ്ങളും തുല്യരമ്യതയോടുകൂടി വർത്തിക്കുന്നുണ്ട്. അവയിൽ ഉപയോഗിച്ചിരിക്കുന്ന രണ്ടുതരം പദങ്ങളും ഒരുപോലെ ശാണോല്ലീഢങ്ങളാണെന്നുവേണം പറവാൻ. അർത്ഥപുഷ്ടിയും ശബ്ദഭംഗിയും വാര്യർ ഒരുപോലെ സദാ ദീക്ഷിച്ചിട്ടുണ്ട്. ശ്ലോകങ്ങളെ ഉദ്ധരിച്ച് ഇവിടെ സ്ഥലം കളയണമെന്നു വിചാരിക്കുന്നില്ല. എവിടെ നോക്കിയാലും ആർക്കും അറിയാവുന്നതാണ്, "പദങ്ങൾ" അഥവാ ഗാനരൂപേണയുള്ള സംഭാഷണങ്ങളുടെ സ്ഥിതിയും ഇതുതന്നെയാണ്. ഇതിലെ പല മട്ടിലുള്ള പല പദങ്ങളും സാധാരണ പാട്ടുകളായി ഗായകന്മാർ ഉപയോഗിച്ചുവരുന്നുണ്ട്. ഇവയിലെ ശബ്ദമാധുര്യവും സംഗീതരസികത്വവും അനന്യസദൃശങ്ങളെന്നുതന്നെ പറയാം. വാര്യർക്ക് പ്രാസത്തിൽ അസാമാന്യമായ നിർബന്ധം ഉള്ളതായിത്തോന്നുന്നു. പ്രാസങ്ങളില്ലാത്ത പദങ്ങളോ ശ്ലോകങ്ങളോ കാണ്മാൻ പ്രയാസമാണ്. ഇല്ലെന്നുതന്നെ പറയാം. എന്നാൽ അന്ത്യപ്രാസത്തോടാണു വാര്യർക്ക് അധികം പ്രതിപത്തിയുള്ളതായി തോന്നുന്നത്. "നവവിരഹമയന്ത്യാം" "അമൃതമിവകിരന്തി" എന്നും ആരംഭിക്കുന്ന ശ്ലോകങ്ങൾ ഇതിന് ഉത്തമോദാഹരണങ്ങളാണ്. പദങ്ങളുടെ വിഷയത്തിൽ പ്രത്യേകം ഉദാഹരണങ്ങൾ ഉദ്ധരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മിക്കവയും ഉദാഹരണങ്ങൾ തന്നെയാണ്. ചുരുക്കിപ്പറയുന്നതായാൽ വാര്യരുടെ ഭാഷക്ക് ഒരു പ്രത്യേക പ്രസന്നതയും ഔജ്വല്യവും മാധുര്യവും ഉണ്ട്,

"കനക്കുമർത്ഥവും സുധാകണക്കൈപ്പടനിശ്ചയും
അനർഗ്ഗളം യമകവുമനുപ്രാസമുപമാദി
ഇണക്കംകലർന്നരമ്യംജനിക്കും നൽസാരസ്വതം
നിനക്കുംനിൻദയിതക്കും നിനയ്ക്കുന്നവർക്കുംപിന്നെ" എന്നു

സരസ്വതീദേവി വിവാഹാനന്തരം വധൂവരന്മാർക്ക് നൽകിയ വരം വാര്യർക്കും ഫലിച്ചു എന്നു വേണം നളചരിതത്തിൽനിന്നും ഊഹിക്കാൻ. വാര്യർ സാഹിത്യത്തിലും സംഗീതത്തിലും ഒരുപോലെ വിദഗ്ദ്ധനായിരുന്നു എന്നുള്ളതിനു സംശയമില്ല. എങ്കിലും ചില പദങ്ങളെ അതായതു ഗാനരീതിയിലുള്ള സംഭാഷണങ്ങളെ കോട്ടയത്തു കിളിരൂർ എന്ന സ്ഥലത്തുള്ള ഒരു ഭാഗവതരുടെ സഹായത്തോടുകൂടിയാണു രാഗതാളവിഷയത്തിൽ ശരിപ്പെടുത്തിയതെന്നു കേൾവിയുണ്ട്. ഇതിൽനിന്നെല്ലാം അനുമാനിക്കേണ്ടതു വാര്യർ നളചരിതത്തിന്റെ രചനയിൽ വളരെ ശ്രദ്ധിച്ചിട്ടുണ്ടെന്നാണ്. എന്നാൽ വായനക്കാരെ വിഷമിപ്പിക്കുന്നതായ ചില പ്രയോഗങ്ങളും ഇ

തിൽ ഇല്ലാതില്ല.

"ആളയച്ചിട്ടുണ്ടെമ്മാനില്ലെമ്മാനില്ല" എന്ന് ഒരുദിക്കിലും,

"പ്രിയമാരായോ ഗതിവാരായോ
രണ്ടുമെങ്ങിനെയെന്നാലങ്ങിനെ വേണംചെയ്യാൻ"

എന്ന മററൊരുദിക്കിലും പ്രയോഗിച്ചുകാണുന്നുണ്ട്. ഇവയുടെ അത്ഥം അത്ര വ്യക്തമായിരിക്കുന്നില്ല. തമ്മിൽ തിരിച്ചറിവാൻ എളുപ്പമല്ലാത്തവിധത്തിൽ സംസ്കൃതശബ്ദങ്ങളും ഭാഷാശബ്ദങ്ങളും ചില സ്ഥലത്ത് സംഘടിപ്പിച്ചിരിക്കുന്നതായും കാണുന്നുണ്ട്.

"വസ്ത്രമേതദൽസൃജാമിചാമിവ" എന്നും

"തരുവരേഷു തരുവരേഷുപൂജകം" എന്നും പ്രയോഗിച്ചിട്ടുണ്ട്. ചില പ്രയോഗങ്ങളുടെ സാധുതയെക്കുറിച്ച് സംശയിക്കേണ്ടതായുമിരിക്കുന്നു. കഥയുടെ ആദ്യത്തിൽ നളൻെറ ഗുണഗണങ്ങളെപ്പററി വർണ്ണിക്കുന്ന കൂട്ടത്തിൽ "കലിശമനനൈഷധ രസമയചരിതൻ" എന്നൊരു വിശേഷണം നളനു നൽകിയിട്ടുണ്ട്. എന്നാൽ ഇതു കഥയുടെ ഒടുവിൽ സംഭവിക്കാൻ പോകുന്ന ഒരു സംഗതിയാകകൊണ്ടു മുൻപിൽക്കൂട്ടി അത് സംഭവിച്ചതായിപ്പറയുന്നത് അനുചിതമല്ലയൊ എന്നാണു സംശയം. ഇതുപോലെതന്നെ കലി ദമയന്തിയുടെ വിവാഹവാൎത്ത അറിയുന്നതിനു മുമ്പിലായി ഇന്ദ്രനോട് ഇങ്ങനെ പറയുന്നു. "ഭവദപകൃതേരഹം പ്രതികരിഷ്യാമി" ഇതു മുമ്പുപറഞ്ഞപോലെ അസ്ഥാനത്തല്ലയൊ എന്നാണു സംശയം. കവിക്ക് ഇവയ്ക്കു വല്ല സമാധാനവുമുണ്ടായിരിക്കാം എന്നുവേണം ഊഹിക്കാൻ. അതിരിക്കട്ടെ. ചില ദിക്കിൽ പദങ്ങളെ വിശേഷരീതിയിൽ സംഘടിപ്പിച്ചുകാണുന്നുണ്ട്. "ഈ മൂന്ന്" എന്നുള്ളതിനു പകരം "മുന്നീ" എന്നു പൊടികൈ പ്രയോഗിച്ചിട്ടുണ്ട്. "ആധിതനില്ല" എന്നു വേറൊരു ദിക്കിലും ഒരു വിശേഷപ്രയോഗം കാണുന്നുണ്ട്. ചിലേടത്തു തമിഴ് പദപ്രയോഗങ്ങളും ഇല്ലാതില്ല. "ഒരുപോതുംനിനയാതെ" എന്നും, "യക്ഷമദാദേശം കേട്ടുപോതിലെ" എന്നും പ്രയോഗിച്ചുകാണുന്നുണ്ട്. ഇതൊക്കെയും ഇവിടെ ഉദ്ധരിക്കണമെന്നു വിചാരിക്കുന്നില്ല. ആകപ്പാടെ നോക്കിയാൽ വാര്യർ ഒരു സരസനും, വിദ്വാനും, കവിയും, ഭാഷജ്ഞനും, സംഗീതജ്ഞനും ആണെന്നുള്ളതിനു സംശയമില്ല. കവികൾക്ക് അപൂർവമായി അനുവദിച്ചിട്ടുള്ള "കവിസ്വാതന്ത്ര്യം" എന്നുള്ള അവകാശത്തെ ധാരാളം ഉപയോഗപ്പെടുത്തിയിട്ടുള്ള ഒരാളാണ് വാര്യർ എന്നു പറയേണ്ടിയിരിക്കുന്നു. ഇദ്ദേഹത്തിൻെറ പല പ്രയോഗങ്ങളും വയ്യാകരണന്മാൎക്കും വ്യഖ്യാതാക്കൾക്കും "കീറാമുട്ടി"യായിത്തീൎന്നിട്ടുണ്ടെന്നു തോന്നുന്നു. ഇങ്ങനെ ഒക്കെ ഇരുന്നാലും ഇദ്ദേഹത്തിൻെറ നളചരിതം ഒരുത്തമകൃതിയും ആട്ടക്കഥകളിൽ പ്രഥമസ്ഥാനം അൎഹിക്കുന്നതുമാണെന്നുള്ളതിനു തൎക്കമില്ല. ഒരു പ്രസിദ്ധമായ കഥയെ ഇതിവൃത്തമാക്കി അതിലെ നായകനായികമാരെ വിരഹം, തൽനി

വൃത്തി, വിയോഗം, വിപത്ത് ഈ ഘട്ടങ്ങളിൽക്കൂടി നയിച്ച് ഒടുവിൽ സംയോഗസുഖത്തിൽ എത്തിച്ച മനുഷ്യരുടെ ലോകാനുഭവത്തെ ദൃഷ്ടാന്തീകരിച്ച് ഒരുത്തമമായ സന്മാർഗ്ഗപാഠം കവി നമുക്കു സമർപ്പിച്ചിരിക്കുന്നു. മറ്റേതു് ആട്ടക്കഥയെടുത്തു നോക്കിയാലും ഇപ്രകാരമുള്ള ഒരു വിശിഷ്ടപാഠം നമുക്കു ലഭിക്കാൻ സാധിക്കയില്ല. രചനാചാതുര്യം, ഭാഷാമാധുര്യം, വിവേകപൂർവ്വമായ കഥാവിഭാഗം, പാത്രങ്ങളുടെ സ്വഭാവചിത്രീകരണം, അവിടവിടെ ഖചിതങ്ങളായിരിക്കുന്ന തത്വജ്ഞാനശകലങ്ങൾ, വശ്യമായ ശൃംഗാരരസം, വിവിധവികാരകലുഷദൂഷിതങ്ങളായ മനുഷ്യഹൃദയങ്ങളെ ശുദ്ധീകരിക്കുന്നതിനു പര്യാപ്തമായ കരുണാരസപ്രയോഗം, ദമ്പതിമാരുടെ സുസ്ഥിരവും നിഷ്കളങ്കവുമായ പ്രേമദാർഢ്യം, ഖലന്മാരുടെ അധഃപതനം, എല്ലാത്തിലും ഉപരിയായി പാതിവ്രത്യത്തിന്റെ വിജയം ഇവയെല്ലാം കൊണ്ടും നളചരിതം ആട്ടക്കഥ ഭാഷാസാഹിത്യത്തിൽ അദ്വിതീയമായ ഒരു സ്ഥാനം വഹിക്കുന്നു. ഇതിൽ വാര്യരുടെ കഥാവരണത്തിലുള്ള വിവേകബുദ്ധിയും ഘടനാവൈദഗ്ദ്ധ്യവും വാഗ്വശ്യതയും കലാകുശലതയും രസജ്ഞതയും അസാമാന്യമായ പാണ്ഡിത്യവും സവിശേഷം നിഴലിച്ചുകാണുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ ഇതു് കേവലം അനവദ്യയാണെന്നു പറയുന്നില്ല. ഇത്തരത്തിലുള്ള മറ്റുകൃതികളെ അപേക്ഷിച്ച് ഗുണഭൂയിഷ്ഠമാണെന്നു മാത്രമെ പറയുന്നുള്ളു. എന്റെ ഈ അഭിപ്രായം ഒരു വായനക്കാരന്റെ നിലയിൽ മാത്രമാണെന്നും ഒരു വിമർശകന്റെ നിലയിലല്ല എന്നുംകൂടി പറഞ്ഞുകൊള്ളുന്നു.

## കാർമേഘം.

(വെള്ളായ്ക്കൽ ഗോവിന്ദമേനോൻ)

1 കരങ്ങളാലീയുലകാകമാനം
പരം തപിപ്പിച്ച രവിപ്രതാപം
മറച്ചുമാനത്തിലുയർന്നിടുന്നു-
ണ്ടുറച്ച ധൈര്യത്തൊടു കൃഷ്ണമേഘം.

2 സൂരൻസ്വയം രശ്മികളായതുലാൽ
പകിട്ടിൽ നിർമ്മിച്ചെഴുമംബരത്തെ

വെടിഞ്ഞുനീലാംബരമാർന്നലോകോൽ-
കർഷത്തിനായ് മേഘമുയർന്നിടുന്നു.

3 ലാവണ്യപാഥോനിധിയിങ്കൽനിന്നു
ചണ്ഡാംശുലോകേക്ഷണഭാവമേന്തി
കരങ്ങളാൽ കൈവശമാക്കിയുള്ളാ-
രജ്ജീവനം നേടിവരുന്നുമേഘം.

4 കാർകൊണ്ടലേ, ഹന്ത! ഭവാനിൽനിന്നി-
ങ്ങിടയ്ക്കു കാണുന്ന തടിൽപ്രകാശം
താപംവലക്കും തപനന്റെകണ്ഠ-
തലത്തിലേയ്ക്കോങ്ങിയ ഖഡ്ഗമാമോ?.

5 അല്ലല്ല, തീക്ഷ്ണാംശുകരപ്രതാപം
കുറെക്കുറയ്ക്കാൻ കഴിയുന്നതായാൽ
ദക്ഷമംനമുക്കിങ്ങിനെയെന്നപോന്നു-
ചിന്നിസ് പുടം കാട്ടുകയായിരിക്കാം.

6 സഹാസഹസ്രാംശുപദച്ഛവാട്ടിൽ
താപാർത്തമാമീയുലകാകെദനാക്കി
തദ്രക്ഷയെയാർത്താർത്തൊരുമിച്ചുനമ്മൾ
യത്നിക്കയെന്നാംഭവദച്ഛനാദം.

7 എങ്ങോമഹാത്മൻ! ഗതികൊൾവു, തപ്ത-
ജനങ്ങളിങ്ങുന്മുഖരായിനില്ക്കെ,
ശാന്തൻഭവാൻ കാര്യഗുണത്തിനായി-
ഗ്ഗിരീശസേവയ്ക്കു ഗമിക്കയാവാം.

8 നീലാഭമാം വിഷ്ണുപദംപിടിച്ചും
ഗിരീശസേവാരതനായുമേറ്റം
നിനച്ചകാര്യം നിറവേറുവാനാ-
യുറച്ചുമുന്നോട്ടു ഭവാൻഗമിപ്പൂ.

9 ലോകോപകാരവ്രതനിഷ്ഠകണ്ടു
വാനോർ സുധർവ്വാധിപതിതച്ചമേകി
തൂമഞ്ഞുമാല്യം മഴവില്ലിനാലേ
ഭവാന്റെകണ്ഠത്തിലണിഞ്ഞിടുന്നു.

10 സസംഘമംഭോധരമേ, പ്രതീചി-
പ്രഭഞ്ജനൻ തേ തടവേകിയാലും

സ്വാതന്ത്ര്യസഞ്ചാരിഭവാൻപൊഴിപ്പൂ
പളുങ്കൊളിപ്പൂങ്കുളിരംബുബിന്ദു.

11 പുളച്ചുപായുന്നനദങ്ങൾ, വാടി-
വരണ്ടസസ്യങ്ങൾ തഴച്ചിടുന്നു
ധരിത്രി പച്ചത്തുകിൽ ചാർത്തിടുന്നു
ഭവൽപ്രസാദാൽ തെളിയുന്നുലോകം.

12 സന്തപ്തസല്ലോക വിശിഷ്ടബന്ധോ!
സമ്പൂർണ്ണകാരുണ്യരസൈകസിന്ധോ!
ജയിക്കശുദ്ധാമൃതസാരധാരിൻ!
ജയിക്ക സർവ്വപ്രതിബന്ധഹാരിൻ!

# പരീക്ഷയും ഫലവും.

(ജി. രാമൻമേനോൻ എം. എ., ബി. എൽ.)

മാന്യ "ഗുരുനാഥൻ" മാസികയുടെ ൧൧൦൫ ഇടവം ലക്കത്തിൽ, വന്ദ്യഗുരുവര്യനായ ശ്രീമാൻ എം. രാമവർമ്മതമ്പാൻ ബി. എ., എൽ. ടി. അവർകൾ, മേൽക്കാണിച്ച തലക്കെട്ടിൽ എഴുതിയ എത്രയും ശ്രദ്ധേയവും ഔദാര്യയുക്തവുമായ ലേഖനം വായിച്ചു. ഇപ്പോഴത്തെ പരീക്ഷാരീതിയുടെ ന്യൂനതകളെപ്പററി എന്റെ മാന്യഗുരുനാഥൻ പ്രസ്താവിച്ചിട്ടുള്ളതിനോടു ഞാനും പൂർണ്ണമായി യോജിക്കുന്നു. വിദ്യാശാലകളിൽ നടത്തുന്ന സാധാരണ പരീക്ഷകൾ, വിദ്യാർത്ഥി മേൽക്ലാസിൽ പഠിക്കാൻ യോഗ്യനാണൊ എന്നു നിർണ്ണയിക്കുന്നതിനു മാത്രമായിരിക്കണമെന്നു ഞാനും പലകുറി, അദ്ധ്യാപകന്മാരോടുംമററും ഉപദേശിച്ചിട്ടുണ്ടു്. ഉദ്ധതബുദ്ധികളായ ചിലർ ചോദ്യക്കടലാസുകൾ ഉണ്ടാക്കുന്നതു സ്വന്തം സാമർത്ഥ്യം കാണിക്കുന്നതിനും ഉത്തരക്കടലാസുകൾ നോക്കുന്നതു കഴിയുന്നിടത്തോളം അധികം വിദ്യാർത്ഥികളെ തോല്പിക്കുന്നതിനും പര്യാപ്തമായ വിധത്തിലാണെന്നു്, അവരുടെ പ്രവൃത്തികൾ പരിശോധിച്ചാൽ വ്യക്തമാകും. ഇത്തരക്കാരെ ഒരിക്കലും പരീക്ഷകന്മാരായി നിയമിക്കരുതു്. കുറെ പ്രായവും ലോകപരിചയവും മനശ്ശാന്തിയും വിവേകവും ഉള്ള മാന്യന്മാരെ ഈ സ്ഥാനത്തേക്കു തിരഞ്ഞെടുത്താൽ പരീക്ഷകൾ സംബന്ധിച്ചു്, ഇപ്പോഴുള്ള ക്രമക്കേടുകൾക്കും സങ്കടങ്ങൾക്കും വളരെ ശമനമുണ്ടാകും.

വാൎഷികമായോമററൊ പ്രത്യേകം പരീക്ഷയൊന്നും നടത്താതെ, അധ്യാപകന്മാൎക്ക് ഓരോ വിദ്യാൎത്ഥിയേയും കുറിച്ചുണ്ടാകുന്ന പൊതുമതിപ്പനുസരിച്ച്, സ്കൂളുകളിലും കാളേജുകളിലും നിന്ന് സെട്ടിഫിക്കെററുകൾ കൊടുത്താൽ മതിയാകുമെന്ന് വയ്ക്കുന്നതു തല്ക്കാലസ്ഥിതിക്കൊ, സാധാരണ മനുഷ്യസ്വഭാവത്തിനൊ യോജിക്കുമെന്നു തോന്നുന്നില്ല. ക്ലാസിൽ മോശമാണെന്ന് അധ്യാപകൻ വിധിയെഴുതീട്ടുള്ള വിദ്യാൎത്ഥികൾ പരീക്ഷയിൽ ജയിച്ചുകണ്ടിട്ടുണ്ടെന്ന് തമ്പാനവർകളുടെ ലേഖനത്തിൽതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ആ സ്ഥിതിക്ക്, ഇത്തരം അധ്യാപകന്മാരുടെ പൊതുമതിപ്പു മാത്രമനുസരിച്ച് വിദ്യാൎത്ഥികളുടെ യോഗ്യത നിൎണ്ണയിക്കുന്നതു പലപ്പോഴും അന്യായമായിരിക്കുമെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. ഇക്കാലത്തു പല അധ്യാപകന്മാരും തങ്ങളുടെ വിദ്യാൎത്ഥികളിൽ ചിലരോട് അന്യായമായ വിരോധവും മററു ചിലരോട് അന്യായമായ ആനുകൂല്യവും കാണിക്കുന്നുണ്ടെന്ന് പല പരാതികൾകൊണ്ടും തെളിഞ്ഞിട്ടുണ്ട്. ഈ കാരണങ്ങളാൽ വിദ്യാശാലകളിൽ പ്രത്യേകപരീക്ഷകൾ തീരെ വേണ്ടെന്നു വയ്ക്കാൻ നിവൃത്തിയില്ല. എന്നാൽ താണ ക്ലാസുകളെ സംബന്ധിച്ചിടത്തോളം വിദ്യാർത്ഥികൾക്ക് മേൽക്ലാസിലേക്ക് കയററം നൾകുന്നതിന് പഠിപ്പിക്കുന്ന അധ്യാപകൻെറ പൊതുമതിപ്പും പ്രഥമാധ്യാപകൻെറ സാമാന്യപരിശോധനയും മാത്രമുപയോഗിക്കാവുന്നതാണ്. വിദ്യാശാലകളിൽനിന്നും, കാളേജുകളിൽനിന്നും യോഗ്യതാസെട്ടിഫിക്കെററുകൾ കൊടുക്കുന്നതിന് പ്രത്യേകപരീക്ഷകൾ ആവശ്യമാണ്. ഈ പരീക്ഷകൾ നടത്തുന്നതു് അതാതുതരം അധ്യാപനജോലിയിൽ ഏൎപ്പെട്ടിരിക്കുന്നവരായിരിക്കരുതു്. വിദ്യാഭ്യാസകാൎയ്യങ്ങളിൽ അറിവും ലോകപരിചയവും മനോഗുണവും ഉള്ള ചിലരെ, ക്ലാസധ്യാപകന്മാരുടെ പരിധിക്കു വെളിയിൽനിന്നു് തിരഞ്ഞെടുക്കുന്നതാണ് നല്ലതു്. അധ്യാപകന്മാൎക്ക് ഈ ഗുണങ്ങൾ ഉണ്ടായിരിക്കയില്ലെന്ന് എനിക്കഭിപ്രായമുള്ളതായി ഇതുകൊണ്ട് അർത്ഥമാക്കരുതു്. പഠിപ്പിക്കുന്ന ജോലിയും, അതിൻെറ ഫലം പരിശോധിച്ചു യോഗ്യതാസെട്ടിഫിക്കെററു കൊടുക്കുന്ന ജോലിയും ഒരേകൂട്ടരെത്തന്നെ ഏല്പിക്കുന്നതു കാൎയ്യക്ഷമമല്ലെന്നു മാത്രമേ പറയുന്നുള്ളു. വിദ്യാഭ്യാസവകുപ്പിലെ ഇൻസ്പെക്ടർമാർ മുതലായവർ മാത്രമായി, ഈ ജോലി നടത്തുന്നതും തൃപ്തികരമായിരിക്കയില്ല. അനുദ്യോഗസ്ഥന്മാരിൽനിന്നു മേൽപറഞ്ഞ ഗുണങ്ങളുള്ള ചിലരും വിദ്യാഭ്യാസവകുപ്പിലെ ഉദ്യോഗസ്ഥന്മാരിൽ ചിലരും ഉൾപ്പെട്ട ഒരു ബോർഡുമുഖാന്തരം യോഗ്യതാസെട്ടിഫിക്കെററുകൾ നൾകുന്നതിനുള്ള പരീക്ഷകൾ നടത്തുന്നതാണ് ഗുണകരമായിരിക്കുക. കാളേജുപരീക്ഷകൾക്കുള്ള ബോർഡിൽ സ്കൂൾവകുപ്പിൽ ഉള്ള അധ്യാപകന്മാരിൽനിന്നു മതിയായ യോഗ്യതയുള്ളവരേയും, സ്കൂൾപരീക്ഷകൾ നടത്തു

ന്നതിന്നു കാളേജ് അദ്ധ്യാപകരിൽ സ്കൂൾവിദ്യാഭ്യാസത്തിലും പരിചയമുള്ള ചിലരേയും നിയമിക്കാവുന്നതാണ്. രണ്ടുതരം പരീക്ഷകൾ നടത്തുന്നതിലും വിദ്യാഭ്യാസകാര്യങ്ങളിൽ പരിചയമുള്ള അനുദ്യോഗസ്ഥന്മാരുടെ സഹകരണം അത്യാവശ്യമായിരിക്കുന്നു. ഒരു വകുപ്പിന്റേയും പ്രവൃത്തിയുടെ നിയന്ത്രണം അതാതു വകുപ്പിലെ വെറും തൊഴിലാളികളിൽ മാത്രമായി സമർപ്പിക്കുന്നതു് ദോഷകരമാണ്..

പരീക്ഷകളുടെ സ്വഭാവവും, അവ നടത്തുന്നതിനുള്ള ഏർപ്പാടും പരിഷ്കരിച്ചാൽ സർക്കാരുദ്യോഗത്തിനുള്ള സാമാന്യയോഗ്യത നിർണ്ണയിക്കുന്നതിനു വേറെ എഴുത്തുപരീക്ഷകൾ വച്ചിട്ടാവശ്യമില്ല. വിദ്യാശാലകളിൽനിന്നു യോഗ്യതാസെട്ടിഫിക്കെറ്റുകൾ സമ്പാദിച്ചിട്ടുള്ളവരിൽനിന്നു അവരുടെ മാർക്കുകളോ വിജയത്തിന്റെ ക്ലാസോ നോക്കിയും, ആവശ്യംപോലെ വാങ്മൂലവും അഭിമുഖവുമായ പരീക്ഷ നടത്തിയും, സമുദായപ്രാതിനിധ്യമോ മറ്റോ നോക്കണമെങ്കിൽ അതിനെ ആദരിച്ചും, സർക്കാരുദ്യോഗങ്ങൾക്കു ആളുകളെ തിരഞ്ഞെടുക്കാവുന്നതാണ്. ഇതിന്നും അനുദ്യോഗസ്ഥന്മാർകൂടെ അടങ്ങിയ ഒരു സ്റ്റാഫ് സിലക്ഷൻബോർഡിനെ നിയമിക്കുന്നതു ഗുണകരമായിരിക്കും. ഓരോതരം ഉദ്യോഗത്തിന്നു വേറെവേറെ പരീക്ഷ വച്ചു പരീക്ഷകളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതു ദോഷപ്രദമാണ്. ഇതുനിമിത്തം യുവജനങ്ങളുടെ ശക്തിയും സമയവും അനാവശ്യമായി നഷ്ടപ്പെടുന്നു. ഓരോതരം ഉദ്യോഗത്തിന്നു വേണ്ട പ്രത്യേകപരിശീലനം അതാതുതരം ജോലിയിൽ ഏർപ്പെട്ടുകൊണ്ടു സമ്പാദിക്കേണ്ടതാണ്. സാങ്കേതികവിദ്യാലയങ്ങളും ഈ തത്വമനുസരിച്ചുതന്നെയാണു ജോലി നടത്തുന്നതു്. ചില സാങ്കേതികവകുപ്പുകളിൽ, അത്തരം പരിശീലനത്തിന്നു യോഗ്യതാസെട്ടിഫിക്കെറ്റു സമ്പാദിച്ചവരെമാത്രമേ നിയമിക്കയുള്ളു എന്നു വച്ചിരിക്കുന്നതു മേൽപറഞ്ഞ തത്വത്തിന്നു വിപരീതമല്ല. പ്രധാനപരീക്ഷകൾ വെറും ഓർമ്മശക്തിയെ ക്രമത്തിലധികം ഉപയോഗിക്കേണ്ടവയായിരിക്കരുതു്. പരീക്ഷാസമയത്തു പാഠപുസ്തകങ്ങൾ നോക്കാൻ അനുവദിക്കുന്നതു ഗുണപ്രദമായിരിക്കും.

“മനുഷ്യജീവിതം ഒരു ചാൺ നീളമെയുള്ളു”

“ജനുഷ്യജീവിതം ആവശ്യം വേണ്ടതിലധികം ദീർഘമായിരിക്കുന്നു.”

“മനുഷ്യജീവിതം കാടികലക്കിവച്ചിരിക്കുന്ന തൊട്ടിക്കുചുറ്റും തിക്കിതിരക്കിക്കൂടുന്ന പന്നികളുടെ മത്സരമാകുന്നു.”

“മനുഷ്യജീവിതം മുമ്പിൽ ഒരുപിടി വയ്ക്കോലും കാണിച്ചുകൊണ്ടു ചന്തയിലേക്കു നയിക്കപ്പെടുന്ന ഒരു കഴുതയാണ്”

# ഉദ്ധാരണങ്ങൾ

## ബാലപരിശീലനം.

ഫാമിലിറവ്യൂ എന്ന മാസികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ചെറുലേഖനസംഗ്രഹമാണ് താഴെ ചേൎക്കുന്നതു്.

"ഒരു കട്ടിയെ ശ്രദ്ധയും സ്നേഹവുമുള്ള മാതാപിതാക്കന്മാരാണ് വളൎത്തുന്നതെങ്കിൽ അയാൾ നിഷ്കളങ്കഹൃദയനും, ആത്മവിശ്വാസമുള്ളവനും, സ്നേഹമുള്ളവനുമായിത്തീരുന്നതാണ്. അയാളുടെ ബന്ധുക്കളെപ്പററി അറിയുവാൻ സാധിച്ചില്ലെങ്കിലോ, അവർ ക്രൂരവും അശ്രദ്ധാപൂരിതവുമായ വിധത്തിലാണ് അയാളോടു പെരുമാറുന്നതെങ്കിലൊ അയാൾ ഭീരുവും നമ്രമുഖനും സംശയചിത്തനുമായിത്തീരുമെന്നുള്ളതിനു സംശയമില്ല. കഠിനമായ ഒരു നിയമനസമ്പ്രദായംകൊണ്ടു മൎദ്ദിക്കപ്പെടുന്നു എങ്കിൽ അയാൾ അടങ്ങിഒതുങ്ങി ജീവിക്കും. അയാളുടെ ഇഷ്ടമനുസരിച്ചു ജീവിക്കുവാൻ അനുവദിക്കുകയാണെങ്കിൽ അശ്രദ്ധനും അനുസരണമില്ലാത്തവനുമായിത്തീരുന്നു. എന്നാൽ മിതവ്യയശീലത്തോടും ദൃഢതയോടും കൂടി സന്തോഷകരമായ ഒരു ജീവിതം നയിക്കുകയാണെങ്കിൽ അയാളുടെ ഹൃദയം പ്രഫുല്ലമാകയും, മനസ്സ് പരിസരമനുസരിച്ചു ശക്തിയുള്ളതായിത്തീരുകയും ചെയ്യും. അയാൾ ഏകാകിയും, സ്വന്തം ആളുകളുടെ ഏകവാത്സല്യഭാജനവുമാണെങ്കിൽ അയാൾ സ്വാൎത്ഥിയായിത്തീരുന്നു. എന്നാൽ നിസ്വാൎത്ഥങ്ങളായ പലജോലികൾ നിൎവ്വഹിക്കുന്ന സഹോദരന്മാരുടെയും സ്നേഹിതന്മാരുടെയും കൂട്ടത്തിലാണെങ്കിൽ അയാൾ അശ്രദ്ധയുടെയും ധൎമ്മത്തിന്റെയും അൎത്ഥമെന്തെന്നു ഗ്രഹിക്കുന്നതാണ്.

കട്ടിയുടെ ജീവിതം അയാളുടെ ബാല്യകാലത്തെ പരിസരത്തെയാണ് പൂൎണ്ണമായി അവലംബിക്കുന്നതു്. അതായതു് അയാളുടെ മാതാപിതാക്കന്മാരെയും, അദ്ധ്യാപകന്മാരെയും കൂട്ടുകാരെയും ആണു ആശ്രയിച്ചിരിക്കുന്നതു്. ഒരു ലത വളരാൻ തുടങ്ങുമ്പോൾ നമുക്കു ഇഷ്ടംപോലെയുള്ള രീതിയിൽ അതിനെ വളൎത്താവുന്നതുപോലെ, കട്ടികളെയും മാതാപിതാക്കന്മാർ ആഗ്രഹിക്കുന്നു എങ്കിൽ ശരിയായ വിധത്തിൽ വളൎത്തിക്കൊണ്ടുവരാവുന്നതാണ്. "ദൈവം നമുക്കു കുഞ്ഞുങ്ങളെ നൽകിയിരിക്കുന്നു എന്നും അദ്ദേഹം അവരെ നോക്കിക്കൊള്ളും" എന്നുമുള്ള ഒരു അന്ധവിശ്വാസം ഇന്നും അജ്ഞരായ മാതാപിതാക്കന്മാരുടെയിടയിൽ നിലനിന്നുവരുന്നു. സത്യസന്ധരും, ദേശാഭിമാനികളും, ഉത്തമപൌരന്മാരും ആയിത്തീരണമെ

ന്നുള്ള ഉദ്ദേശത്തോടുകൂടി പരിശീലനം നൽകുന്നതിന് അവരെ ഏൽപ്പിച്ചിട്ടുള്ള ദൈവത്തിന്റെ ആജ്ഞകളെ ധിക്കരിക്കുകയാണിത്. ഈ ഉത്തരവാദിത്വത്തെ ദുരുപയോഗപ്പെടുത്തുന്നവർ ദേശത്തിന്റെയും ദൈവത്തിന്റെയും ദൃഷ്ടിയിൽ പാപികളാകുന്നു.

വിദ്യാഭ്യാസം സിദ്ധിച്ചവരെന്നു പറയുന്നവരുടെ കൂട്ടത്തിലും ഗൌരവതരവും ക്രൂരവുമായ ഭരണത്തിൽ വിശ്വസിക്കുന്ന മാതാപിതാക്കന്മാരുണ്ട്. ഗൌരവതരമായ ഭരണം നല്ലതാണ്. എന്നാൽ അതു ക്രൂരതരമായാൽ, ക്രൂരനേത്രങ്ങളോടും, ആജ്ഞാരൂപത്തിലുള്ള വാക്കുകളോടും, കരത്തിൽ ദണ്ഡോടുംകൂടി സദാ ഭരിക്കുകയാണെങ്കിൽ, ആ മാതാപിതാക്കന്മാർ അവരോടു കാണിക്കേണ്ടതായ സ്നേഹത്തേയും ബഹുമാനത്തേയും നഷ്ടപ്പെടുത്തുകയായിരിക്കും ചെയ്യുന്നത്. ഒരു ചെറിയ കുട്ടി അറിയാതെയൊ മറേറാ നിസ്സാരമായ ഒരു കുററം ചെയ്താൽ ക്ഷുഭിതനായി മൃഗീയമാംവണ്ണം അടിക്കുന്ന പിതാക്കന്മാർ അസുലഭമല്ല. കോപത്തോടുകൂടി ഓരോ സന്ദർഭത്തിലും കുട്ടിയെ അടിക്കുമ്പോൾ നിന്ദയും വെറുപ്പുമാണ് ജനിക്കുന്നതെന്ന് അവർ മനസ്സിലാക്കണം. കുട്ടികളുടെ അഭിവൃദ്ധിയേയും സ്നേഹത്തേയും ആശിക്കുന്ന മാതാപിതാക്കന്മാർ സ്നേഹത്തെ ആസ്പദമാക്കിയിട്ടുള്ള പരിശീലനമാണ് നൽകേണ്ടതെന്ന് ഈ വിഷയത്തിൽ വിദഗ്ദ്ധന്മാരായിട്ടുള്ളവർ ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നു. "സ്നേഹിതനായിട്ടുള്ള ഒരാൾ സ്നേഹമുള്ളവനാണെന്നു കാണിച്ചുകൊടുക്കണം. നിങ്ങളുടെ സ്നേഹിതന്മാരോടു അനിഷ്ടമായിട്ടു പെരുമാറിയാൽ അവരുടെ സ്നേഹവും അഭിനന്ദനവും സമ്പാദിക്കാൻ സാധിക്കയില്ലെന്നു നിങ്ങൾക്ക് അറിയാമല്ലൊ. സാദൃശ്യം സാദൃശ്യത്തെ ആകർഷിക്കുന്നു. നിങ്ങളുടെ പുത്രനോട് മൃഗീയമായി പെരുമാറുകയാണെങ്കിൽ അയാളിൽ ഉൽകൃഷ്ടഗുണങ്ങൾ ഉണ്ടാകുമെന്ന് ആശിക്കുന്നതു അബദ്ധമാണ്" എന്നാണ് ഒരു പ്രസിദ്ധ ഗ്രന്ഥകാരൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇതിൽനിന്നും മാതാപിതാക്കന്മാർ സ്നേഹവും ബഹുമാനവും കാണിച്ചാൽ മാത്രമെ കുട്ടികളിലും അവ ഉണ്ടാകയുള്ളു എന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ. മനുഷ്യവർഗ്ഗത്തിന്റെ ആദിമചരിത്രത്തിൽ കുട്ടികളെ പലവിധത്തിലുള്ള വിഷമതകൾക്കും മൃഗീയമായ ഹീനകൃത്യങ്ങൾക്കും വശംവദരാക്കിയിരുന്ന ഒരുകാലമുണ്ടായിരുന്നു. ഇന്ന് ഒരു വലിയ മാററം സംഭവിച്ചിട്ടുണ്ട്.

എന്നാൽ കുട്ടികളെ സ്നേഹംകൊണ്ടു ഭരിക്കണമെന്നു പറഞ്ഞാൽ കുട്ടികളെ സ്വാർത്ഥത്തിലും ക്രൂരതയിലും രാക്ഷസന്മാരാക്കുന്ന ബുദ്ധിശൂന്യമായ സ്നേഹം കാണിക്കണമെന്നല്ല അർത്ഥമാക്കേണ്ടത്. നിയമനം പാലിക്കുക, നിയന്ത്രിക്കുക, സ്വാതന്ത്ര്യം കൊടുക്കുക എന്നിവയിൽ ബുദ്ധിപൂർവ്വകമായ സ്നേഹമാണ് ആവശ്യം. അവരുടെ ദുർശ്ശാഠ്യങ്ങൾക്കും ദുശ്ശീലങ്ങ

ൾക്കു സ്വാതന്ത്ര്യങ്ങൾക്കും വശംവദരായിത്തീരുന്ന മാതാപിതാക്കന്മാർ അവരെ ദ്രോഹിക്കുകയാണു ചെയ്യുന്നത്. കുട്ടികൾ പള്ളിക്കൂടങ്ങളിൽ നിന്നും ഗൃഹത്തിൽ എത്തിയാൽ അവരെ അനാവശ്യമായി ലാളിക്കുന്നു. കയ്യിനൊ കാലിനൊ അല്പം മുറിവുപററിയാൽ നാം അനുകമ്പ കാണിച്ച് അവരെ കരയുവാൻ പ്രേരിപ്പിക്കുന്നു. ആ വേദന സഹിക്കുന്നതിന് പ്രോത്സാഹിപ്പിക്കയാണ് വേണ്ടതു്. ഇങ്ങനെ പലപ്രകാരത്തിൽ ബുദ്ധിശൂന്യതയോടുകൂടിയ മാതാപിതാക്കന്മാർ കുട്ടികളുടെ സ്വാതന്ത്ര്യത്തെ വളർത്തി അസഹനീയമാക്കുന്നു. അവർ അവരുടെ ധീരതയേയും ആത്മവിശ്വാസത്തേയും നശിപ്പിക്കുന്നു. ഭീരുക്കളും അശക്തരുമാക്കി നാശത്തിനുള്ള മാർഗ്ഗം തെളിക്കുന്നു. മിക്ക കുട്ടികളുടേയും നാശത്തിനു കാരണം മാതാപിതാക്കന്മാരുടെ അതിരററതും ബുദ്ധിശൂന്യവുമായ ലാളനയാണ്.

കുട്ടികൾ തന്നത്താൻ ചെയ്യേണ്ട ജോലികൾ നിങ്ങൾ ചെയ്യരുതു്. അവരുടെ സ്വാർത്ഥങ്ങളായ ആഗ്രഹങ്ങൾ സാധിക്കുന്നതിനായി മററുള്ളവരുടെ അവകാശങ്ങളെ മർദ്ദിക്കുന്നതിനു അനുവദിക്കരുതു്. മററുള്ളവരുടെ അവകാശങ്ങളെ ബഹുമാനിക്കുവാൻ പഠിപ്പിക്കുക. എന്നാൽ ബഹുമാനിക്കേണ്ട ചില അവകാശങ്ങൾ അവക്കുമുണ്ടെന്നു് നാം ഒരിക്കലും വിസ്മരിച്ചുകൂട. കുട്ടികളുടെ പരിശീലനം, ലോകത്തിലെ ഏററവും വിഷമമുള്ളതും പരിപാവനവുമായ ഒരു കർമ്മമാകുന്നു. അതിന് മഹത്തായ ബുദ്ധിയും, വിവേകവും, ക്ഷമയും അത്യാവശ്യമാണ്. സ്നേഹത്തിൽ ഇതെല്ലാം ഉൾപ്പെടും".

## ഭാരതീയാദ്ധ്യാപകൻ.

"ടിടയിംസ് എഡ്യൂക്കേഷൻ സപ്ലിമെൻറിൽ" ഒരാൾ തൻെറ സ്മരണയിൽനിന്നും ഭാരതത്തിലെ എഴുത്താശാൻെറ ഒരു ചിത്രം വരച്ചിട്ടുണ്ട്. അതിൽ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം.

ഇദ്ദേഹത്തിൻെറ പേരു് ഒരു പുസ്തകത്തിലും കാണുകയില്ല. വയസ്സ് നൂറു ആയിട്ടുണ്ടെങ്കിലും സദാ സന്തോഷചിത്തനായി കാണപ്പെടുന്നു. താടി വളരെ നീണ്ടുകിടപ്പുണ്ട്. ധരിച്ചിട്ടുള്ള വസ്ത്രം വളരെ വലുതായതുകൊണ്ട് കാററത്തു അങ്ങോട്ടുമിങ്ങോട്ടും പറക്കുന്നു. അദ്ദേഹത്തിൻെറ ജ്ഞാനം അഗാധവും അവസാനമില്ലാത്തതുമായിട്ടാണ് എല്ലാവരും വിചാരിച്ചുവരുന്നത്. അദ്ദേഹത്തിന് അല്പം മന്ത്രവാദവും അറിയാം. ഒരു പ

ശുവിനൊ മറെറാ എന്തെങ്കിലും രോഗമൊ മുറിവൊ പററിയാൽ ദുഃഖിതനായ ഉടമസ്ഥൻ ആശാൻെറ സന്നിധിയിൽ കുറെ സമ്മാനങ്ങളോടുകൂടി വന്ന് ചില അടയാളങ്ങളും അക്ഷരങ്ങളുമുള്ള ഒരു കടലാസ്സ വാങ്ങിക്കും. ഈ കടലാസ്സ് ഉടമസ്ഥൻെറ കയ്യിന്മേൽ കെട്ടിയിടും. അതിന് മാന്ത്രികശക്തിയുണ്ടെന്നാണു വിചാരിക്കുന്നതു്. മൃഗത്തിനു സുഖപ്പെട്ടാൽ ആശാനെ സ്തുതിക്കും. മൃഗം ചത്തുപോയാൽ ഉടമസ്ഥൻ എന്തൊ ചില കാര്യങ്ങളിൽ ദേവതമാരെ നിന്ദിച്ചു എന്നുപറഞ്ഞു് കുററപ്പെടുത്തും.

ആശാൻ ബാഹ്യമായിട്ട് ഒരു എഴുത്തുകാരനും അദ്ധ്യാപകനുമായിട്ടാണ് അറിയപ്പെടുന്നതു്. അതുകൊണ്ട് വിദേശീയരുമായി ഇടപെടുന്നതിനു അനുവദിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ പല ഭാഷകൾ പഠിക്കുകയും സാമാന്യജ്ഞാനം സമ്പാദിക്കുകയും ചെയ്തിരുന്നു. ചില പഴയ പുസ്തകശാലയിൽനിന്നും നന്ദിയുള്ള ചില പഴയ കുട്ടികളിൽനിന്നും കുറെ പുസ്തകങ്ങളുംമററും അദ്ദേഹം ശേഖരിച്ചിരിക്കും. ചില കുപ്പികളിൽ കുറെ മരുന്നും സൂക്ഷിച്ചിരിക്കും. അദ്ദേഹത്തിൻെറ വീടിന് അടുത്തു വെളിയിലായിട്ടു ഒരു പേരാല് കാണാവുന്നതാണ്. അതിൻെറ ചുവട്ടിൽകാലത്തു് എട്ടുമണിമുതൽ മദ്ധ്യാഹ്നസമയംവരെ അദ്ദേഹം തൻെറ വിദ്യാൎത്ഥികളെ പഠിപ്പിച്ചുകൊണ്ടിരിക്കും. ഏകദേശം ഇരുപതൊ ഇരുപത്തിരണ്ടൊ പേർ കാണും. അവർ ഓരോ ചെറിയ മുണ്ടു മാത്രമെ ധരിച്ചിരിക്കയുള്ളു. അദ്ദേഹത്തിൻെറ ജ്ഞാനംകൊണ്ടു അവരെ വിസ്മയഭരിതരാക്കുന്നതിനാൽ കണ്ണുതുറിച്ചു്, ശ്വാസംവിടാതെ നോക്കിക്കൊണ്ടിരിക്കുന്നതു കാണാം. അദ്ദേഹത്തിൻെറ അരികിലായി ഒരു പഴയ ചൂരലും കുറെ പൗരസ്ത്യസാഹിത്യഗ്രന്ഥങ്ങളും കിടപ്പുണ്ട്. ഈ സാഹിത്യം പനയോലകളിൽ നാരായംകൊണ്ടാണു എഴുതിയിരുന്നതു്. പനയോലകൾ ഒരു ചരടുകൊണ്ട് തുന്നിയിരുന്നു. അവ വിടുത്തുമ്പോൾ ഒരു വിശറിപോലെയിരിക്കും. അവയിൽ പല കാര്യങ്ങളും അസാമാന്യമായ രീതിയിൽ എഴുതിയിരിക്കും. ദേശവാസികൾക്ക് അങ്ങിനെ ചെയ്യുവാൻ സാധിക്കയില്ലെന്നാണു വിശ്വാസം.

അദ്ദേഹത്തിൻെറ അദ്ധ്യയനരീതി ക്ലാസ്സിനെ പല തരക്കാരായി വിഭജിക്കുകയായിരുന്നു. ചെറിയ കുട്ടികൾമുതൽ പ്രായമായ വിദ്യാൎത്ഥികൾവരെ ഉണ്ടായിരുന്നു. അവൎക്ക് ഓരോ ജോലി കൊടുക്കും. അദ്ദേഹം ഉറക്കം തൂങ്ങുകയൊ പുസ്തകം വായിക്കുകയൊ ചെയ്തുകൊണ്ടിരിക്കും. പല ഭാഗങ്ങളിൽനിന്നും കുട്ടികൾ അവരുടെ പാഠങ്ങൾ ഉറക്കെ ചൊല്ലുന്നതുകൊണ്ട് വലിയ ശബ്ദം മുഴങ്ങിക്കൊണ്ടിരിക്കും എങ്കിലും, അദ്ദേഹം ഉടനെ തെററു കണ്ടുപിടിക്കുകയും, വടിയുമായി അവിടെ എത്തുകയും ചെയ്യും.

മദ്ധ്യാഹ്നത്തോടുകൂടി ഗുരുവും ശിഷ്യന്മാരും ക്ഷീണിച്ചു് ഉറക്കംതൂങ്ങുവാൻ തുടങ്ങുന്നതുകൊണ്ട് അവർ പഠിത്തംനിറുത്തി പിരിയും. ശിഷ്യ

ന്മാർ ഗുരുവിന് പലതവണ നമസ്കാരം പറഞ്ഞു അദ്ദേഹത്തെ വിശ്രമത്തിനനുവദിക്കും. ചിലപ്പോൾ ഒരെഴുത്തെഴുതുവാൻ ആഗ്രഹിക്കുന്ന ഒരാൾ അദ്ദേഹത്തിന്റെ വിശ്രമത്തെ ഭഞ്ജിക്കും. മററു ചിലപ്പോൾ ഒരു സ്ത്രീ അവിടെ വന്ന് തന്റെ ഭർത്താവിനയക്കുന്നതിനായി ഒരെഴുത്ത് എഴുതി കൊടുക്കണമെന്നാവശ്യപ്പെടും. ഭർത്താവ് അനേകനാഴിക ദൂരെ ഒരു സ്ഥലത്ത് ഒരു ഭടനായിരിക്കും. അദ്ദേഹം തന്റെ കുപ്പായക്കീശകളെല്ലാം പരിശോധിച്ചു കുറെ ഓലകളും മണ്ണുകൊണ്ടുണ്ടാക്കിയിട്ടുള്ള മഷിക്കുപ്പിയും പുറത്തെടുക്കും. മഷിക്കുപ്പിയിൽ അഞ്ചാറുതുള്ളി വെള്ളമൊഴിക്കും. അതിനുശേഷം എഴുത്ത് ആരംഭിക്കുകയോ സ്ത്രീയോടു എഴുതേണ്ടതു പറയുവാൻ ആവശ്യപ്പെടുകയോ ചെയ്യും. സ്ത്രീക്ക് എഴുത്തുഎഴുതുന്നതിൽ സാമർത്ഥ്യമില്ല. അതുകൊണ്ട് ആശാൻ കുറേനേരം വെറുതെയിരിക്കും. ആ സമയംകൊണ്ട് അയൽവാസികൾ എത്തുമെന്നും അദ്ദേഹത്തിന്റെ ജോലികൊണ്ട് അത്ഭുതപ്പെടുമെന്നും അദ്ദേഹത്തിനു അറിയാം. കുറച്ചുസമയം കഴിഞ്ഞാൽ ആ സ്ത്രീ എന്തെല്ലാമാണ് ഭർത്താവിനുള്ള എഴുത്തിൽ ഉണ്ടായിരിക്കേണ്ടതെന്നു പറയും. അവർ പറഞ്ഞുകഴിഞ്ഞാൽ ഭർത്താവിന്റെ പേരും മേൽവിലാസവും ചോദിച്ചു വീണ്ടും ഇങ്ങനെ പറയും:—

"ഇത്തുമതി നിങ്ങൾക്കും കുടുംബത്തിനും ക്ഷേമമാണെന്നു അറിയിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു. അദ്ദേഹത്തിനും അങ്ങനെതന്നെ എന്നു അറിയണം. നിങ്ങൾക്കു കുറച്ചു രൂപയ്ക്കു ആവശ്യമുണ്ടെന്നും, വീട്ടിൽ അരിയും നെയ്യും വെററിലമുറുക്കാനും ഇല്ലാത്തതുകൊണ്ടു കുറച്ചുരൂപ അയച്ചുതരണമെന്നും കൂടി എഴുതണം."

സ്ത്രീയും ഗ്രാമവാസികളും ചുററുംകൂടി അത്ഭുതപരതന്ത്രരായി കൈപൊക്കി സ്തുതിക്കും. ഇങ്ങനെ എഴുത്തെഴുതി അയക്കും.

ഉച്ചകഴിഞ്ഞാൽ ആശാൻ ഇംഗ്ലീഷുയുവാക്കളെ ദേശഭാഷ പഠിപ്പിക്കുവാൻ പോകും. അയാളുടെ വെളുത്ത താടിയേയോ, അപാരജ്ഞാനത്തേയോ ഇംഗ്ലീഷുയുവാക്കന്മാർ ബഹുമാനിച്ചിരുന്നില്ല. അവർ പല ചോദ്യങ്ങളും ചോദിച്ചു അദ്ദേഹത്തെ ഉപദ്രവിക്കും. ആശാൻ ഇതെല്ലാം സഹിച്ചു ചോദ്യങ്ങൾക്കെല്ലാം ഉത്തരം പറയും. എന്തുകൊണ്ടെന്നാൽ അവർ നല്ല ശമ്പളം കൊടുത്തിരുന്നു. അദ്ദേഹത്തെ പലപ്രകാരത്തിലും ഉപദ്രവിച്ചിരുന്ന ഇംഗ്ലീഷുയുവാക്കൾപോലും "ഇങ്ങനെയൊക്കെയാണെങ്കിലും വയസ്സനായ ആശാൻ ഒരു നല്ല മനുഷ്യനാണ്" എന്നു പറഞ്ഞിരുന്നു എന്ന് അദ്ദേഹത്തിനു അറിയാം.

## റഷ്യയിലെ പഞ്ചാംഗം.

'സ്കാളർ' എന്ന മാസികയിൽ ഇങ്ങനെ ഒരു കുറിപ്പു ചേർത്തിരിക്കുന്നു.

റഷ്യയിലെ തൊഴിലാളികൾ ആഴ്ചയിൽ അഞ്ചുദിവസമെ ഉണ്ടായിരിക്കാവൂ എന്ന് ആവശ്യപ്പെട്ടതനുസരിച്ചു അവിടത്തെ പഞ്ചാംഗത്തിൽ ഒരു വലിയ ഭേദഗതി ചെയ്തിരിക്കുന്നു. പഞ്ചാംഗം പരിഷ്കരിക്കുവാൻ പല രാജ്യങ്ങളിലും ശ്രമിച്ചിട്ടുണ്ട്. ഫ്റഞ്ചുവിപ്ലവത്തിൻെറ അവസാനകാലത്തു് ഫ്റാൻസിലും ശ്രമിക്കുകയുണ്ടായി. എന്നാൽ റഷ്യയിലെ ഭരണസമിതി നടപ്പിലാക്കിയതു പോലെയുള്ള ഒരു പരിഷ്കാരത്തിന് ആരുംതന്നെ ശ്രമിച്ചിട്ടില്ല. റഷ്യയിലെ പുതിയ പഞ്ചാംഗത്തിനു പല വിശേഷതകളുമുണ്ട്. ബോൾഷവിക്ക് കാലം ആരംഭിക്കുന്നതു് റഷ്യയിലെ വിപ്ലവസംവത്സരമായ ൧൯൧൭-ൽ ആണ്. അതു് ഒന്നാംകൊല്ലമായിരിക്കും. ഒരു കൊല്ലത്തെ ൩൬൦ വേലയുള്ള ദിനങ്ങളായിട്ടും അഞ്ചു ഒഴിവുദിനങ്ങളായിട്ടും ഭാഗിച്ചിരിക്കുന്നു. ഒരുകൊല്ലത്തിൽ പന്ത്രണ്ടു മാസങ്ങൾതന്നെയാണുള്ളതു്. അവയുടെ പേരും പഴയവതന്നെയാണ്. ഓരോ മാസത്തിലും അയ്യഞ്ചു വേലയുള്ള ദിവസങ്ങളുള്ള ആറു ആഴ്ചകളുണ്ട്. ഒഴിവുദിവസങ്ങൾ ഒരു മാസത്തിലും ഉൾപ്പെട്ടുത്തിയിട്ടില്ല. എന്നാൽ അവ ഓരോ മാസങ്ങളുടേയും ഇടക്ക് യോജിച്ചവിധം ചേർത്തിട്ടുണ്ട്. ശനിയാഴ്ചയും ഞായറാഴ്ചയും ഉപേക്ഷിച്ചിരിക്കുന്നതുകൊണ്ട് ആ പേരുകൾ കാണുകയില്ല. ആഴ്ചയിലെ അഞ്ചുദിവസങ്ങളുടേയും പേരുകൾ പഴയവ തന്നെ.

## മഹത്വം.

'ദി സ്റ്റുഡൻറ്' എന്ന മാസികയിൽ അതിൻെറ ഉപപത്രാധിപന്മാരിൽ ഒരാൾ ഇങ്ങനെ എഴുതുന്നു.

ഉന്നതകുലജനനം ഒരാളെ മഹാനാക്കുകയില്ല. ധാരാളം പണവും ഒരാളെ ബഹുമാന്യനാക്കുകയില്ല. എന്നും നിലനില്ക്കുന്ന പ്രാധാന്യതയോടു കൂടിയതും ഉപയോഗകരവുമായ പ്രവൃത്തികൾ ചെയ്യുന്നവൻ മാത്രമാണ് മഹാൻ. ജോലിയാണ് മഹത്വത്തിൻെറ ഉല്പത്തിസ്ഥാനം. തലയിൽ ഒരു വലിയ തൊപ്പിവയ്ക്കുന്നതൊ, വലിയ കുടുംബത്തിൽ ജനിച്ചു എന്നു പറയുന്നതൊ, ഉജ്വലമായ ഒരു പ്രസംഗം ചെയ്യുന്നതൊ മഹത്വലക്ഷണമല്ല. മഹത്വം സുസ്ഥിരമായ ഒരു അടിസ്ഥാനത്തിലാണ് സ്ഥി

തിചെയ്യുന്നതു്. യഥാർത്ഥമായ ജോലിയാണ് ഒരു മഹദ്ജീവിതത്തിൻെറ മാനദണ്ഡം. ജോലി മാത്രവും പോരാ- അതു് ബുദ്ധിപൂർവകവും നിസ്സ്വാർത്ഥവുമായിരിക്കണം.

"സ്വഭാവമാണ് മാന്യതയുടെ ആത്മാവു്". നീചസ്വഭാവിയായ യാതൊരാൾക്കും സുയശസ്സു സമ്പാദിക്കാവുന്നതല്ല. നല്ല സ്വഭാവമാണ് ഒരുത്തനെ നല്ല യശസ്സിനു യോഗ്യതയുള്ളവനാക്കിത്തീർക്കുന്നതു്. ആത്മശുദ്ധിയും സ്ഥിരബുദ്ധിയും അപ്രധാനങ്ങളല്ല. അസത്യം യശസ്സിനേയും ഭാഗ്യത്തേയും നശിപ്പിക്കുന്നു. തരംപോലെ മാറുന്ന ഒരാൾക്കു അധികനാൾ ജനങ്ങളുടെ ആരാധനാപാത്രമായിരിക്കുവാൻ കഴികയില്ല. ഒരു മഹാനും ഒരു നല്ല മനുഷ്യനും തൻെറ വാക്കനുസരിച്ചു പ്രവർത്തിക്കണം. തത്വങ്ങൾ പറഞ്ഞോ, അസത്യം പറഞ്ഞോ അധികനാൾ ജനങ്ങളെ വഞ്ചിക്കുവാൻ സാധിക്കയില്ല. തക്കതായ കാരണമുണ്ടെങ്കിലെ തൻെറ അഭിപ്രായം മാററാവൂ. 'ഒരു അഭിപ്രായം രൂപീകരിക്കുവാൻ ബുദ്ധിയുള്ളവന് അതു മാററുവാനും ബുദ്ധിയുണ്ട്'. ധീരതയും അത്യാവശ്യമാണ്. ഒരു മനുഷ്യൻ ഒരു വലിയ പേരെടുക്കുന്നതിനുമുമ്പു് വലിയ ധീരത ആവശ്യമായിരിക്കുന്നു. ഒരുത്തൻ ചിന്തയിൽ എത്ര യോഗ്യനും, പ്രവൃത്തിയിൽ എത്ര സമർത്ഥനുമായിരുന്നാലും ധീരതയില്ലെങ്കിൽ മണലാരണ്യത്തിലെ പുഷ്പം പോലെ നശിച്ചുപോകുന്നതാണ്, തൻെറ ചിന്തകൾ പ്രവൃത്തിരൂപത്തിൽ വരുത്തുന്നതിനും എതിരുവരുമ്പോൾ അതിനെ നേരിടുന്നതിനും ഉള്ള ധീരതയെങ്കിലും ഉണ്ടായിരിക്കണമല്ലൊ. ജീവാവസാനംവരെ 'മഹത്വം' എന്നു പറയുന്നതിൽ അടങ്ങിയിരിക്കുന്ന ചുമതലകൾ നിർവഹിക്കാത്ത ഒരുവനേയും മഹാനെന്നു പറഞ്ഞുകൂട.

## പുസ്തകാഭിപ്രായം.

### ചഞ്ചലകുമാരി.

പരിഭാഷകൻ:— എ. ഡി. രാമചന്ദ്രശർമ്മ ഞാറയ്ക്കൽ.

വില രൂ 1. 8ണ.

വംഗഭാഷാസാഹിത്യത്തിൽ മലയാളികൾക്കു് വലിയ അഭിരുചി തോന്നിയിട്ടുള്ള ഒരു കാലമാണല്ലൊ ഇതു്. ആ സാഹിത്യത്തിൽ നിന്നും പല കൃതികളും ഇന്നു മലയാളത്തിലേക്കു വിവർത്തനം ചെയ്യിട്ടുണ്ട്. വംഗസാഹിത്യത്തോടു പ്രത്യേകം പ്രതിപത്തി ജനിക്കുവാനുള്ള പ്രധാനകാര

ണഭ്രതന്മാർ ബങ്കിമചന്ദ്രചതോപാദ്ധ്യായനും രവീന്ദ്രനാഥടാഗോറും ആണ്. ഈ രണ്ടു സാഹിത്യകാരന്മാരുടേയും കൃതികൾ വായിക്കുന്നതിനുവേണ്ടി വംഗഭാഷ പഠിച്ചിട്ടുള്ള പലരും ഇന്നു മലയാളത്തിലുണ്ട്. രവീന്ദ്രനാഥടാഗോറിൻെറ ചില ആഖ്യായികകളും ചെറുകഥകളും ചുരുക്കം ചില കവിതകളും ഗീതാവലിയും മലയാളത്തിലേക്കു വിവൎത്തനം ചെയ്തിട്ടുണ്ട്. എന്നാൽ ഈ വിവൎത്തനം അഭിനന്ദനീയമായ വിധത്തിൽ നിൎവ്വഹിച്ചിട്ടുണ്ടോ എന്നുള്ള കാൎയ്യം സംശയാസ്പദമാകുന്നു. ബങ്കിമചന്ദ്രൻെറ കൃതികളിൽ ഒട്ടുമുക്കാലും മലയാളഭാഷയിൽ വിവൎത്തനം ചെയ്തിട്ടുണ്ട്. മലയാളഭാഷാഖ്യായികകളിൽ അവയ്ക്കു് ഉന്നതമായ ഒരു സ്ഥാനവുമുണ്ട്. ആപാദചൂഡം ഒന്നുപോലെ ഹൃദയംഗമമായ ഈ ആഖ്യായികകൾ ഭാരതഭാഷാദേവികൾക്കെല്ലാം എന്നും അനൎഘാഭരണങ്ങളാണെന്നുവേണം പറയുവാൻ.

ഭാരതവൎഷത്തിൻെറ പൂൎവ്വചരിത്രത്തിൽ പ്രധാനഭാഗം വഹിക്കുന്ന വീരവൃത്തിക്കു് ഉത്തമോദാഹരണമായ രാജസ്ഥാനസാമ്രാട്ടുകളുടെ ജീവചരിത്രം അത്യന്തം ഹൃദയംഗമവും സുപ്രസിദ്ധവുമാണ്. അനേകശതവൎഷങ്ങളായി വിദേശീയഭരണത്തിനടിമപ്പെട്ട് ആയുധാഭ്യാസരഹിതന്മാരും സ്വരക്ഷണത്തിനുപോലും അശക്തരും ആയ ഇന്നത്തെ ഭാരതീയരിൽ ദുർല്ലഭങ്ങളായിത്തീൎന്നിരിക്കുന്ന ധൈൎയ്യം, സ്വാഭിമാനം, സഹനശക്തി, സ്വാൎത്ഥത്യാഗം മുതലായി നിരവധി ഗുണങ്ങൾക്കു് ഈ രാജാക്കന്മാരും രാജ്ഞിമാരും നിദാനങ്ങളാണെന്നുകാണുമ്പോൾ ആധുനികലോകം അത്യന്തം അത്ഭുതപ്പെട്ടുപോകുന്നു. തന്നിമിത്തം ഇവരുടെ കഥകളിൽ കൂടിയും ഒരു അത്ഭുതരസം പ്രവഹിക്കുന്നു. ഇപ്രകാരമുള്ള കഥകളേയും പാത്രങ്ങളേയും അടിസ്ഥാനപ്പെടുത്തി വംഗഭാഷയിൽ എഴുതിയിട്ടുള്ള ബങ്കിമചന്ദ്രൻെറ ഒരു ആഖ്യായികയുടെ തൎജ്ജമയാണ് ഞങ്ങളുടെ അഭിപ്രായത്തിനു വിഷയീഭവിച്ചിരിക്കുന്ന "ചഞ്ചലകുമാരി".

ഈ ആഖ്യായികയിലെ സംഭവങ്ങൾ നടക്കുന്നതു് മുഗൾചക്രവൎത്തിയായ അറംഗസീബിൻെറ കാലത്താണ്. രൂപനഗരത്തിലെ രാജകുമാരിയായ ചഞ്ചലകുമാരി അറംഗസീബിൻെറ ഒരു പടം ചവിട്ടിപ്പൊട്ടിക്കുന്നതും ആ വിവരം ചക്രവൎത്തി അറിയുന്നതും, ചക്രവൎത്തിനിയുടെ ഹുക്കഅവളേക്കൊണ്ട് തയാറാക്കിക്കുമെന്ന് ശപഥം ചെയ്യുന്നതും, തനിക്കു വിവാഹം ചെയ്യുവാൻ രാജകുമാരിയെ ഡൽഹിയിലേയ്ക്കയക്കുവാൻ ഒരു കത്തും കൂട്ടിക്കൊണ്ടുവരുന്നതിന് ഒരു വലിയ സൈന്യവും രൂപനഗരത്തിലേക്കയക്കുന്നതും, ചക്രവൎത്തിയോടു പൊരുതുന്നതിന് അശക്തനായ രൂപനഗരരാജാവ് അങ്ങനെ സമ്മതിക്കുന്നതും, ഇതിനു വിമുഖിയായ ചഞ്ചലകുമാരി തന്നെ രക്ഷിക്കണമെന്ന് ഉദയപുരത്തിലെ രാജസിംഹനെ അറിയിക്കുന്നതും, രാജകുമാരിയെ ഡൽഹിയിലേക്കു കൊണ്ടുപോകുമ്പോൾ രാജസിംഹൻ

ഒരു മലയിടുക്കിൽ വച്ചു മുഗൾസൈന്യത്തെ തോല്പിച്ച് രാജകുമാരിയെ തന്റെ രാജധാനിയിലേക്ക് കൊണ്ടുപോകുന്നതും, അനന്തരമുണ്ടായ യുദ്ധത്തിൽ അറംഗസീബിനെ നിശ്ശേഷം പരാജിതനാക്കുന്നതും, ചഞ്ചലകുമാരിയുടെ പിതാവിന്റെ അനുവാദപ്രകാരം അവളെ വിവാഹം ചെയ്യുന്നതുമാണ് ഇതിലെ ഇതിവൃത്തം. രാജപുത്രന്മാരുടേയും മുഗൾസാമ്രാജ്യത്തിന്റേയും അന്നത്തെ സ്ഥിതി വേണ്ടപോലെ വിവരിച്ചിട്ടുണ്ട്. മുഗൾസാമ്രാജ്യത്തിന്റെ തലസ്ഥാനനഗരിയായിരുന്ന ഡൽഹിപട്ടണത്തിന്റെ അന്തസ്സും പ്രഭാവവും, അന്തഃപുരത്തിലെ അനാശാസ്യങ്ങളായ പ്രവൃത്തികളും കുടിലതന്ത്രങ്ങളും വ്യക്തമായി വർണ്ണിച്ചിരിക്കുന്നു. അറംഗസീബിന്റെ കുടിലതന്ത്രങ്ങളും പൈശാചിക വൃത്തികളും അദ്ദേഹത്തിന്റെ ഭാര്യമാരുടേയും സഹോദരിമാരുടേയും പുത്രികളുടേയും പരസ്പരവിരോധംകൊണ്ടുള്ള നീചവും നിഷ്ഠുരവുമായ ജീവിതക്രമങ്ങളും ഈ ആഖ്യായിക സ്പഷ്ടമായി കാണിക്കുന്നുണ്ട്. സാമ്രാജ്യാധഃപതനത്തിന്റെ ചില സൂചനകളും മനസ്സിലാക്കാവുന്നതാണ്.

കഥാഘടനയിലെന്നപോലെ പാത്രനിർമ്മാണത്തിലും വർണ്ണനയിലും അനിതരസാധാരണമായ പാടവം പ്രകടിപ്പിച്ചിട്ടുള്ള ബങ്കിംചന്ദ്രൻ ഇന്നും ആ വിഷയങ്ങളിൽ അദ്വിതീയനായിട്ടുതന്നെയാണിരിക്കുന്നത്. നായകനായ രാജസിംഹന്റെ യുദ്ധസാമർത്ഥ്യവും ധൈര്യവും നയവിശാരദതയും ആരേയും ഹഠാൽ ആകർഷിക്കുന്നതാണ്. നായികയായ ചഞ്ചലകുമാരിയുടെ ധീരതയും, അഭിമാനവും വിസ്മയനീയമാണ്. നായികയുടെ സഖിയായ നിർമ്മലകുമാരി ചില അവസരങ്ങളിൽ നായികയേക്കൂടി ജയിക്കുന്നുണ്ട്. വേഷംമാറി അരമനക്കകത്തു സഞ്ചരിക്കുമ്പോൾ അറംഗസീബിന്റെ കയ്യിലകപ്പെടുന്നതും, അദ്ദേഹത്തിന്റെ പത്നിയായിരിക്കുവാൻ വിസമ്മതിക്കുന്നതും, സധൈര്യം ചോദ്യങ്ങൾക്ക് ഒരു രാജപുത്രിക്കുചിതമായ വിധത്തിൽ ഉത്തരംപറയുന്നതും, തന്റെ പാതിവ്രത്യത്തെ സംരക്ഷിച്ചുകൊണ്ട് അവിടെ കുറെനാൾ താമസിക്കുന്നതും മററും എല്ലാവരേയും പുളകോൽഗമകാരികളാക്കുന്നു. തസ്കരപ്രമാണിയായിരുന്ന മാണിക്യലാലൻ ചഞ്ചലകുമാരി കൊടുത്തയച്ചിരുന്ന എഴുത്തു മോഷ്ടിച്ചതിനുശേഷം രാജസിംഹന്റെ കയ്യിൽ അകപ്പെടുകയും, അനന്തരം അദ്ദേഹത്തിന്റെ ഒരു വിശ്വസ്ഥസേവകനായിത്തീർന്ന് തന്റെ ജീവനേപ്പോലും തൃണവൽഗണിച്ച് തന്റെ യജമാനനെ സഹായിക്കുകയും അനവധി അപകടങ്ങളിൽനിന്നും രക്ഷപെടുകയും പല ധീരകൃത്യങ്ങൾ നിർവ്വഹിക്കുകയും ഒടുവിൽ ഒരു സ്ഥാനത്തെത്തി പ്രിയതമയായ നിർമ്മലയോടുകൂടി സസുഖം വസിക്കുകയും ചെയ്യുന്നു. ക്രൂരയും അഹങ്കാരിണിയുമായ ജേബുന്നിസ–അറംഗസീബിന്റെ പുത്രി–മബാരാക്കിനെ കാമിക്കുകയും എന്നാൽ വിവാഹം ചെയ്യാതിരിക്കുക

യും, മബരാക്ക് ദരിയായെ വിവാഹം ചെയ്തിട്ടുണ്ടെന്നറിയുമ്പോൾ അദ്ദേഹത്തിൽ അവാസ്തവങ്ങളായ കുററങ്ങൾ ആരോപിച്ച് രാജശാസനപ്രകാരം സർപ്പങ്ങളെക്കൊണ്ടു കടിപ്പിക്കുന്നതും മററും അവളിൽ വായനക്കാൎക്ക് വെറുപ്പുതോന്നിക്കുമെങ്കിലും ഒടുവിൽ അവൾക്കു സംഭവിക്കുന്ന ദയനീയാവസ്ഥയും സർപ്പദംശത്തിൽനിന്നും മാണിക്യലാലനാൽ രക്ഷിക്കപ്പെട്ട മബരാക്കിനെ വിവാഹം ചെയ്തു ഉടനെ മരണം സംഭവിക്കുന്നതുംമററും അവളിൽ അനുകമ്പ ജനിപ്പിക്കുന്നുണ്ട്. മബരാക്ക് അറംഗസീബിൻെറ ധീരനായ സേനാപതിയാണ്. മാണിക്യലാലൻ അദ്ദേഹത്തെ ശവക്കുഴിയിൽനിന്നും തോണ്ടിയെടുത്തു കൊണ്ടുപോയി വിഷമിറക്കിയതിനുശേഷം മബരാക്ക് രാജസിംഹൻെറ ഭാഗത്തു ചേരുകയും അറംഗസീബിനെ തോല്പിക്കുന്നതിനു സഹായിക്കുകയും ചെയ്യുന്നു. ഇതു് ഒരു വഞ്ചനയായിത്തോന്നിയേക്കാമെങ്കിലും തനിക്കു ലഭിച്ച സഹായത്തിന് പ്രത്യുപകാരമായിട്ടാണ് ചെയ്യുന്നതു്. ധീരനായ അദ്ദേഹം ദരിയായുടെ വെടിയേററു മരിക്കുന്നു. ഇതു് വായനക്കാരിൽ സങ്കടത്തെ ഉണ്ടാക്കുന്നതാണ്. ഇങ്ങനെ മററുചില പാത്രങ്ങളെപ്പററിയും പറയാനുണ്ടെങ്കിലും വിസ്തരഭയംകൊണ്ട് അതിനു ഒരുങ്ങുന്നില്ല. "ബങ്കിമചന്ദ്രൻെറ കഥാപാത്രങ്ങൾ ലൗകികങ്ങളായ സുഖദുഃഖാദികളേയും സൽഗുണദുൎഗ്ഗുണാദികളേയും സ്പൎശിച്ച് ലോകത്തിൻെറ പ്രതിച്ഛായകളായിത്തീൎന്നിട്ടുണ്ടെങ്കിലും അവയെ പ്രായേണ ആദൎശീകരിച്ച് ആനന്ദമയങ്ങളാക്കിത്തീൎത്തിട്ടുള്ളവയാണ്. തന്നിമിത്തം വിനോദത്തിനും വിചാരത്തിനും ഉതകുന്ന ആ പാത്രങ്ങൾ നമുക്ക് വിലയേറിയ ഉപദേശത്തിനും വിശിഷ്ടമായ ആദൎശത്തിനും നിദാനങ്ങളായിത്തീരുന്നു" എന്നു ഒരു വിമൎശകൻ അഭിപ്രായപ്പെട്ടിട്ടുള്ളതു് എത്രയും യഥാൎത്ഥമാകുന്നു.

പരിഭാഷകൻ ഒരു യുവകവിയും ഗദ്യകാരനുമായ ശ്രീമാൻ രാമചന്ദ്ര ശൎമ്മയാണ്. തൎജ്ജിമ നന്നായിട്ടുണ്ടെന്നാണ് ഞങ്ങളുടെ അഭിപ്രായയം. ഭാഷ ലളിതമെന്നോ കഠിനമെന്നോ പറഞ്ഞുകൂടാ. ചില വൎണ്ണനകൾ പ്രൌഢങ്ങളായിരിക്കുന്നു. സംസ്കൃതപദങ്ങളും ധാരാളമുണ്ട്. ഭാഷക്ക് ആകപ്പാടെ ഐകരൂപ്യമുണ്ടോ എന്നു സംശയിക്കുന്നു. ചില അച്ചടിപ്പിശകുകളും കടന്നുകൂടിയിട്ടുണ്ട്.

പടം (ചിത്രം), ഭൎത്താവാകുവാൻ പോകുന്നവൻെറ (നിന്നെ കല്യാണംകഴിക്കാൻപോകുന്ന മണവാളച്ചെക്കൻെറ), മണ്ണു കപ്പി (വശംകെട്ടു) വേണ്ടതുണ്ടു (ധാരാളമുണ്ടു) പ്രശംസിച്ചു (കൊണ്ടാടി) വിളറി (വാടി) എന്നിങ്ങനെ ഈ ആഖ്യായികയിൽ അൎത്ഥംകൊടുത്തിട്ടുള്ളതിൻെറ ഔചിത്യം മനസ്സിലാകുന്നില്ല.

ആകപ്പാടെ നോക്കുകയാണെങ്കിൽ ഇതു് എല്ലാവരും വായിച്ചു നോക്കേണ്ട ഒരു ആഖ്യായികയാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. ദ

ഷ് പാത്രങ്ങളും നീചപ്രവൃത്തികളും ഈ ആഖ്യായികയിൽ ഉണ്ടെങ്കിലും അവയൊന്നും വായനക്കാരുടെ മനസ്സിനെ മലീമസമാക്കുന്നതല്ല. പ്രത്യുത ആത്മശുദ്ധിയെ ഉണ്ടാക്കുന്നതാണ്.

# കുറിപ്പുകൾ.

## ഡയറക്ടർ ആയിരുന്ന മി: രങ്കസ്വാമിഅയ്യങ്കാർ.

ഏകദേശം രണ്ടുകൊല്ലത്തോളമായി എഡ്യൂക്കേഷൻ ഡയറക്ടരായിരുന്ന റാവുബഹദൂർ രങ്കസ്വാമി അയ്യങ്കാർ അവർകളെ തിരിയെ തന്റെ പഴയ ജോലിയായ ആർട്ട്സ് കാളേജു പ്രിൻസിപ്പാൾ ആയി നിയമിക്കുകയും അതനുസരിച്ച് അദ്ദേഹം ചാർജ്ജു ഏല്ക്കുകയും ചെയ്തിരിക്കുന്നു. മി. അയ്യങ്കാരെ സംബന്ധിച്ചു കുറെ മുൻപെ ഞങ്ങൾ ഒരു ചെറിയ കുറിപ്പ് ഈ പംക്തികളിൽ ചേർത്തിരുന്നു. അതിൽ പിന്നീടുള്ള അദ്ദേഹത്തിന്റെ ഉദ്യോഗജീവിതം നോക്കുന്നതായാൽ ഈ തകിടംമറിച്ചിലിനു കാരണം അത്ര സുവ്യക്തമായിരിക്കുന്നില്ല. പലേ സ്തുത്യർഹങ്ങളായ ഗുണങ്ങൾക്കു പുറമെ മനുഷ്യസാധാരണങ്ങളായ ചില ദോഷങ്ങളും അദ്ദേഹത്തിനുണ്ടായിരിക്കാം. അദ്ദേഹത്തിന്റെ ഊർജ്ജസ്വലവും കർശനവുമായ ചില നടപടികളും അന്തസ്സാരവിഹീനവും വെറും നേരംപോക്കിനു മാത്രം ഉതകുന്നതും കടിഞ്ഞാണില്ലാത്തതുമായ ചില വാക്ശല്യങ്ങളും പലരേയും മുഷിപ്പിച്ചിരിക്കാം. തന്റെ കൂടെ ജോലിചെയ്യേണ്ടവരും, തന്റെ കീഴിലുള്ളവരുമായ പലരും മി അയ്യങ്കാർക്കു ശത്രുക്കളായിത്തീർന്നതിനാലും മററും തന്റെ ഭരണഗതിക്കു മാന്ദ്യം സംഭവിച്ചിരിക്കാം. ഇതിനെല്ലാത്തിനും ഉപരിയായി ഭരണാധികാരികളുടെ കേന്ദ്രത്തിലും ഒരു ഉപജാപകസംഘം മി. അയ്യങ്കാർക്കു പ്രതികൂലശക്തിയായി പ്രവൃത്തിച്ചിരിക്കാം. എന്നാൽ ഇതെല്ലാം ഈ പ്രതിലോമനയത്തിന് സംഗതിയാക്കിത്തീർത്തുവെന്നല്ലാതെ ഇവയൊന്നും ഈ സ്ഥാനാവരോഹണത്തിനു പര്യാപ്തങ്ങളായ കാരണങ്ങളല്ല. ഇദ്ദേഹത്തിന് എന്തെങ്കിലും ചില വൈകല്യങ്ങൾ ഉണ്ടെങ്കിൽ ഗവമ്മെന്റ് അതെല്ലാം നല്ലവണ്ണം നിയന്ത്രിച്ച് ശരിയാക്കി മി അയ്യങ്കാരെ തന്നെ ഡയറക്ടരായി വച്ചുകൊണ്ടിരിക്കാമായിരുന്നു എന്നാണ് ഞങ്ങൾക്കു തോന്നുന്നത്. ഡയറക്ടർ എപ്പോഴും അദ്ദേഹത്തിന്റെ അപ്പീസ്സുമുറിയിൽ തന്നെ ഇരിക്കേണ്ട ഒരു ഉദ്യോഗസ്ഥനാണെന്നു വിചാരിക്കുന്ന ചിലരുണ്ട്. മി അയ്യങ്കാർ ഡയറക്ടരായ ഉടൻതന്നെ ചില വിദ്യാലയങ്ങൾ പരിശോധിക്കുകയും അവിടത്തെ ചില അഴിമതികൾ കണ്ടുപിടിച്ച് തക്കതായ ശിക്ഷകൾ നല്കുകയും ചെയ്തു. അതോടുകൂടി മന്ദഗതിയിൽക്കിടന്നിരുന്ന തിരുവിതാംകൂറിലെ വിദ്യാലയങ്ങളിൽ-പ്രത്യേകിച്ചു മലയാളപാഠശാലകളിൽ-ഒരു ഉണർച്ചയുണ്ടായി. മി. അയ്യങ്കാരുടെ കൃത്യനിഷ്ഠയേയും നിർമ്മലഹൃദയത്തേയും സത്യസന്ധതയേയും പാണ്ഡിത്യത്തേയും ഞങ്ങൾ അഭിനന്ദിക്കുന്നതോടുകൂടി അദ്ദേഹത്തിന്റെ നയവിലോപത്തെ ആക്ഷേപിക്കുകയും ചെയ്യുന്നു ഈ രാജ്യത്തിന് ഞങ്ങൾ മി. അയ്യങ്കിരിൽനിന്നും പല നന്മകളും ആശിച്ചിരുന്നു. ഏതായാലും ഇവിടത്തെ പരിസരസ്ഥിതിയെപ്പററിയും, മി. അയ്യങ്കാർ ഇപ്പോൾ തന്നെപ്പററിയും കൂടുതൽ പഠിച്ചിരിക്കുമെന്നു വിശ്വസിക്കുകയും അദ്ദേഹത്തിന് ഇതിലും ഉപരിയായ ഒരു ഭാവിയെ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

## പുതിയ ഡയറക്ടർ

### മിസ്റ്റർ മാക്ക് ആൽപെയിൻ.

മൈസൂർ സർവീസിലിരുന്ന മിസ്റ്റർ മാക്ക് ആൽപെയിനെ ഇവിടത്തെ വിദ്യാഭ്യാസ ഡയറക്ടരായി നിയമിക്കുകയും അദ്ദേഹം ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരിക്കുന്നു. ഇദ്ദേഹത്തിന് പിടിപ്പതു ശമ്പളവും മററു അസാധാരണ സൗജന്യങ്ങളും അനുവദിച്ചിട്ടുണ്ടെന്നറിയുന്നു. സമർത്ഥനായ ഇദ്ദേഹത്തിന് ഭാവിമംഗളങ്ങൾ ഉണ്ടാകുമാറാകട്ടെ.

## DO YOU KNOW
## THAT

# The "Indian Educator"

is high class illustrated monthly of literary, scientific and educational interest.

It contains a choice variety of articles on all topics of interest and importance, contributed by men and women of eminent scholarships and high academic attainments.

It has got Subscribers in all parts of the world, and is becoming increasingly popular.

It reaches all classes of people, in all walks of life.

It is controlled by an highly influential and capable Editorial Board.

It is the best medium for Reviews of books for, "**THE INDIAN EDUCATOR**" goes to all educational institutions, clubs, libraries and Reading Rooms.

It the best and cheapest medium for Advertisements.

Therefore subscribe to and Advertise in

THE "INDIAN EDUCATOR"

Managing Editor:— Mr. Aravamuda Aiyengar B. A. L. T.
Representative— Mr. K. P. Padmanabhan Thampi

| | | |
|---|---|---|
| Subrcription Rates | India | Rs. 2 |
| | America | $ 1 |
| | Europe | Sh. 4 |

For Further particulars please apply to;

Mr. K. P. Padmanabhan Thampi,
Representative "The Indian Educator"
"New Lodge," Chettikulangara,
Trivandrum Post, Travancore State. S. INDIA

---

## ഈശ്വരവിലാസം പുസ്തകശാല
## പറവൂർ.

ഇവിടെ ഉള്ളൂർ, വള്ളത്തോൾ, കുമാരനാശാൻ, ഈശ്വരപിള്ള, അപ്പൻതമ്പുരാൻ മുതലായ സാഹിത്യകാരന്മാരുടെ കൃതികൾ വില്പാനുണ്ടു്. കൂടാതെ, വൈദ്യം, ജ്യോതിഷം, വേദാന്തം, മുതലായ വിഷയങ്ങളെ സംബന്ധിച്ചുള്ള പുസ്തകങ്ങളും പലതരം നോവലുകളും കിട്ടുന്നതാണ്.

മാനേജർ
ഈശ്വരവിലാസംപുസ്തകശാല
(൯) പറവൂർ.